/samakalikajanapadham/ /prd.kerala.gov.in/publications
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് | കേരള സർക്കാർ
₹12

# സമകാലിക ജനപഥം

2024 ഒക്ടോബർ പുസ്തകം 11 ലക്കം 3




# ഇത് പുതിയ കേരളം



വൃത്തിയുള്ള നവകേരളത്തിനായി കൈകോർക്കാം



# നാം മുന്നോട്ട്

| ടി വി ചാനൽ | സംപ്രേഷണ സമയം |
|---|---|
| ഏഷ്യാനെറ്റ് ന്യൂസ് | ഞായർ 6.30 PM |
| മാതൃഭൂമി ന്യൂസ് | ഞായർ 8.30 PM 9.00 |
| കൈരളി | ശനി 12.30 AM repeat ശനി 6.30 AM |
| കൈരളി ന്യൂസ് | ഞായർ 9.30 AM repeat ബുധൻ 3.30 AM |
| മീഡിയ വൺ | ഞായർ 7.30 PM 8.00 |
| കൗമുദി ടിവി | ശനി 8.00 PM 8.24 |
| 24 ന്യൂസ് | ഞായർ 5.30 PM 6.00 repeat 1 AM-1.30 AM |
| ജീവൻ | ഞായർ 7.00 PM 7.24 PM |
| ജയ്ഹിന്ദ് | ബുധൻ 8.00 8.30 PM |
| റിപ്പോർട്ടർ | ഞായർ 6.30 PM 7.00 PM |
| ദൂരദർശൻ | ഞായർ 7.30 PM repeat തിങ്കൾ 9.30 PM |
| ന്യൂസ് 18 | ഞായർ 8.30 PM 9.00 PM |
| കേരള വിഷൻ | തിങ്കൾ 6.30 PM 7.00 PM |

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

# സമകാലിക ജനപഥം

2024 ഒക്ടോബർ 1 • പുസ്തകം 11 • ലക്കം 3

**എഡിറ്റർ** ടി.വി. സുഭാഷ് ഐ എ എസ് **അഡീഷണൽ എഡിറ്റർ** സലിൻ മാങ്കുഴി
**ഡപ്യൂട്ടി എഡിറ്റർ** കെ.പി. സരിത **എഡിറ്റർ-ഇൻ-ചാർജ്** കെ.എസ്. ഇന്ദുശേഖർ
**അസിസ്റ്റന്റ് എഡിറ്റർ** ദസ്നി എം.എച്ച് **സർക്കുലേഷൻ ഓഫീസർ** മെർലിൻ ജെ.എൻ
**കവർ & ലേഔട്ട്** രതീഷ് കുമാർ (ഡിജിട്രോ) **ടൈപ്പ് സെറ്റിങ്ങ്** വിനിത വി.എസ്

എഡിറ്റോറിയൽ »

## വ്യവസായകേരളം മാറിക്കഴിഞ്ഞു



കേരളത്തിന്റെ വ്യവസായാന്തരീക്ഷത്തെക്കുറിച്ച് വർഷങ്ങളായി നിലനിന്ന പല ആക്ഷേപങ്ങളും മുൻവിധികളും തിരുത്തിയെഴുതപ്പെടുന്ന കാലമാണിത്. അനാവശ്യ പണിമുടക്കും നോക്കുകൂലിയുമൊക്കെ ഉയർത്തിക്കാട്ടിയാണ് പലരും കേരളത്തെ വ്യവസായ സൗഹൃദമല്ലെന്ന് വിലയിരുത്തിയിരുന്നത്. തെറ്റായ ഇത്തരം പ്രചാരണങ്ങളെ കേരളത്തിന്റെ വ്യവസായ മുന്നേറ്റത്തിനായി ഇച്ഛാശക്തിയോടെ നടത്തിവരുന്ന പ്രവർത്തനങ്ങളും ദീർഘവീക്ഷണത്തോടെ സ്വീകരിച്ചുവരുന്ന നയസമീപനങ്ങളും കൊണ്ടാണ് സംസ്ഥാന സർക്കാർ പ്രതിരോധിച്ചത്. കഴിഞ്ഞ എട്ട് വർഷമായി കേരളം കൈക്കൊള്ളുന്ന പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ് വ്യവസായ സൗഹൃദാന്തരീക്ഷമുള്ള സംസ്ഥാനങ്ങളുടെ ദേശീയ റാങ്കിങ്ങിൽ ലഭിച്ച ഒന്നാം സ്ഥാനം.

തിരുവനന്തപുരത്ത് നടന്ന അന്തർദേശീയ ബയോ കണക്ട് കോൺക്ളേവിൽ പങ്കെടുത്തു കൊണ്ട് പദ്മഭൂഷൺ ഡോ.കൃഷ്ണ എല്ലെ പറഞ്ഞ വാക്കുകൾ സംരംഭക ലോകത്ത് മാറിയ ധാരണകൾക്കുള്ള സാക്ഷ്യമാണ്. കേരളത്തിൽ ഒരു പദ്ധതി തുടങ്ങാൻ ശ്രമിച്ചപ്പോൾ പലരും പിന്തിരിപ്പിക്കാൻ ശ്രമിച്ചെങ്കിലും അപേക്ഷിച്ച് ഒൻപതാം ദിവസം അനുമതിയായ അനുഭവമാണ് അദ്ദേഹത്തിനു പറയാനുണ്ടായിരുന്നത്. വ്യവസായങ്ങൾക്ക് ഏറ്റവും അനുയോജ്യമായ സംസ്ഥാനമാണ് കേരളമെന്നും അദ്ദേഹം പറഞ്ഞു. ഏകജാലക സംവിധാനവും സംരംഭകരുടെ പരാതികൾ അതിവേഗം പരിഹരിക്കുന്നതിനുള്ള സംവിധാനവും പോലെ നിരവധി നടപടികളിലൂടെ വ്യവസായ-നിക്ഷേപക ലോകത്തിന്റെ വിശ്വാസം ആർജിക്കുവാൻ സംസ്ഥാനത്തിനായി. സംരംഭകവർഷം പദ്ധതിയിലൂടെ ചെറുകിട വ്യവസായമേഖലയ്ക്കും വലിയ ഉണർവ് പകർന്നു. 22 മുൻഗണനാമേഖലകൾ തയ്യാറാക്കി, ഈ സർക്കാർ കൊണ്ടുവന്ന വ്യവസായനയവും ഏറെ വ്യവസായ സൗഹൃദമായാണ് വിഭാവനം ചെയ്തിരിക്കുന്നത്. വ്യവസായ മേഖലയിലെ കേരളത്തിന്റെ ആത്മവിശ്വാസത്തോടെയുള്ള മുന്നേറ്റമാണ് ഈ ലക്കം കവർസ്റ്റോറി.

സമ്പൂർണ്ണ മാലിന്യമുക്ത സംസ്ഥാനം എന്ന ലക്ഷ്യത്തിനായുള്ള പ്രയത്നത്തിലാണ് സംസ്ഥാനം. രാജ്യത്തിനാകെ മാതൃകയാകത്തക്കവിധം ഈ നേട്ടം കൈവരിക്കുന്നതിനായുള്ള ജനകീയ ക്യാമ്പെയിന് ഗാന്ധിജയന്തി ദിനത്തിൽ കേരളം തുടക്കം കുറിച്ചിരിക്കുകയാണ്. ബഹു.മുഖ്യമന്ത്രി ആഹ്വാനം ചെയ്യുന്നതുപോലെ ഈ ലക്ഷ്യസാഫല്യത്തിനായുള്ള പ്രവർത്തനങ്ങളിൽ നമുക്ക് ഏവർക്കും കൈകോർക്കാം.

**ടി.വി.സുഭാഷ് ഐ.എ.എസ്**
**എഡിറ്റർ**

2024 OCTOBER 1 VOLUME 11 ISSUE 3 E-MAIL : prdmalayalam@gmail.com WEBSITE : www.prd.kerala.gov.in

**പ്രതികരണങ്ങൾ അയക്കേണ്ട വിലാസം**
എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
ഇമെയിൽ prdmalayalam@gmail.com
ഫോൺ 0471 2518171

**വരിക്കാരാകാൻ 120 രൂപയുടെ മണി ഓർഡർ**
ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ്
വകുപ്പ്, എഡിറ്റോറിയൽ വിഭാഗം, ഒന്നാം നില,
സെക്രട്ടേറിയറ്റ് അനക്സ്-1, തിരുവനന്തപുരം-1
ഫോൺ 0471 2517036
ഇമെയിൽ iocirculation@gmail.com

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും

/samakalikajanapadham/ /prd.kerala.gov.in/publications

ഇന്ത്യയിൽ നിരവധി മാതൃകകൾ സൃഷ്ടിച്ചവരാണ് കേരളീയർ. അവയിൽ ചിലത് ലോകത്തിനു തന്നെ മാതൃകയായിട്ടുമുണ്ട്. മാലിന്യമുക്തം നവകേരളം എന്ന ക്യാമ്പയിനിലൂടെ മറ്റൊരു മാതൃക കൂടി മുന്നോട്ടുവയ്ക്കാനുള്ള തീവ്രയജ്ഞത്തിലാണ് നാമിപ്പോൾ. ഹരിതകേരള മിഷൻ മുഖേന മാലിന്യനിർമ്മാർജനത്തിനായി ഒരു ജനകീയ ക്യാമ്പയിന് സംസ്ഥാനം തുടക്കം കുറിച്ചിരിക്കുന്നു




6 **വൃത്തിയുള്ള നവകേരളത്തിനായി കൈകോർക്കാം**
പിണറായി വിജയൻ

10 **വെള്ളാനകൾ പഴങ്കഥ ഇത് പുതിയ കേരളം**
പി. രാജീവ്

16 **പ്രതിജ്ഞാബദ്ധതയുടെ സന്ദേശം**
സി. ബാലഗോപാൽ

20 **ഇത് മാറ്റത്തിന്റെ കേരളം**
ഡോ. എം. ഐ. സഹദുള്ള

22 **സർക്കാരിന്റെ നിശ്ചയദാർഢ്യത്തിന്റെ ഫലം**
എ. നിസാറുദ്ദീൻ

23 **പരിസ്ഥിതിബോധമുള്ള നിക്ഷേപകർക്ക് കേരളം ആകർഷകം**
അജു ജേക്കബ്

24 **മാറ്റം കൊണ്ടുവന്ന ഏകജാലകം**
സി. ജെ. ജോർജ്

26 **വ്യാവസായിക ഉണർവിന്റെ ഇടനാഴി**
സന്തോഷ് കോശി തോമസ്

30 **യുവസംരംഭകർക്ക് ഒരു വേദി**
അനൂപ് അംബിക







32 മികച്ച ഭക്ഷണം
സുരക്ഷയോടെ
ഡോ.കെ. കെ. അബ്ദുൾ റഷീദ്





36 ചേർത്തുപിടിക്കലിന്റെ
പാഠശാല
നിർമാല്യ ടി. സുന്ദർ






40 മില്ലറ്റ് കഫെ
ഒരു ആരോഗ്യ
പത്തായം
അഞ്ജന വേണു






43 കൂടുതൽ സ്മാർട്ടായി
റവന്യു
സ്റ്റാഫ് റിപ്പോർട്ടർ






44 കോട്ടയ്ക്കൽ
പെരുമ വീണ്ടും
ജാസിം അഹമ്മദ്. ടി.കെ


46 പ്രകൃതിയും
സുഹൃത്താണ്
സി. റഹിം





48 അരുണയുഗത്തിന്റെ
കവി
ഡോ. ഉഷ ആർ.ബി





50 ആനപ്രേമികൾക്ക്
ആനന്ദമായി കോട്ടൂർ




പിണറായി വിജയൻ
മുഖ്യമന്ത്രി

> ശുചിത്വവും മാലിന്യ സംസ്കരണവും ലക്ഷ്യമിട്ടിട്ടുള്ള പ്രവർത്തനങ്ങളിലും ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് വലിയ പ്രാധാന്യമാണ് നൽകുന്നത്. മാലിന്യമുക്ത നവകേരളം എന്ന ജനകീയ ക്യാമ്പയിനിന്റെ കേന്ദ്രബിന്ദുവും അതുതന്നെയാണ്.

# വൃത്തിയുള്ള നവകേരളത്തിനായി കൈകോർക്കാം



വൃത്തിയുള്ള വീടും പരിസരവും നാടും മറ്റും ഒരു പരിഷ്കൃത സമൂഹത്തിന്റെ അടയാളവും സംസ്കാരവുമായാണ് നാം കാണുന്നത്. എന്നാൽ കേരളീയർ വ്യക്തിശുചിത്വത്തിൽ കാണിക്കുന്ന ശുഷ്കാന്തി സാമൂഹിക ശുചിത്വത്തിൽ കാണിക്കുന്നില്ല. പൊതുസ്ഥലങ്ങളിലും സ്ഥാപനങ്ങളിലും മാലിന്യം കാണപ്പെടുന്നതിന്റെ കാരണങ്ങളിലൊന്നാണിത്. വ്യക്തികളുടെ സ്വഭാവങ്ങളിലും ശീലങ്ങളിലും വേണ്ട മാറ്റം വരുത്തി ഈ പ്രശ്നം പരിഹരിക്കണം. ജനങ്ങൾക്കായി ജനങ്ങൾ എന്നു പറയുന്നതുപോലെ പൊതുമാലിന്യ പ്രശ്നപരിഹാരം പൊതുസമൂഹത്തിലൂടെ എന്നതാണ് ഈ ക്യാമ്പയിനിലൂടെ നാം മുന്നോട്ടുവെക്കുന്നത്.

ശുചിത്വം, മാലിന്യസംസ്കരണം എന്നിവ വായു, ജലം, ഭക്ഷണം, ആരോഗ്യം എന്നിങ്ങനെയുള്ള മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. നമ്മുടെ ജലാശയങ്ങളും നീർച്ചാലുകളും പുഴകളും വൃത്തിയാക്കി സംരക്ഷിക്കേണ്ടതുണ്ട്. ശരിയായ മാലിന്യ സംസ്കരണം സാധ്യമല്ലാതെ വരുമ്പോൾ ഭൂഗർഭജലം പോലും മലിനമാകുമെന്നും ഇത് ശുദ്ധജലത്തിന്റെ ലഭ്യത ഇല്ലാതാക്കി രോഗവ്യാപനത്തിന് കാരണമാകുമെന്നും തിരിച്ചറിയണം. ശാസ്ത്രീയ മാലിന്യ സംസ്കരണ മാർഗങ്ങൾ അവലംബിക്കുന്നതിലൂടെ മാത്രമേ മാലിന്യം സൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നങ്ങൾ ഇല്ലാതാക്കാനാവൂ.

ശുചിത്വവും മാലിന്യ സംസ്കരണവും മുൻനിർത്തിയുള്ള വിവിധ പ്രവർത്തനങ്ങളിലൂടെ നാം ഏറെ മുന്നേറിയിട്ടുണ്ടെങ്കിലും സമ്പൂർണ്ണ മാലിന്യമുക്ത സംസ്ഥാനം എന്ന ലക്ഷ്യം കൈവരിക്കാൻ ഇതുവരെ നമുക്കു കഴിഞ്ഞിട്ടില്ല. ആ ലക്ഷ്യസാക്ഷാത്ക്കാരത്തിനായി ബോധവൽക്കരണം,, ശീലവത്ക്കരണം, അടിസ്ഥാനസൗകര്യം, ജനകീയപങ്കാളിത്തം തുടങ്ങിയ വിവിധ ഘടകങ്ങളുള്ള ബൃഹദ് ക്യാമ്പയിനാണ് ലക്ഷ്യമിടുന്നത്. സമ്പൂർണ്ണ സാക്ഷരത, ജനകീയാസൂത്രണം, പൊതുവിദ്യാഭ്യാസ സംരക്ഷണം, ഹരിത കേരളം തുടങ്ങിയവയിലെല്ലാം ജനകീയ പങ്കാളിത്തം സുപ്രധാന ചാലകശക്തിയായിരുന്നു. അതുകൊണ്ടുതന്നെ ശുചിത്വവും മാലിന്യ സംസ്കരണവും ലക്ഷ്യമിട്ടിട്ടുള്ള പ്രവർത്തനങ്ങളിലും ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് വലിയ പ്രാധാന്യമാണ് നൽകുന്നത്. മാലിന്യമുക്ത നവകേരളം എന്ന ജനകീയ ക്യാമ്പയിനിന്റെ കേന്ദ്രബിന്ദുവും അതുതന്നെയാണ്. സകല ജനവിഭാഗങ്ങളെയും അണിനിരത്തി, ചിട്ടയോടെയും കൃത്യമായ ആസൂത്രണത്തോടെയും മാലിന്യമുക്ത നവകേരളമെന്ന ലക്ഷ്യം സമയ

**സുസ്ഥിരവും പ്രകൃതിസൗഹൃദപരവും അതിജീവന ശേഷിയുള്ളതുമായ നവകേരളത്തിന്റെ മുഖമുദ്രകളായി ശുചിത്വവും മാലിന്യസംസ്കരണവും മാറണം**

ബന്ധിതമായി നേടിയെടുക്കാനാണ് ഈ ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്.

ഹരിതകേരളം മിഷൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, ശുചിത്വ മിഷൻ, കേരള ഖരമാലിന്യ നിർമ്മാർജന പദ്ധതി, മലിനീകരണനിയന്ത്രണ ബോർഡ്, കുടുംബശ്രീ, തുടങ്ങിയവയെല്ലാം ഈ യജ്ഞത്തിൽ പങ്കാളികളാണ്. കർശനനിരീക്ഷണം, ബോധവൽക്കരണം, പ്രകൃതി സൗഹൃദ ഉൽപന്നങ്ങൾ പ്രോത്സാഹിപ്പിക്കൽ, ഹരിത വിദ്യാലയങ്ങൾ, ഹരിത ഓഫീസുകൾ, ഹരിതസ്ഥാപനങ്ങൾ, ഹരിത അയൽക്കൂട്ടങ്ങൾ, ഹരിത ടൂറിസം, വൃത്തിയുള്ള പൊതുസ്ഥലങ്ങളും മാർക്കറ്റുകളും, മാലിന്യമുക്തമായ നീർച്ചാലുകൾ തുടങ്ങി ഒട്ടേറെ ഘടകങ്ങൾ ഈ ക്യാമ്പയിനിൽ ഉൾപ്പെടുന്നുണ്ട്. ശുചിത്വ കേരളം, സുസ്ഥിര കേരളം എന്ന ലക്ഷ്യത്തിലേക്ക് എത്താനായി കേരളീയർ ഒന്നാകെ ഈ ജനകീയ ക്യാമ്പയിനിൽ അണിനിരക്കുകയാണ്.

മാലിന്യ സംസ്കരണത്തിനായി സൃഷ്ടിക്കുന്ന പൊതു ഭൗതികസൗകര്യങ്ങൾ ഫലപ്രദമായി പ്രവർത്തിപ്പിക്കാനുള്ള പിന്തുണ പൊതുസമൂഹം നൽകണം. സാങ്കേതിക മികവുള്ളതും പാരിസ്ഥിതികമായി പ്രശ്നങ്ങൾ സൃഷ്ടിക്കാത്തതുമായ മാലിന്യ സംസ്കരണ യൂണിറ്റുകളായ കമ്മ്യൂണിറ്റി കമ്പോസ്റ്റ്, കമ്മ്യൂണിറ്റി ബയോഗ്യാസ്, എം സി എഫ്, മിനി എം സി എഫ്, കക്കൂസ് മാലിന്യ സംസ്കരണ യൂണിറ്റ് എന്നിവയ്ക്കെതിരെ ചിലയിടങ്ങളിൽ തടസ്സങ്ങൾ ഉണ്ടാകുന്നുണ്ട്. ഇത്തരം തടസ്സങ്ങൾ സൃഷ്ടിക്കപ്പെടുന്നതിന്റെ കാരണം ബോധവൽക്കരണത്തിന്റെ അഭാവമാണ്. ഇതിനെക്കുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്താനും തെറ്റിദ്ധാരണയകറ്റാനും മുൻകൈ എടുക്കുകയാണ്. ഇത്തരം യൂണിറ്റുകൾക്കെതിരെയല്ല, മറിച്ച്, മാലിന്യം ജലാശയങ്ങളിലേക്കും പൊതു ഇടങ്ങളിലേക്കും വലിച്ചെറിഞ്ഞു മാലിന്യക്കൂനകൾ സൃഷ്ടിക്കുന്നതിന് എതിരെയാണ് എതിർപ്പും പ്രതിഷേധവുമുണ്ടാകേണ്ടത്. അത്തരമൊരു ബോധ്യത്തിലേക്ക് പൊതുസമൂഹമാകെ ഉണരേണ്ടതുണ്ട്.

2016 ൽ നിലവിൽവന്ന ഖരമാലിന്യ പരിപാലനചട്ട പ്രകാരം, മാലിന്യം സൃഷ്ടിക്കുകയോ അവശേഷിപ്പിക്കുകയോ ചെയ്യുന്നവർക്ക് അത് സംസ്കരിക്കാൻ ഉള്ള ചുമതലയുണ്ട്. അതായത് നമുക്കെല്ലാവർക്കും, പൊതുസമൂഹത്തിനാകെ, മാലിന്യം സംസ്കരിക്കുന്നതിനുള്ള ഉത്തരവാദിത്വമുണ്ട്. ചട്ടപ്രകാരം മാലിന്യസംസ്കരണം നടത്താത്തവർക്ക് പിഴ ചുമത്താനും അവർക്കെതിരെ നിയമനടപടി സ്വീകരിക്കാനുമുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ട്. അതുകൊണ്ടുതന്നെ ഇത്തരം നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കുന്നതിൽ പൊതുസമൂഹമാകെ ജാഗ്രത കാട്ടണം.

അതിവേഗം നഗരവത്ക്കരിക്കപ്പെടുന്ന സംസ്ഥാനമാണ് കേരളം. 2035 ഓടെ കേരളത്തിലെ ജനസംഖ്യയുടെ 90 ശതമാനവും നഗരജനസംഖ്യയായി മാറുമെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. ഈ സാഹചര്യത്തിൽ മാലിന്യസംസ്കരണം എന്നത് നാം വളരെ ഗൗരവത്തോടെ ഏറ്റെടുക്കണം. സുസ്ഥിരവും പ്രകൃതി സൗഹൃദപരവും അതിജീവന ശേഷിയുള്ളതുമായ നവകേരളത്തിന്റെ മുഖമുദ്രകളായി ശുചിത്വവും മാലിന്യസംസ്കരണവും മാറണം. പെട്ടെന്നൊരു ദിവസം കൊണ്ട് സാധ്യമാക്കാവുന്നതല്ല ഇത്. മറിച്ച് തുടർന്നു കൊണ്ടേയിരിക്കേണ്ട പ്രവർത്തനമാണിത്. അതുകൊണ്ടുതന്നെ മാലിന്യസംസ്കരണത്തിൽ എല്ലായ്പ്പോഴും ജനകീയ പങ്കാളിത്തം ഉണ്ടാകണം. അത് ഉറപ്പാക്കാൻ പൊതുസമൂഹമാകെ മുന്നോട്ടുവരികയും വേണം. മാലിന്യസംസ്കരണം പൗരധർമ്മമായി ഏറ്റെടുക്കുന്ന സംസ്കാരം നമ്മുടെ നാട്ടിൽ വളർന്നുവരണം. അതിനായി നടത്തുന്ന പ്രവർത്തനങ്ങളിൽ നമുക്ക് ഏവർക്കും കൈകോർക്കാം.■



മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പെയിനിന്റെ സംസ്ഥാനതല ഉദ്ഘാടനം കൊട്ടാരക്കരയിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു

# കേരളത്തിന് കരുത്തേകുന്ന നേട്ടം



സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി ഏർപ്പെടുത്തിയ ഇളവുകളും നയംമാറ്റങ്ങളും നടപടിക്രമ ലഘൂകരണവുമെല്ലാം മികവിലേക്ക് കുതിക്കാൻ കേരളത്തിന് കരുത്ത് പകർന്നു





കേരളത്തിലെ വ്യവസായരംഗത്തെ സംബന്ധിച്ച് കാലങ്ങളായി നിലനിന്ന ധാരണകളെ തിരുത്തിക്കുറിക്കുന്നതും നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്ന വ്യാജപ്രചാരണങ്ങളുടെ മുനയൊടിക്കുന്നതുമായ നേട്ടമാണ് വ്യവസായ സൗഹൃദാന്തരീക്ഷമുള്ള സംസ്ഥാനങ്ങളുടെ ദേശീയ റാങ്കിങ്ങിൽ ഒന്നാംസ്ഥാനമെന്ന ബഹുമതി. വ്യവസായപരിഷ്കാരവുമായി ബന്ധപ്പെട്ട വ്യത്യസ്തമേഖലകളിൽ സംസ്ഥാനങ്ങളെ വേർതിരിച്ചു വിലയിരുത്തുന്ന വിധമാണ കേന്ദ്രസർക്കാർ ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് ഇൻഡക്സ് തയ്യാറാക്കുന്നത്. ബിസിനസ് കേന്ദ്രിതമായ രണ്ടെണ്ണത്തിലും പൗരകേന്ദ്രിതമായ ഏഴെണ്ണത്തിലും ഉൾപ്പെടെ ഒൻപതു മേഖലകളിൽ നേട്ടം കൊയ്തു കേരളം നികുതി അടയ്ക്കലിലെ പരിഷ്കാരങ്ങളും യൂട്ടിലിറ്റി പെർമിറ്റുകൾ അനുവദിക്കലും കാര്യക്ഷമമമായി നടപ്പാക്കി. ഓൺലൈൻ ഏകജാലക സംവിധാനം, പൊതുവിതരണം, ഗതാഗതം തുടങ്ങി ഒൻപത് പൗരകേന്ദ്രിത മേഖലകളിൽ ഒന്നാം സ്ഥാനം നേടി. സംരംഭകരുടെ അനുകൂലാഭിപ്രായം സ്വന്തമാക്കിയ സംസ്ഥാനം എല്ലാ മേഖലകളിലും സംരംഭകരെ ആകർഷിച്ചു.

സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി ഏർപ്പെടുത്തിയ ഇളവുകളും നയംമാറ്റങ്ങളും നടപടിക്രമലഘൂകരണവുമെല്ലാം മികവിലേക്ക് കുതിയ്ക്കാൻ കേരളത്തിന് കരുത്ത് പകർന്നു.

സംരംഭക വർഷം പദ്ധതിയിലൂടെ ദേശീയതലത്തിൽ ബെസ്റ്റ് പ്രാക്ടീസ് അംഗീകാരം  നേടിയ കേരളം 16,000 കോടിയുടെ നിക്ഷേപവും അഞ്ചരലക്ഷം തൊഴിലവസരവുമാണ് സൃഷ്ടിച്ചത്. മീറ്റ് ദി ഇൻവെസ്റ്റർ പദ്ധതി വഴി 11,000 കോടിയുടെ നിക്ഷേപം നേടിയെടുത്തു . 1000 കോടി രൂപയുടെ നിക്ഷേപവും 3000 തൊഴിലും പ്രതീക്ഷിക്കുന്ന മെഗാഫുഡ് പാർക്ക് പ്രവർത്തനമാരംഭിച്ചു. സ്പൈസസ് പാർക്കിന്റെ നിർമ്മാണം തുടങ്ങി. 1200 കോടിയുടെ പെട്രോകെമിക്കൽ പാർക്കും കേരളത്തിൽ ഉടൻ യാഥാർഥ്യമാകുകയാണ്. കേരളം പ്രതീക്ഷയോടെ കാണുന്ന സുപ്രധാനപദ്ധതിയാണ് കൊച്ചി ബംഗളൂരു വ്യവസായ ഇടനാഴി. പദ്ധതി യാഥാർഥ്യമാകുമ്പോൾ 10,000  കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്തിന് ലഭിക്കും. പദ്ധതിയിലൂടെ ഒരു ലക്ഷത്തിലധികം തൊഴിൽ പ്രത്യക്ഷമായും രണ്ട് ലക്ഷത്തോളം തൊഴിൽ പരോക്ഷമായും സൃഷ്ടിക്കപ്പെടും

പിണറായി വിജയൻ
മുഖ്യമന്ത്രി

# വെള്ളാനകൾ പഴങ്കഥ ഇത് പുതിയ കേരളം



കേരളത്തിന്റെ വ്യവസായ രംഗത്ത് വന്ന മാറ്റങ്ങളെക്കുറിച്ച് മന്ത്രി പി രാജീവ് സംസാരിക്കുന്നു.

- സംരംഭകരുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് സിവിൽ കോടതി അധികാരത്തോടെ സ്റ്റാറ്റ്യൂട്ടറി സമിതി, ഓൺലൈൻ പോർട്ടൽ.
- ഒരു സ്ക്രൂ ഉണ്ടാക്കാൻ കഴിയാത്ത കെൽട്രോൺ എന്ന് പറഞ്ഞ കെൽട്രോൺ തന്നെയാണ് ചന്ദ്രയാൻ, മംഗൾയാൻ, ഗഗൻയാൻ എന്നീ ചരിത്രദൗത്യങ്ങളിൽ ഭാഗഭാക്കായതിനൊപ്പം എ.ഐ ക്യാമറ പദ്ധതി നടപ്പിലാക്കിയതും.
- വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം നടത്താൻ പൊതുമേഖലാ റിക്രൂട്ട്മെന്റ് ബോർഡ് സ്ഥാപിക്കുമെന്ന വാഗ്ദാനം യാഥാർഥ്യമാക്കി.
- ഈ സർക്കാരിന്റെ കാലത്തുതന്നെ വ്യവസായ ഇടനാഴിയുടെ ഭൂരിഭാഗവും പൂർത്തീകരിച്ച് സംസ്ഥാനത്തിന്റെ വികസനചരിത്രത്തിലൊരു കുതിച്ചുചാട്ടം സൃഷ്ടിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു
- കേരളത്തിൽ നിർമ്മിക്കുന്ന ഉൽപന്നങ്ങൾക്കും സേവനങ്ങൾക്കും ആഗോള ഗുണനിലവാരം കൊണ്ടുവരാനും അന്താരാഷ്ട്ര വിപണിയിൽ വിപണനസാധ്യത കൂട്ടുന്നതിനുമായി 'കേരളാബ്രാൻഡ്' പദ്ധതി ആരംഭിച്ചു.

**? ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് റാങ്കിങ്ങിൽ കേരളം ഒന്നാമതെത്തിയിരിക്കുകയാണ്. ഈ വലിയ നേട്ടത്തിലേക്കു നയിച്ച പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?**

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആദ്യഘട്ടത്തിൽ തന്നെ കേരളത്തിലെ സംരംഭക ലോകവുമായി നിരവധി ചർച്ചകൾ ഞങ്ങൾ സംഘടിപ്പിച്ചു. ഫിക്കി, സി ഐ ഐ പോലുള്ള സംഘടനകളുമായും ട്രേഡ് യൂണിയനുകളുമായും ചർച്ച നടത്തി. അവരുടെ പ്രതീക്ഷകളും ആശങ്കകളും മനസ്സിലാക്കുകയും അത് പരിഹരിക്കുമെന്ന ഉറപ്പ് നൽകുകയും ചെയ്തു. ആദ്യ മന്ത്രിസഭാ യോഗത്തിൽ തന്നെ കോവിഡ് കാരണം നഷ്ടം വന്ന ചെറുകിട വ്യവസായലോകത്തിന് 1416 കോടി രൂപയുടെ എം എസ് എം ഇ പാക്കേജ് പദ്ധതി അവതരിപ്പിച്ച് നയം പ്രഖ്യാപിച്ചു. തുടർന്ന് ഒരു വർഷത്തിനുള്ളിൽ 50 കോടി രൂപ വരെയുള്ള റെഡ് കാറ്റഗറിയിലല്ലാത്ത നിക്ഷേപങ്ങൾക്ക് കെ-സ്വിഫ്റ്റ് അക്നോളജ്മെന്റിലൂടെ മാത്രം മൂന്ന് വർഷം വരെ പ്രവർത്തനം സാധ്യമാക്കാനുള്ള ഉത്തരവിറക്കാൻ ഈ സർക്കാരിന് സാധിച്ചു.

50 കോടിയിലധികം മൂലധന നിക്ഷേപമുള്ള വ്യവസായങ്ങൾക്ക് മതിയായ രേഖകൾ സഹിതം അപേക്ഷിച്ചാൽ ഏഴ് ദിവസത്തിനകം കോംപോസിറ്റ് ലൈസൻസ് നൽകാനുള്ള നിയമവും ഞങ്ങൾ പാസാക്കി. വ്യവസായശാലകളിലെ അനാവശ്യ നടപടികൾ ഒഴിവാക്കുന്നതിനും അഴിമതി തടയുന്നതിനുമായി കെ-സിസ് പോർട്ടലിലൂടെ അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ച് ഏകീകൃത പരിശോധനാ സംവിധാനം ആവിഷ്കരിച്ചു. മികച്ച പ്രതികരണം നേടിയെടുത്ത ഈ സംവി ധാനത്തിന് കീഴിൽ ഇതി

നോടകം അഞ്ച് ലക്ഷത്തിലധികം സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒരു പരാതിയും സൃഷ്ടിക്കാതെ 22,000 പരാതികൾ ഈ പോർട്ടലിലൂടെ പൂർത്തിയാക്കിക്കഴിഞ്ഞു.

സംരംഭകരുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് ജില്ലാ - സംസ്ഥാന തലങ്ങളിൽ സിവിൽ കോടതി അധികാരത്തോടെ സ്റ്റാറ്റ്യൂട്ടറി സമിതികൾ രൂപീകരിച്ചു. സംരംഭകന് മതിയായ കാരണമില്ലാതെ സേവനം നൽകുന്നതിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ വീഴ്ചവരുത്തിയാൽ പിഴ ഈടാക്കാനും നടപടിക്ക് ശുപാർശ ചെയ്യാനും അധികാരമുള്ള ഈ പരാതി പരിഹാര സംവിധാനം സംരംഭകർക്ക് കൂടുതൽ ആത്മവിശ്വാസം നൽകുന്നതും ഇന്ത്യയിൽ തന്നെ ആദ്യത്തേതുമായ സുപ്രധാന ചുവടുവയ്പ്പാണ്. പൂർണ്ണമായും ഓൺലൈനായി പ്രവർത്തിക്കുന്ന സംവിധാനത്തിലേക്ക് സംരംഭക/സംരംഭകനിൽ നിന്ന് പരാതി ലഭിച്ചാൽ 30 ദിവസത്തിനുള്ളിൽ പരിഹാരം ഉറപ്പ് വരുത്തും.

എല്ലാ ജില്ലകളിലും ആരംഭിച്ചിരിക്കുന്ന ടെക്നോളജി ക്ലിനിക്കുകൾ സംരംഭകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും അവരെ കൈപിടിച്ചുയർത്താനുമുള്ള വ്യവസായവകുപ്പിന്റെ മറ്റൊരു നീക്കമാണ്. സാങ്കേതികവിദ്യ, മാനേജ്മെന്റ്, നിയമം, ചാർട്ടേഡ് അക്കൗണ്ടൻസി, മാർക്കറ്റിങ്ങ് മേഖലകളിൽ നിന്നുള്ള വിദഗ്ധർ ഈ ക്ലിനിക്കുകൾ വഴി സംരംഭകരുടെ സംശയങ്ങൾ പരിഹരിക്കും. സംരംഭകരുടെ സംശയങ്ങൾക്ക് മറുപടി നൽകാനുള്ള ടോൾ ഫ്രീ സൗകര്യവും വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്നു. ഇൻവെസ്റ്റ് കേരള ഹെല്പ് ഡെസ്കിലൂടെ വ്യവസായ സംരംഭകരുടെ 20,000ത്തിലധികം സംശയങ്ങൾക്കു പരിഹാരം കണ്ടെത്തിയിട്ടുണ്ട്. നിക്ഷേപകരുടെ പ്രശ്നങ്ങൾ പരിഹരിക്കാനായി നടപ്പിലാക്കിയ മീറ്റ് ദി മിനിസ്റ്റർ പരിപാടിയിലൂടെ വലിയൊരു അളവിൽ പരാതികൾ പരിഹരിക്കാൻ സാധിച്ചതും സംരംഭകരുടെ ഫീഡ്ബാക്കിൽ പ്രതിഫലിച്ചിട്ടുണ്ട്.

**? സിനിമകളിലൂടെയും മാധ്യമങ്ങളിലൂടെയും മറ്റും വ്യാപകമായി പ്രചരിച്ച ഒരു പൊതുബോധം കേരളം വ്യവസായസൗഹൃദമല്ലാത്ത അല്ലെങ്കിൽ സംരംഭകവിരുദ്ധമായ ഒരു സംസ്ഥാനമാണെന്നാണ്. ഈ ആക്ഷേപം മാറ്റിയെഴുതുവാൻ നമുക്കായിട്ടുണ്ടോ?**

സംരംഭകർക്കിടയിൽ നിന്ന് ഈ ആക്ഷേപം പൂർണ്ണമായും ഇല്ലാതാക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. അതുകൊണ്ടാണ് 100 ശതമാനവും സംരംഭകരുടെ ഫീഡ്ബാക്കിനെ മാത്രം മാനദണ്ഡമാക്കി പുറത്തിറക്കുന്ന ബിസിനസ് റീഫോംസ് ആക്ഷൻ പ്ലാനിൽ നാം ഒന്നാമതെത്തിയത്. 2020 ലും കേരളം 91 ശതമാനം പരിഷ്കരണങ്ങളും നടപ്പിലാക്കിയിരുന്നെങ്കിലും സംരംഭകരുടെ ഫീഡ്ബാക്ക് കേരളത്തിന് അനുകൂലമായിരുന്നില്ല. ഇത് മറികടക്കുന്നതിന് മുകളിൽ പറഞ്ഞ പ്രവർത്തനങ്ങൾ കേരളത്തെ സഹായിച്ചു. ഏതൊരു സംരംഭകനും എപ്പോൾവേണമെങ്കിലും സഹായം ലഭിക്കുന്ന ഇടമായി വ്യവസായ വകുപ്പിന്റെ ഓഫീസുകൾ മാറി. എന്നാൽ ഇപ്പോഴും കേരളത്തിൽ സംരംഭകരല്ലാത്ത പലർക്കും നമ്മുടെ ഈ നാടിനെക്കുറിച്ച് തെറ്റായ ധാരണ ഉണ്ട്. ഒരു ചെറിയ സംഭവത്തെ പർവതീകരിച്ചും ഭീമാകാരമായ നേട്ടങ്ങളെ ഒരു സ്ക്രോൾ വാർത്തയിലൊതുക്കിയും വളരെ പ്രചാരമുള്ള ചില മാധ്യമങ്ങൾ ഇപ്പോഴും വാർത്തകൾ നൽകുന്നുണ്ട്. ഇത് എല്ലാ ഭാഷയിലും തർജ്ജമ ചെയ്ത് വാട്ട്സാപ്പിലൂടെ പ്രചരിക്കുന്നുമുണ്ട്.

കഴിഞ്ഞ ദിവസം ലോകത്തിലെ തന്നെ ഏറ്റവും മുൻപന്തിയിലുള്ള ഫാർമ കമ്പനിയായ ഭാരത് ബയോടെക് സി ഇ ഒ ഡോ. കൃഷ്ണ എല്ല പറഞ്ഞത്, കേരളത്തിൽ ഒരു യൂണിറ്റ് ആരംഭിക്കാൻ ശ്രമിച്ചപ്പോൾ പലരും അതിൽ നിന്ന് പിന്തിരിപ്പിക്കാൻ ശ്രമിച്ചു എന്നാണ്. എന്നാൽ കേരളത്തിൽ യൂണിറ്റ് ആരംഭിക്കുന്നതിന് ഒരു തടസ്സവും തനിക്കുണ്ടായില്ല, അപേക്ഷ നൽകി ഒരാഴ്ചക്കകം എല്ലാ ലൈസൻസുകളും ലഭ്യമായി എന്നാണ്. ഇതാണ് കേരളം. കേരളത്തെ സംബന്ധിച്ച് ഇതൊരു പ്രധാന വാർത്തയുമാണ്. എന്നാൽ എത്ര ദൃശ്യമാധ്യമങ്ങൾ ഈ വാർത്ത നൽകിയിട്ടുണ്ട് എന്നത് അവർ തന്നെ സ്വയം വിമർശനപരമായി ചിന്തിക്കേണ്ട കാര്യമാണ്.

**ഇൻവെസ്റ്റ് കേരള ഹെൽപ് ഡെസ്കിലൂടെ വ്യവസായ സംരംഭകരുടെ 20,000ത്തിലധികം സംശയങ്ങൾക്കു പരിഹാരം കണ്ടെത്തിയിട്ടുണ്ട്**



ഇന്ത്യയിലെ ആദ്യ സൂപ്പർ കപ്പാസിറ്റർ ഉൽപാദനകേന്ദ്രം കല്യാശേരിയിലെ കണ്ണൂർ കെൽട്രോൺ കോംപണന്റ് കോംപ്ലക്സ് ലിമിറ്റഡിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു

**? മറ്റൊന്നാണ് നമ്മുടെ പൊതുമേഖലാസ്ഥാപനങ്ങളെ വെള്ളാനകളായി വിശേഷിപ്പിക്കുന്നത് ?**

ഇന്നീ പ്രയോഗത്തിന് പ്രസക്തിയുണ്ടോ എന്നതാണ് ചോദ്യം. കേരളത്തിലെ പൊതുമേഖലാ വ്യവസായസ്ഥാപനങ്ങൾ വളർച്ചയുടെ പടവുകൾ കയറിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. ഇരുപതിലധികം പൊതുമേഖലാസ്ഥാപനങ്ങൾ തുടർച്ചയായ വർഷങ്ങളിൽ ലാഭത്തിലാക്കാൻ ഈ സർക്കാരിന് സാധിച്ചത് ശ്രദ്ധേയമായ നേട്ടമായി ഞങ്ങൾ കാണുന്നു. മലയാളികൾ മറന്നുതുടങ്ങിക്കാണുമെങ്കിലും 2011-16 കാലഘട്ടത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ശോചനീയാവസ്ഥയിൽ നിന്ന് ഇക്കാണുന്ന നിലയിലേക്ക് പൊതുമേഖലയെ ഉയർത്തിയെടുക്കാൻ സർക്കാരിന് സാധിച്ചു. 2016-17ൽ 40 കോടി രൂപയായിരുന്നു പൊതുമേഖലാ വ്യവസായസ്ഥാപനങ്ങളുടെ പ്രവർത്തനലാഭമെങ്കിൽ ഈ സർക്കാരിന്റെ കാലത്ത് ശതകോടികളുടെ പ്രവർത്തനലാഭം നേടാൻ പൊതുമേഖലയ്ക്ക് സാധിച്ചു. ഉദാഹരണമെന്ന നിലയ്ക്ക് കെൽട്രോണിന്റെ ചില നേട്ടങ്ങൾ പറയാം. ഒരു സ്ക്രൂ ഉണ്ടാക്കാൻ കഴിയാത്ത കെൽട്രോൺ എന്ന് ആക്ഷേപിക്കപ്പെട്ട ഇതേ കെൽട്രോൺ തന്നെയാണ് ചന്ദ്രയാൻ, മംഗൾയാൻ, ഗഗൻയാൻ എന്നീ ചരിത്രദൗത്യങ്ങളിൽ ഭാഗഭാക്കായതിനൊപ്പം എ.ഐ ക്യാമറ പദ്ധതി കേരളത്തിൽ നടപ്പിലാക്കിയതും. തെലങ്കാന, ഒഡീഷ, തമിഴ്നാട് സംസ്ഥാനങ്ങളിൽ നിന്ന് മാത്രം 1500 കോടിയോളം രൂപയുടെ ഓർഡറുകളും രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് കെൽട്രോൺ നേടിയെടുത്തു. കഴിഞ്ഞ ദിവസമാണ് നോർവീജിയൻ കമ്പനിയുമായി കെൽട്രോൺ പുതിയ ധാരണാപത്രം ഒപ്പിട്ടത്. ചരിത്രത്തിലെ ഏറ്റവും വലിയ വിറ്റുവരവ് കെൽട്രോൺ കൈവരിച്ചത് ഈ സാമ്പത്തികവർഷത്തിലാണ്. ഒരു സാമ്പത്തിക വർഷത്തിൽ തന്നെ 1000 കോടി രൂപ വിറ്റുവരവെന്ന ലക്ഷ്യം സാക്ഷാത്കരിക്കാനുള്ള തയ്യാറെടുപ്പിലാണ് ഇപ്പോൾ കെൽട്രോൺ.

ഇനി കെ എം എം എൽ ന്റെ കാര്യമെടുത്താലോ. ചരിത്രത്തിൽ തന്നെ കേരളത്തിലെ ഒരു പൊതുമേഖലാ സ്ഥാപനം കൈവരിച്ച ഏറ്റവും മികച്ച ലാഭം കെ എം എം എൽ കൈവരിച്ചത് രണ്ടാം പിണറായി സർക്കാരിന്റെ കാലത്താണ്. സ്വന്തമായി കണ്ടെത്തിയ സാങ്കേതികവിദ്യയിലൂടെ അയണോക്സൈഡിൽ നിന്ന് ഇരുമ്പ് വേർതിരിച്ചെടുക്കാൻ ഈ സാമ്പത്തികവർഷം കെ എം എം എൽ ന് സാധിച്ചു. ഒപ്പം ഒരു സാമ്പത്തിക വർഷം 1000 കോടിയിലധികം രൂപയുടെ വിറ്റുവരവും രണ്ടാം പിണറായി സർക്കാരിന് കീഴിൽ കെ എം എം എൽ നേടിയെടുത്തു.

എല്ലാ പൊതുമേഖലാസ്ഥാപനങ്ങളും ലാഭകരമാക്കുന്നതിനായി ഷോർട്ട് ടേം, മിഡ് ടേം, ലോങ്ങ് ടേം എന്നീ മൂന്ന് ഘട്ടങ്ങളിലായി 2030 വരെ നടപ്പിലാക്കുന്നതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. മാസ്റ്റർ പ്ലാൻ നിർദേശപ്രകാരം നടപ്പിലാക്കുന്ന 175 പദ്ധതികൾ പൂർത്തിയാകുന്നതോടെ 41 സ്ഥാപനങ്ങളിലുമായി മൊത്തം 9467 കോടിരൂപയുടെ അധിക നിക്ഷേപം ഉണ്ടാകും. എല്ലാ സ്ഥാപനങ്ങളിലുമായി മൊത്തം വാർഷിക വിറ്റുവരവ് നിലവിലുള്ള 3300 കോടിരൂപയിൽ നിന്ന് 14,238 കോടി രൂപ വർധിച്ച് 17,538 കോടി രൂപയാകുകയും ചെയ്യും. ഇതിനായി പൊതുമേഖലാസ്ഥാപനങ്ങളിൽ അതത് മേഖലയിൽ വൈദഗ്ധ്യം പുലർത്തിയിട്ടുള്ള ആളുകളെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

അഴിമതി ഏറ്റവും കുറഞ്ഞ സംസ്ഥാനമെന്ന നേട്ടം കേരളം കൈവരിച്ചത് പിണറായി സർക്കാരിന് കീഴിലാണ്. അതുകൊണ്ടുതന്നെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ നിയമനങ്ങളുടെ കാര്യത്തിൽ കൂടുതൽ സുതാര്യത കൊണ്ടുവരുന്നതിനായി പി എസ് സി നിയമനം വ്യവസ്ഥ ചെയ്യപ്പെട്ടിട്ടില്ലാത്ത, വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിലെ തസ്തികകളിലേക്കുള്ള നിയമനം നടത്താൻ പൊതുമേഖലാ റിക്രൂട്ട്മെന്റ് ബോർഡ് സ്ഥാപിക്കുമെന്ന വാഗ്ദാനവും യാഥാർഥ്യമാക്കി.

**? വിജ്ഞാന സമ്പദ്വ്യവസ്ഥയായി വളരാനാണ് കേരളം ശ്രമിക്കുന്നത്. ഐടി രംഗത്തുൾപ്പെടെ വലിയ മനുഷ്യവിഭവശേഷിയും നമുക്കുണ്ട്. ഇത് വ്യവസായരംഗത്ത് എങ്ങനെ പ്രയോജനപ്പെടുത്താനാകും?**

രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്ന ഉടൻ തന്നെ കേരളത്തിൽ വൈജ്ഞാനിക സമ്പദ് വ്യവസ്ഥയ്ക്കുതകുന്ന വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും പ്രകടനപത്രികയിൽ പ്രഖ്യാപിച്ചതുപോലെ വിജ്ഞാനസമ്പദ്ഘടനയായി കേരളത്തിന്റെ സാമ്പത്തിക അടിത്തറയെ പുതുക്കി പണിയുന്നതിനുള്ള നടപടികളിലേക്ക് കടക്കുകയും ചെയ്തിട്ടുണ്ട്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്തുതന്നെ പ്രാഥമിക വിദ്യാഭ്യാസ മേഖലയെ ഹൈടെക് ആക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടത്തിയിരുന്നു. വിജ്ഞാന സമ്പദ്ഘടന രൂപപ്പെടണമെങ്കിൽ സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങളിൽ കുതിച്ചുചാട്ടം സൃഷ്ടിക്കുന്നതിനൊപ്പം നൂതന വിദ്യാസംരംഭങ്ങളും സ്റ്റാർട്ടപ്പ് സംരംഭങ്ങളും വൻതോതിൽ പ്രോത്സാഹിക്കുകയും ഡിജിറ്റൽ സൗകര്യങ്ങളുടെ പ്രാപ്യത പരമാവധി പേർക്ക് ഉറപ്പുവരുത്തുകയും വേണം. ഇതിനുള്ള എല്ലാ ശ്രമങ്ങളും നടന്നുവരികയാണ്.




ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി പോലുള്ള നൂതനമായ പദ്ധതി വിദ്യാർഥികളിൽ സംരംഭകത്വം വളർത്താനും, വ്യവസായ-അക്കാദമിക് ബന്ധം ശക്തിപ്പെടുത്തുന്നതിനും വഴിയൊരുക്കും. ഒപ്പം നവീന കാലത്തിനനുസൃതമായ നൂതന വ്യവസായങ്ങളെ കേരളത്തിലേക്ക് ആകർഷിക്കാൻ നമുക്ക് സാധിക്കുന്നത് ഈ രംഗത്ത് മുന്നേറ്റമുണ്ടാക്കും. 100 പേർക്ക് തൊഴിൽ എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഐബിഎം രണ്ട് വർഷം പൂർത്തിയാക്കുമ്പോൾ രണ്ടായിരത്തിലധികമാളുകൾക്ക് തൊഴിൽ നൽകിയിരിക്കുന്നു. യു എസ് ടി ഗ്ലോബൽ തങ്ങളുടെ പുതിയ ക്യാമ്പസ് കേരളത്തിൽ സ്ഥാപിക്കുന്നു, ഇത് പൂർത്തിയാകുന്നതോടെ കമ്പനി

യുടെ ആഗോളതലത്തിലെ ജീവനക്കാരിൽ 20% പേരും കേരളത്തിലാകും. ടാറ്റ എലക്സിയുടെ 60% ജീവനക്കാരും ഇപ്പോൾ തന്നെ കേരളത്തിലാണ്.

ടിസിഎസ്, ഡി-സ്പേസ്, സഫ്രാൻ, സിസ്ട്രോം തുടങ്ങി വൈജ്ഞാനിക സമ്പദ് വ്യവസ്ഥയ്ക്ക് മുതൽക്കൂട്ടാകുന്ന അൻപതോളം വൻകിട കമ്പനികൾ കേരളത്തിൽ പ്രവർത്തനം ആരംഭിക്കുകയോ നിക്ഷേപവാഗ്ദാനം നൽകുകയോ ചെയ്തു. കേരളത്തിലേക്ക് റിവേഴ്സ് മൈഗ്രേഷൻ സംഭവിക്കുന്നു എന്ന് പറഞ്ഞത് ഐബിഎം സീനിയർ വൈസ് പ്രസിഡന്റ് ദിനേശ് നിർമ്മൽ ആണ്. അതായത് നമ്മുടെ ചെറുപ്പക്കാർക്ക് തൊഴിൽ നൽകാൻ സാധിക്കുന്ന അറിവ് അധിഷ്ഠിതമായ വ്യവസായങ്ങളെ നമുക്ക് കൂടുതലായി ആകർഷിക്കാൻ ഇപ്പോൾ സാധിക്കുന്നു. ഒപ്പം ഏഷ്യയിലെ തന്നെ ഏറ്റവും മികച്ച സ്റ്റാർട്ടപ്പ് എക്കോസിസ്റ്റങ്ങളിലൊന്നായ കേരളം നമ്മുടെ ടാലന്റ് പൂളിലെ മികച്ച ചെറുപ്പക്കാരെ സംരംഭകരാക്കാനുള്ള പിന്തുണയും നൽകിവരുന്നു.

**? കേരളത്തിന്റെ വ്യവസായവികസനത്തിലെ മുൻഗണനാമേഖലകൾ ഏതൊക്കെയാണ്? ഈ മേഖലകളിൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി എന്തൊക്കെ പരിപാടികളാണ് നടപ്പാക്കിവരുന്നത്?**

ഈ സർക്കാർ പുറത്തിറക്കിയ വ്യവസായ നയത്തിൽ 22 മുൻഗണനാ മേഖലകളാണ് തയ്യാറാക്കിയിരിക്കുന്നത്. എയ്റോസ്പേസ് ആന്റ് ഡിഫൻസ്, നിർമ്മിത ബുദ്ധി, റോബോട്ടിക്സ്, മറ്റ് ബ്രേക്ക് ത്രൂ സാങ്കേതിക വിദ്യകൾ, ആയുർവേദം, ബയോടെക്നോളജി ആന്റ് ലൈഫ് സയൻസ്, രൂപകല്പന(ഡിസൈൻ), ഇലക്ട്രിക് വാഹനങ്ങൾ, ഇലക്ട്രോണിക്സ് സിസ്റ്റം രൂപകൽപനയും ഉൽപാദനവും, എഞ്ചിനീയറിങ്ങ് ഗവേഷണവും വികസനവും, ഭക്ഷ്യ സാങ്കേതിക വിദ്യകൾ, ഗ്രഫീൻ, ഉയർന്ന മൂല്യവർധിത റബ്ബർ ഉൽപന്നങ്ങൾ, ഹൈടെക് ഫാമിങ്ങും മൂല്യവർധിത തോട്ടവിളയും, ലോജിസ്റ്റിക്സ് ആന്റ് പാക്കേജിങ്ങ്, മാരിടൈം മേഖല, മെഡിക്കൽ ഉപകരണങ്ങൾ, നാനോടെക്നോളജി, ഫാർമസ്യൂട്ടിക്കൽസ്, റീസൈക്ലിങ്ങും മാലിന്യ സംസ്കരണവും, പുനരുപയോഗ ഊർജം, ചില്ലറ വ്യാപാര മേഖല, വിനോദസഞ്ചാരവും ആതിഥേയത്വവും, 3ഡി പ്രിന്റിങ്ങ് എന്നിവയാണീ മേഖലകൾ.

അതിവേഗ വളർച്ചയുള്ള 'സൺറൈസ്' സംരംഭങ്ങളെ കൂടുതൽ ആകർഷിക്കുന്നതിനും അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമാണ് പുതിയ വ്യവസായ വാണിജ്യനയത്തിൽ സാമ്പത്തിക പ്രോത്സാഹനങ്ങൾ വിഭാവനം ചെയ്തിരിക്കുന്നത്. സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, അടിസ്ഥാന സൗകര്യങ്ങൾ പ്രാപ്തമാക്കുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ടാലന്റ് പൂൾ നിലനിർത്തുക, സമതുലിതമായ പ്രാദേശിക വികസനം ഉറപ്പാക്കുക തുടങ്ങിയവയും പുതിയ വ്യാവസായിക നയത്തിലെ പ്രധാന ഊന്നലുകളാണ്. സ്ഥിര മൂലധനത്തിൽ നിക്ഷേപ സബ്സിഡി, എസ്ജിഎസ്ടി റീഇംബേഴ്സ്മെന്റ്, ഉൽപാദന മേഖലയ്ക്കുള്ള അപ്രന്റീസ്ഷിപ്പ് ഇൻസെന്റീവുകൾ എന്നിവ ഉൾപ്പെടെ 19 ഇന സാമ്പത്തിക പ്രോത്സാഹനങ്ങൾ വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.



കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായ സ്മാർട്ട് സിറ്റി പാലക്കാട് പദ്ധതിപ്രദേശം മന്ത്രിമാരായ പി.രാജീവ്, കെ.കൃഷ്ണൻകുട്ടി എന്നിവർ സന്ദർശിക്കുന്നു

**വ്യവസായ ഇടനാഴി യാഥാർഥ്യമാകുമ്പോൾ 10,000 കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്തിന് ലഭിക്കും**

**? ഏറെ പ്രാധാന്യത്തോടെ സംസ്ഥാനം നടപ്പാക്കുന്ന പദ്ധതിയാണ് വ്യവസായ ഇടനാഴി. കേരളത്തിന്റെ വ്യവസായ മുന്നേറ്റത്തിന് ഇത് എങ്ങനെയാണ് സഹായിക്കുക?**

നവകേരളത്തിന്റെ സൃഷ്ടിക്കായി വലിയ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കേണ്ടത് അത്യാവശ്യമാണ്. അതിൽ പ്രധാനപ്പെട്ട ഒന്നായിട്ടാണ് കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയെ സംസ്ഥാന സർക്കാർ കാണുന്നത്. തുടർച്ചയായി കേന്ദ്ര സർക്കാരിനോട് അനുമതി ആവശ്യപ്പെട്ടതിനെത്തുടർന്ന് പദ്ധതിക്ക് കഴിഞ്ഞ മാസം അനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ മാസ്റ്റർപ്ലാൻ, ഡി.പി.ആർ ടെൻഡർ രേഖകൾ എന്നിവ പൂർത്തിയായിട്ടുണ്ട്. വ്യവസായ, വാണിജ്യ, പാർപ്പിട, പൊതു സേവന ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഭൂമിയുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ചുള്ളതാണ് മാസ്റ്റർപ്ലാൻ. 3806 കോടി രൂപ ചെലവ് കണക്കാക്കുന്ന പദ്ധതിയുടെ 50% ചെലവും സംസ്ഥാനമാണ് വഹിക്കുന്നത്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള 1789.92 കോടി രൂപ സംസ്ഥാനം വഹിച്ചു. പദ്ധതിക്കാവശ്യമായ 1710 ഏക്കർ ഭൂമിയും സംസ്ഥാനം ഏറ്റെടുത്തിട്ടുണ്ട്. പ്രാരംഭ നടപടികളെല്ലാം കേരളം പൂർത്തിയാക്കിയതിനെത്തുടർന്നാണ് യൂണിയൻ കാബിനറ്റിന്റെ അംഗീകാരം ലഭിച്ചിരിക്കുന്നത്. ഈ വ്യവസായ ഇടനാഴി യാഥാർഥ്യമാക്കുന്നതിനായി ദ്രുതഗതിയിലുള്ള പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോവുകയാണ്. ഒക്ടോബർ 1ന് കേന്ദ്രസംഘം സ്ഥലം സന്ദർശിച്ചിരുന്നു. കേരളത്തിന്റെ നടപടികളിൽ പൂർണ്ണ സംതൃപ്തിയും സംഘം രേഖപ്പെടുത്തി. ഈ സർക്കാരിന്റെ കാലത്തുതന്നെ വ്യവസായ ഇടനാഴിയുടെ ഭൂരിഭാഗവും പൂർത്തീകരിച്ച് സംസ്ഥാനത്തിന്റെ വികസനചരിത്രത്തിലൊരു കുതിച്ചുചാട്ടം സൃഷ്ടിക്കാനാകുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. വ്യവസായ ഇടനാഴി യാഥാർഥ്യമാകുമ്പോൾ 10,000



കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്തിന് ലഭിക്കും. ഒരു ലക്ഷത്തിലധികം തൊഴിൽ പ്രത്യക്ഷമായും രണ്ട് ലക്ഷത്തോളം തൊഴിൽ പരോക്ഷമായും സൃഷ്ടിക്കപ്പെടും. ഭക്ഷ്യ സംസ്കരണം, ലൈറ്റ് എഞ്ചിനീയറിങ്ങ്, ജ്വല്ലറി, പ്ലാസ്റ്റിക്, ഇ-മാലിന്യങ്ങളും മറ്റ് ഖരമാലിന്യങ്ങളുടെയും പുനരുപയോഗം, എണ്ണ-വാതക ഇന്ധനങ്ങൾ, ഇലക്ട്രോണിക്സ്, ഐ.ടി, ലോജിസ്റ്റിക്, ഓട്ടോമോട്ടീവ് തുടങ്ങിയ മേഖലകളിൽ ക്ലസ്റ്ററുകൾ വികസിപ്പിക്കാനാണ് ഇടനാഴിയുടെ ഭാഗമായി ലക്ഷ്യമിടുന്നത്.

**? സംരംഭകവർഷം പദ്ധതി വലിയ വിജയം കൈവരിച്ചിരിക്കുകയാണ്. രാജ്യം ശ്രദ്ധിക്കുന്ന തരത്തിലേക്ക് പദ്ധതിയെ മാറ്റാനായതെങ്ങനെയാണ്?**

നൂതനമായ സാങ്കേതികവിദ്യകളിലൂന്നിയ വൻകിട വ്യവസായങ്ങൾക്കൊപ്പം കേരളത്തിൽ ഏറ്റവും സാധ്യതയുള്ള മേഖല എം എസ് എം ഇ ആണെന്നതിനാൽ ഈ മേഖലയിൽ ചരിത്രം സൃഷ്ടിക്കണമെന്ന ഇച്ഛാശക്തിയോടെ ആരംഭിച്ച പദ്ധതിയാണ് സംരംഭക വർഷം. എം എസ് എം ഇ മേഖലയിലെ ബെസ്റ്റ് പ്രാക്ടീസായി പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുത്ത യോഗത്തിൽ ദേശീയ അംഗീകാരം നേടിയ സംരംഭക വർഷം പദ്ധതിയിലൂടെ രണ്ടര വർഷം കൊണ്ട് മൂന്ന് ലക്ഷത്തിലധികം സംരംഭങ്ങൾ ആരംഭിച്ചു. ശരാശരി ഒരു വർഷം 10,000 സംരംഭങ്ങൾ മാത്രം ആരംഭിച്ചിരുന്ന സംസ്ഥാനത്താണ് രണ്ടര വർഷം കൊണ്ട് മൂന്ന് ലക്ഷം സംരംഭങ്ങൾ ആരംഭിച്ചിരിക്കുന്നത്. 19723 കോടി രൂപയുടെ നിക്ഷേപവും 6,46,244 തൊഴിലും ഈ പദ്ധതിയിലൂടെ കേരളത്തിലുണ്ടായി. 96,000ത്തിലധികം വനിതാ സംരംഭകർ പദ്ധതിയുടെ ഭാഗമായി കേരളത്തിലുണ്ടായി എന്നതും ശ്രദ്ധേയമാണ്.

സംരംഭക വർഷം പദ്ധതിക്കായി എല്ലാ പഞ്ചായത്തുകളിലും വ്യവസായ വകുപ്പിന് കീഴിൽ എംബിഎ/ബി-ടെക്ക് ബിരുദധാരികളായ 1153 എക്സിക്യൂട്ടീവുകളെ നിയമിക്കുകയും 1034 ഹെൽപ് ഡെസ്കുകൾ ആരംഭിക്കുകയും ചെയ്തു. എം എസ് എം ഇ സംരംഭം ആരംഭിക്കുന്നതിന് 4% പലിശയ്ക്ക് 10 ലക്ഷം രൂപ വരെ വായ്പ നൽകി. ഈ സർക്കാരിനെക്കുറിച്ച് ഒരേ സമയം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്കിടയിലും വൻകിട നിക്ഷേപകർക്കിടയിലും ആത്മവിശ്വാസം പകരാൻ ഈ നാൾവഴികൾ ഞങ്ങളെ സഹായിച്ചു. ഇത് മനസിലാക്കുന്നതിന് ബാങ്കുകളുടെ സംസ്ഥാനതല സമിതി കഴിഞ്ഞ വർഷം പ്രസിദ്ധീകരിച്ച കണക്കുകളും സഹായകമാകും. കേരളത്തിൽ എംഎസ്എംഇകളുടെ കഴിഞ്ഞ സാമ്പത്തികവർഷത്തെ വായ്പ 96,000 കോടി രൂപയാണ്. കേരള ബാങ്കിന്റെ കൂടി കണക്കിലെടുത്താൽ ഒരു ലക്ഷം കോടി രൂപയോളം. 2021 ൽ അത് കേവലം 59971 കോടിരൂപയായിരുന്നു. അതിൽ 30.57 ശതമാനവും മാനുഫാക്ചറിങ്ങ് മേഖലയിലാണെന്നതും ശ്രദ്ധേയമാണ്.

കേരളത്തിലെ എം എസ് എം ഇകളിൽ നിന്നും തിരഞ്ഞെടുത്ത 1000 എം എസ് എം ഇകളെ നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെ ഈ സർക്കാർ ആരംഭിച്ച മിഷൻ 1000 പദ്ധതി മുന്നോട്ടുപോകുകയാണ്. ഒപ്പം സംസ്ഥാനത്തെ എംഎസ്എംഇകൾക്ക് അവരുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന, മുൻകൂട്ടി കാണാൻ കഴിയാത്ത അപകടസാധ്യതകളിൽ നിന്ന് സാമ്പത്തിക പരിരക്ഷ നൽകുന്നതിന് മിനിമം ഇൻഷുറൻസ് പരിരക്ഷ നൽകാൻവേണ്ടി എം എസ് എം ഇ ഇൻഷുറൻസ് പദ്ധതി വ്യവസായവകുപ്പ് ആരംഭിച്ചു. കേരളത്തിൽ നിർമ്മിക്കുന്ന ഉൽപന്നങ്ങൾക്കും നൽകുന്ന സേവനങ്ങൾക്കും ആഗോള ഗുണനിലവാരം കൊണ്ടു വരാനും അതുവഴി ഈ ഉൽപന്നങ്ങൾക്കും സേവനങ്ങൾക്കും അന്താരാഷ്ട്ര വിപണിയിൽ വിപണന സാധ്യത കൂട്ടുന്നതിനുമായി 'കേരളാബ്രാൻഡ്' പദ്ധതി സർക്കാർ ആരംഭിച്ചു. വെളിച്ചെണ്ണയാണ് കേരളബ്രാൻഡ് നൽകുന്നതിനുള്ള ആദ്യ ഉൽപന്നമായി തിരഞ്ഞെടുത്തത്. ആറ് സംരംഭങ്ങൾക്ക് കേരള ബ്രാൻഡ് ലൈസൻസ് നൽകി.

കേരളത്തിലെ സംരംഭങ്ങളെ പ്രോത്സാ

**എം എസ് എം ഇ മേഖലയിലെ ബെസ്റ്റ് പ്രാക്ടീസായി പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുത്ത യോഗത്തിൽ ദേശീയ അംഗീകാരം നേടിയ സംരംഭക വർഷം പദ്ധതിയിലൂടെ രണ്ടര വർഷം കൊണ്ട് മൂന്ന് ലക്ഷത്തിലധികം സംരംഭങ്ങൾ ആരംഭിച്ചു**

ഹിപ്പിക്കുന്നതിനും അവയുടെ സംഭാവനകളെ അംഗീകരിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായിട്ട് ഇൻഡസ്ട്രീസ് അവാർഡ് നൽകാൻ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മികച്ച പ്രവർത്തനം കാഴ്ചവച്ച സംരംഭങ്ങൾക്ക് ഈ വർഷം പുരസ്കാരങ്ങൾ നൽകി. സൂക്ഷ്മ, ചെറുകിട, ഇടത്തരം, ലാർജ് ആൻഡ് മെഗാ ക്യാറ്റഗറിയിൽ ഉൽപാദന/സേവന/വ്യാപാര മേഖലകളിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾ കൂടാതെ എക്സ്പോർട്ട് സംരംഭങ്ങൾ, ഉൽപാദന സ്റ്റാർട്ടപ്പ്, വനിതാ/ പട്ടികജാതി/പട്ടികവർഗ/ട്രാൻസ്ജെൻഡർ സംരംഭകരുടെ സംരംഭങ്ങൾക്കും പുരസ്കാരങ്ങൾ നൽകി. ഇതരസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന ഉൽപന്നങ്ങൾ തദ്ദേശീയമായി ഉൽപാദിപ്പിക്കുന്നതിനുള്ള പ്രോത്സാഹനമായി 'മെയ്ക്ക് ഇൻ കേരള' പദ്ധതി ആവിഷ്കരിച്ചു. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെയും ചെറുകിട വ്യാപാരികളെയും ഓൺലൈൻ പ്ലാറ്റ്ഫോമുകളിലേക്ക് പ്രവേശനം നേടുന്നതിന് സഹായിക്കുന്നതിനായി ഓപ്പൺ നെറ്റ്‌വർക്ക് ഫോർ ഡിജിറ്റൽ കോമേഴ്സുമായി ധാരണാപത്രം ഒപ്പ് വച്ചു. ഇതെല്ലാം സംരംഭക വർഷം പദ്ധതിയുടെ വലിയ വിജയത്തിന് സഹായകമായ ഘടകങ്ങളാണ്. സംരംഭകർക്ക് സർക്കാർ ഒപ്പമുണ്ടെന്ന വിശ്വാസം നൽകാൻ സാധിച്ചു.

**? സംസ്ഥാനം ആവിഷ്കരിച്ചിരിക്കുന്ന നൂതനമായ പദ്ധതിയാണ് ക്യാമ്പസ് വ്യവസായ പാർക്കുകൾ. അതെപ്പറ്റി പറയാമോ?**

സംസ്ഥാനത്ത് ക്യാമ്പസ് വ്യവസായ പാർക്കുകൾ സ്ഥാപിക്കാനുള്ള അംഗീകാരം ലഭിച്ചതോടെ മറ്റൊരു അഭിമാന പദ്ധതിക്കാണ് കേരളത്തിൽ തുടക്കമാകുന്നത്. നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കെ തന്നെ കേരളത്തിലെ 80ലധികം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ പദ്ധതിയുമായി സഹകരിക്കുന്നതിനായി മുന്നോട്ടു വന്നു എന്നത് ഏറെ പ്രതീക്ഷ നൽകുന്ന കാര്യമാണ്. വ്യവസായ ആവശ്യത്തിനുള്ള സ്ഥലദൗർലഭ്യം പരിഹരിക്കുന്നതിനും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കീഴിൽ ഉപയോഗശൂന്യമായി കിടക്കുന്ന ഭൂമി വ്യവസായ വികസനത്തിന് ഉപയോഗിക്കുന്നതിനും ഈ പദ്ധതി ഏറെ സഹായകരമാകും. വിദ്യാർഥികളിൽ സംരംഭകത്വം വളർത്താനും, വ്യവസായ- അക്കാദമിക് ബന്ധം ശക്തിപ്പെടുത്തുന്നതിനും ക്യാമ്പസ് വ്യവസായ പാർക്കുകൾ വഴിയൊരുക്കും. സംസ്ഥാനത്തിന്റെ വ്യവസായ മുന്നേറ്റത്തെ വൻതോതിൽ ശക്തിപ്പെടുത്തുന്നതായിരിക്കും ഈ പദ്ധതി.

ചുരുങ്ങിയത് 5 ഏക്കർ ഭൂമി കൈവശമുള്ള സർവകലാശാലകൾ, ആർട്ട്സ് ആൻഡ് സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐകൾ തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക്, ക്യാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കാൻ സാധിക്കും. സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾക്ക് 2 ഏക്കർ മതിയാകും. വിദ്യാഭ്യാസ സ്ഥാപനങ്ങൾ ചുമതലപ്പെടുത്തുന്ന സംവിധാനങ്ങൾക്കും അപേക്ഷിക്കാം. ഇതിനായി ഡെവലപ്പർ പെർമിറ്റിന് അപേക്ഷ നൽകണം. വ്യവസായ വകുപ്പ്, ഉന്നതവിദ്യാഭ്യാസ വകുപ്പ്, ധനകാര്യ വകുപ്പ്, റവന്യൂ വകുപ്പ്, തദ്ദേശ വകുപ്പ്, ജലവിഭവവകുപ്പ്, ഊർജ,പരിസ്ഥിതി വകുപ്പുകൾ എന്നിവയുടെ പ്രിൻസിപ്പൽ സെക്രട്ടറിമാർ ഉൾപ്പെട്ട സംസ്ഥാനതല സെലക്ഷൻ കമ്മിറ്റി അപേക്ഷകളിൽ തീരുമാനമെടുക്കും. ജില്ലാ




തലത്തിൽ വിവിധ വകുപ്പുകളുടെ പ്രതിനിധികൾ ഉൾപ്പെട്ട സമിതിയുടെ സ്ഥലപരിശോധനക്കു ശേഷമാകും അപേക്ഷകളിൽ തീരുമാനമെടുക്കുക. വ്യാവസായിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന ഭൂമിയാകുമെന്ന് ഉറപ്പുവരുത്തും.

അനുമതി ലഭിക്കുന്ന പാർക്കുകളിൽ റോഡുകൾ, വൈദ്യുതി, മാലിന്യ നിർമ്മാർജനം തുടങ്ങി പൊതുസൗകര്യങ്ങൾ ഒരുക്കുന്നതിന് 1.5 കോടി രൂപ വരെ സർക്കാർ അനുവദിക്കും. സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾക്കും ഈ തുക നൽകും. പാർക്കുകളിലെ ഉൽപാദന യൂണിറ്റുകൾക്ക് ഇൻസന്റീവും പരിഗണിക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ എൻ.ഒ.സി ലഭിക്കുന്ന സ്ഥാപനങ്ങൾക്കാണ് കാമ്പസ് പാർക്കുകൾ ആരംഭിക്കാനാവുക. അനുമതി ലഭിക്കുന്ന പാർക്കുകൾക്ക് വ്യവസായമേഖലാ പദവിക്കും അർഹതയുണ്ടാകും. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമി പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഭൂമി ഉറപ്പുവരുത്തിയതിനു ശേഷം ലഭിക്കുന്ന അധികഭൂമിയിൽ ആയിരിക്കും പാർക്കുകൾ ആരംഭിക്കുക പരിസ്ഥിതി സൗഹൃദമായ പാർക്കുകൾ ആയിരിക്കും ഇവ. വിദ്യാർഥികൾക്ക് അപ്രന്റിസ് അവസരവും ലഭിക്കും. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിഷയസ്വഭാവത്തിന് അനുസൃതമായ പാർക്കുകൾ ആരംഭിക്കാൻ മുൻഗണന നൽകും.

**? 2025ൽ കേരളത്തിൽ ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് നടക്കാൻ പോവുകയാണ്. എന്തൊക്കെയാണ് അത് സംബന്ധിച്ച പ്രതീക്ഷകൾ? അതിനു മുന്നോടിയായി എന്തൊക്കെ പരിപാടികളാണ് ആവിഷ്കരിച്ചിരിക്കുന്നത്?**

മുൻപൊരു കാലത്തും ഇല്ലാത്ത വിധത്തിൽ കേരളത്തിലേക്ക് കടന്നുവരാൻ ആഗോളകമ്പനികൾ തയ്യാറായിരിക്കുന്ന ഘട്ടത്തിലാണ് കേരളം 2025 ഫെബ്രുവരി 21,22 തീയതികളിൽ ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിക്കാൻ ഒരുങ്ങുന്നത്. ഇൻവെസ്റ്റ് കേരള ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് സമ്മിറ്റ് എന്ന പേരിൽ സംഘടിപ്പിക്കുന്ന ഈ മീറ്റിനുള്ള മുന്നൊരുക്കങ്ങൾ ഇതിനോടകം ആരംഭിച്ചു കഴിഞ്ഞു. രാജ്യത്തെ ആദ്യ ഇന്റർനാഷണൽ ജെൻ എ ഐ കോൺക്ലേവ്, കേരളത്തിലെ ആദ്യ ഇന്റർനാഷണൽ റോബോട്ടിക്സ് റൗണ്ട് ടേബിൾ കോൺക്ലേവ്, മാരിടൈം ആന്റ് ലോജിസ്റ്റിക്സ് റൗണ്ട് ടേബിൾ, ഫുഡ് ടെക് കോൺക്ലേവ്, ഇന്റർനാഷണൽ ബയോടെക്നോളജി ആന്റ് ലൈഫ് സയൻസ് കോൺക്ലേവ് എന്നിവ പൂർത്തിയാക്കി. ചെന്നൈ, ഹൈദരാബാദ്, ബംഗളൂരു നഗരങ്ങളിൽ സംരംഭകർക്കൊപ്പം റോഡ്ഷോ സംഘടിപ്പിച്ചു. ഇനി ബോംബെയിലും ഡെൽഹിയിലും വിവിധ രാജ്യങ്ങളിലും റോഡ് ഷോ സംഘടിപ്പിക്കാൻ ഒരുങ്ങുകയാണ്. ഒപ്പം വിവിധ സെക്ടറൽ കോൺക്ലേവുകളും ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിന് മുൻപായി സംഘടിപ്പിക്കും. ഇങ്ങനെ സംരംഭകരുടെയാകെ ആത്മവിശ്വാസം നേടിയെടുത്തും കേരളത്തെ ഒരു ബ്രാൻഡായി ലോകത്തിന് മുന്നിൽ ഉയർത്തിക്കാട്ടിയും എട്ട് മാസത്തെ മുന്നൊരുക്കത്തിലൂടെയാണ് ഇൻവെസ്റ്റ് കേരള ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് സമ്മിറ്റിനായി സർക്കാർ തയ്യാറെടുക്കുന്നത്. ഈ സമ്മിറ്റിലൂടെ ഇൻഡസ്ട്രിയൽ റെവല്യൂഷൻ 4.0 വ്യവസായങ്ങളുടെ രാജ്യത്തെ ഹബ്ബായി മാറാൻ നമുക്ക് സാധിക്കും. അതിന് മുഴുവൻ മലയാളികളുടെയും പിന്തുണ ഉണ്ടാകുമെന്ന് സർക്കാരിന് ഉറപ്പുണ്ട്.■

സി. ബാലഗോപാൽ
ചെയർമാൻ, കെ എസ് ഐ ഡി സി



> കൂടുതൽ സംരംഭ സൗഹൃദ നടപടികൾ സ്വീകരിക്കാൻ ഈ അംഗീകാരം പ്രോത്സാഹനമാകും

# പ്രതിജ്ഞാബദ്ധതയുടെ സന്ദേശം



കേരളത്തിന്റെ ഈസ് ഓഫ് ഡൂയിങ് ബിസിനസ് റാങ്കിങ്ങിലെ അവിശ്വസനീയമായ മുന്നേറ്റം കേരളത്തെ വ്യവസായ സൗഹൃദമാക്കുന്നതിൽ സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന സന്ദേശമാണ് നൽകുന്നത്. സമീപകാലത്തായി ദൃശ്യമാകുന്ന വ്യവസായത്തിന്റെയും സംരംഭങ്ങളുടെയും വളർച്ച ഇതിനെ സാധൂകരിക്കുന്നു. ഇവിടെ ബിസിനസ് ചെയ്യുന്നത് ബുദ്ധിമുട്ടാണെന്ന തെറ്റിദ്ധാരണയെ തള്ളിക്കളയുന്നതുമാണിത്. ഇത് സർക്കാരിന്റെയും സംസ്ഥാനത്തെ ജനങ്ങളുടെയും പരിശ്രമങ്ങൾക്കുള്ള അംഗീകാരമാണ്. കൂടുതൽ സംരംഭസൗഹൃദ നടപടികൾ സ്വീകരിക്കാൻ ഈ അംഗീകാരം പ്രോത്സാഹനമാകും.

കെ-സ്വിഫ്റ്റിന്റെ ഏകജാലക സംവിധാനം ഒരു സംരംഭം ആരംഭിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും ആവശ്യമായ പ്രക്രിയകളെ അങ്ങേയറ്റം ലളിതമാക്കി. ഏത് സംസ്ഥാനത്തോടും കിടപിടിക്കാവുന്ന സമഗ്ര പരിഷ്കാരമാണിത്. ഇതിനനുസൃതമായ രീതിയിൽ നയപരവും നിയമപരവുമായ മാറ്റങ്ങൾ വരുത്തുന്നതിനും



**കെ-സ്വിഫ്റ്റിന്റെ ഏകജാലക സംവിധാനം ഒരു സംരംഭം ആരംഭിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും ആവശ്യമായ പ്രക്രിയകളെ അങ്ങേയറ്റം ലളിതമാക്കി. ഏത് സംസ്ഥാനത്തോടും കിടപിടിക്കാവുന്ന സമഗ്ര പരിഷ്കാരമാണിത്**





ശ്രദ്ധകേന്ദ്രീകരിച്ചിട്ടുണ്ട്. ഒരു സംരംഭം രജിസ്റ്റർ ചെയ്യുന്നതിനും ആരംഭിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനുമുള്ള മുഴുവൻ പ്രക്രിയകളുടെയും സമഗ്രമായ പരിശോധനാകേന്ദ്രം പോലെയാണ് കെ-സ്വിഫ്റ്റ് പ്രവർത്തിക്കുന്നത്.

## അനുകൂലഘടകങ്ങൾ ഒട്ടേറെ

കേരളം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഉയർന്ന സാമൂഹിക സൂചകങ്ങൾ കൈവരിച്ച നാടാണ്. 0.75 എന്ന ഉയർന്ന റാങ്കുമായി കേരളം മാനവവിഭവ വികസനസൂചകത്തിലും ഒന്നാമതാണ്. ഇന്ന് സംരംഭങ്ങളുടെ വിജയം ഉറപ്പാക്കുന്ന ഉൽപാദന ഘടകങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് തൊഴിൽ വൈദഗ്ധ്യമാണ്. ഉയർന്ന നഗരവൽക്കരണം, നല്ലതും മിതമായ നിരക്കിലുള്ളതുമായ വീടുകൾ, മികച്ച വിദ്യാഭ്യാസ സൗകര്യങ്ങൾ, നല്ല പൊതു-സ്വകാര്യ ആരോഗ്യ പരിരക്ഷാ സംവിധാനങ്ങൾ, ആരും പിന്നോക്കം പോകരുതെന്ന കാഴ്ചപ്പാടുള്ള സാമൂഹികക്ഷേമ സംവിധാനം, സമാനതകളില്ലാത്ത സാമൂഹിക സൗഹാർദം തുടങ്ങി ഒട്ടനവധി ഘടകങ്ങളാൽ ആധുനിക സംരംഭങ്ങൾക്ക് ഏറ്റവും അനുയോജ്യമായ സ്ഥലമാണ് കേരളം. ഈ അനുകൂല ഘടകങ്ങൾ കുറഞ്ഞ പ്രവർത്തനച്ചെലവും ഉയർന്ന ലാഭക്ഷമതയും ഉറപ്പാക്കുന്നുണ്ട്.

വിജ്ഞാനാധിഷ്ഠിത സംരംഭങ്ങൾ വഴി വലിയ വളർച്ച നേടാൻ കഴിയുന്ന നാടാണ് കേരളം. മികച്ച വിദ്യാഭ്യാസ സമ്പ്രദായവും ഉന്നതവിദ്യാഭ്യാസ രംഗത്തെ ഗവേഷണങ്ങളും ഉയർന്ന വൈദഗ്ധ്യമുള്ള ആളുകളുടെ സ്ഥിരമായ ലഭ്യത പ്രാദേശികമായി ഉറപ്പാക്കുന്നു. ദേശീയ-സംസ്ഥാന ലബോറട്ടറികളുടെയും ഗവേഷണസ്ഥാപനങ്ങളുടെയും സാന്നിധ്യം സംസ്ഥാനത്തെങ്ങും ശാസ്ത്രപ്രതിഭകളും സൗകര്യങ്ങളും പ്രദാനം ചെയ്യും. ലൈഫ് സയൻസസ്, മെഡിക്കൽ ഉപകരണങ്ങൾ, ബയോടെക്നോളജി, എഞ്ചിനീയറിങ്, എഐ, അഡ്വാൻസ്ഡ് കമ്പ്യൂട്ടിങ്, അഗ്രി-ബിസിനസ്, കപ്പൽ നിർമ്മാണം, എംബഡഡ് സിസ്റ്റംസ്, ഇൻഫോടെയ്ൻമെന്റ്, ഗെയിമിങ്, ഇലക്ട്രോണിക്സ് ഉൽപന്നങ്ങൾ തുടങ്ങിയ മേഖലകളിലെ ഗവേഷണം, വികസനം, ഡിസൈൻ, നൂതനാശയങ്ങൾ, പ്രോട്ടോടൈപ്പിങ് എന്നിവയ്ക്ക് അനുയോജ്യമാണ് കേരളം.■



കെഎസ്ഐഡിസിയുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ നിർവചിച്ചിരിക്കുന്ന പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്നും അവ നേടിയെടുക്കുന്നതിന് എന്ത് തന്ത്രമാണ് പ്രയോഗിക്കേണ്ടത് എന്നും തീരുമാനിച്ച് അതിൻ്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളുമായി നിരന്തരം കൂടിയാലോചന നടത്തി. വകുപ്പുകളുമായി ബന്ധപ്പെട്ട നടപടികൾ ത്വരിതഗതിയിലാക്കുന്നതിനായി ആവശ്യമുള്ളപ്പോൾ ജീവനക്കാരെ അധികമായി നൽകി. അന്തർദേശീയരംഗത്ത് തന്നെ പ്രാധാന്യം നേടിയിട്ടുള്ള സ്ഥാപനങ്ങളെയാണ് ഈ കാര്യങ്ങൾക്കായി വിനിയോഗിച്ചത്. ഇതോടൊപ്പം ആളുകളിൽ നിന്നുള്ള പ്രതികരണം സ്വീകരിച്ചു. എല്ലാവരുമായും നിരന്തരം സംവദിക്കുന്നതിനായി മാധ്യമരംഗത്തുള്ള കൺസൾട്ടൻസികളെയും മറ്റുതരത്തിലുള്ള ആവശ്യങ്ങൾക്കായി വിദഗ്ദരുടെ ഉപദേശങ്ങളും സ്വീകരിച്ചിരുന്നു.

**മുഹമ്മദ് ഹനീഷ് ഐഎഎസ്**
വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി



കേരളം ഇന്ന് മറ്റെല്ലാ സംസ്ഥാനങ്ങളേക്കാളും നം.1 ആയിട്ടുണ്ട്. അതിൽ നമുക്ക് എല്ലാപേർക്കും അഭിമാനിക്കാം. ആ നിലയ്ക്ക് ഇവിടെ ഒരുപാട് നിക്ഷേപങ്ങൾ വരണം. തൊഴിൽ വേണം. ഇവിടെ കൂടുതൽ ജോലിസാധ്യതയുള്ള പ്രോജക്ടുകൾ വരേണ്ടത് ഭാവിതലമുറയ്ക്ക് ആവശ്യമാണ്.

**എം.എ.യൂസഫലി**



## ഒമ്പതാം ദിവസം വ്യവസായ അനുമതി, കേരളം മാറിക്കഴിഞ്ഞു

**പദ്മഭൂഷൺ ഡോ. കൃഷ്ണ എം എല്ല**
ഭാരത് ബയോടെക് സിഎംഡി

വ്യവസായത്തിനായി കേരളം തെരഞ്ഞെടുക്കരുതെന്നും ഇവിടുത്തെ സാഹചര്യം ഓഹരിവിപണിക്ക് സമാനമാണെന്നുമാണ് സഹപ്രവർത്തകർ പറഞ്ഞത്. പക്ഷേ അനുഭവത്തിൽനിന്ന് പറയട്ടെ, കേരള സർക്കാർ വലിയ മാറ്റമാണ് കൊണ്ടുവന്നത്. കേരളം വ്യവസായങ്ങൾക്ക് ഏറ്റവും അനുയോജ്യമായ സംസ്ഥാനമാണ്. കൊച്ചിയിൽ ഒരു സുപ്രധാന പദ്ധതി തുടങ്ങാൻ കെഎസ്ഐ ഡിസി മുഖേന അപേക്ഷിച്ച് ഒമ്പതാം ദിവസം അനുമതിയായി. അഞ്ചുദിവസത്തിനുള്ളിൽ പണമടച്ചു. അനുബന്ധ നടപടികൾ നടക്കുന്നു. എന്നിട്ടും കേരളത്തെപ്പറ്റി രാജ്യത്ത് വ്യാജപ്രചാരണമാണ് നടത്തുന്നത്. ഏതുഗ്രാമത്തിലും വ്യവസായ യൂണിറ്റ് സ്ഥാപിക്കാൻ കഴിയുന്ന ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളം.

(വ്യവസായ വകുപ്പ് സംഘടിപ്പിച്ച ബയോകണക്ട് കോൺക്ലേവിലെ പ്രതികരണം.)





നല്ലൊരു വ്യവസായ ആശയവുമായി കേരളത്തിലെത്തിയാൽ വളരെ വേഗത്തിൽ വ്യവസായം തുടങ്ങാൻ യാതൊരുതടസ്സവുമില്ല. വ്യവസായം തുടങ്ങാനുള്ള സാഹചര്യമാണ് സർക്കാർ ഒരുക്കിയിരിക്കുന്നത്. അതാണ് വ്യവസായസൗഹൃദ സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളത്തെ ഒന്നാമതെത്തിച്ചത്. കേരളം വളരെയേറെ സാധ്യതയുള്ള സംസ്ഥാനമാണ്. പ്രത്യേകിച്ച് ഐ.ടി മേഖല, ഹെൽത്ത് കെയർ, ടൂറിസം മേഖല, ഹോസ്പിറ്റാലിറ്റി അങ്ങനെ എല്ലാ മേഖലകളിലും കേരളത്തിനാവശ്യമായ വിദ്യാഭ്യാസമുള്ള ആളുകളെ കിട്ടും. അതുപോലെ തന്നെ റോഡ് സൗകര്യങ്ങൾ അതുപോലെതന്നെ ദൈവത്തിന്റെ സ്വന്തം നാടെന്ന് ലോകമാകെ അംഗീകരിക്കുന്ന നമ്മുടെ കേരളത്തിൽ നമുക്ക് ബിസിനസ്സ് തുടങ്ങാൻ ഈ ഗവൺമെന്റിന്റെ നേട്ടം സഹായിക്കും.

**തോമസ് ഒലിയ്ക്കൽ**
മരിയൻ അപ്പാരൽ പ്രൈവറ്റ് ലിമിറ്റഡ്



കമ്പനികളുടെ കൂടുതൽ വ്യക്തമായ ട്രാൻസ്ഫർമേഷനു വേണ്ടിയിട്ട് board for public sector transformation എന്ന പുതിയ സ്ഥാപനം ഉണ്ടാക്കിയിട്ടുണ്ട്. എല്ലാ മാസവും കമ്പനികളുടെ പ്രവർത്തനം മോണിറ്റർ ചെയ്യുകയും അതിന്റെ റിപ്പോർട്ടുകളും വേണ്ട പരിഹാരങ്ങളും നിർദേശിച്ച് മുന്നോട്ടുപോകുകയാണ്. അതിന്റെ ഫലമായി പല കമ്പനികളും ലാഭത്തിലേക്ക് വരികയും പുതിയ പുതിയ ഉൽപന്നങ്ങളും പുതിയ പുതിയ മേഖലകളും നേടി മുന്നേറുവാനും സാധിച്ചു. കേരളത്തിൽ ആദ്യമായിട്ട് പബ്ലിക് സെക്ടർ കമ്പനിയായ കയർ കോർപ്പറേഷൻ വാൾമാർട്ടിലേക്ക് വരെ പ്രോഡക്ട് കയറ്റുമതി ചെയ്യുന്ന ഒരു സാഹചര്യം ഇന്ന് നിലവിൽ വന്നു.

**അജിത് കുമാർ കെ**
ചെയർമാൻ, ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫർമേഷൻ

വ്യവസായം പുരോഗമിക്കണം. വ്യസ്ഥലപരിമിതിയുള്ള ആ സാഹചര്യങ്ങളിൽ വേറിട്ട ചിന്താഗതിയോടുകൂടി വ്യവസായ പാർക്കുകൾ സ്വകാര്യമേഖലകളിൽ തുടങ്ങണം എന്ന ദീർഘവീക്ഷണത്തോടു കൂടിയുള്ള നീക്കം ഞങ്ങളെപ്പോലെയുള്ളവർക്ക് വളരെ അനുഗ്രഹപ്രദമായി.
2023 ൽ വന്ന നോട്ടിഫിക്കേഷന്റെ വെളിച്ചത്തിൽ വിശ്വാസമുറച്ച് പുതിയൊരു പ്രോജക്ടായി ജേക്കബ് & റിച്ചാർഡ്സ് ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനു വേണ്ടി അപ്ലൈ ചെയ്തു. ഏതാണ്ടൊരു രണ്ടു മാസം കൊണ്ട് അതിന്റെ സ്ക്രൂട്ടിണി തുടങ്ങി മറ്റു കാര്യങ്ങളെല്ലാം നടത്തി വളരെ വേഗം തന്നെ അതിന്റെ പെർമിറ്റ് ഞങ്ങൾക്ക് കിട്ടി. അതിനെ തുടർന്ന് ഉടൻ തന്നെ ഞങ്ങൾ അതിന്റെ നിർമ്മാണ പ്രവർത്തനത്തിലേക്ക് കടന്നു.

**സോണി**
ചീഫ് പ്രമോട്ടർ
ജേക്കബ് & റിച്ചാർഡ്സ് വ്യവസായ എസ്റ്റേറ്റ്





കേരളത്തിൽ ഏത് പദ്ധതികൾ വന്നാലും, ആ പദ്ധതികൾക്ക് വളരെ മികച്ച സൗകര്യങ്ങളാണ് കേരള സർക്കാർ ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിന്റെ ഭാഗമായി കൊടുക്കുന്നത്. വിദേശമലയാളികളെ സംബന്ധിച്ച് കേരളത്തിലെവിടെയും സംരംഭങ്ങൾ തുടങ്ങാനും യുവജനങ്ങൾക്ക് ജോലി ലഭ്യമാക്കുവാൻ സംവിധാനങ്ങളുമുള്ള സൗഹൃദാന്തരീക്ഷമാണ് ഇപ്പോൾ ഇവിടെയുള്ളത്.

**ഫാ.അലക്സാണ്ടർ കൂടാരത്തിൽ**
ഡോ.കെ.എം.ചെറിയാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്

ഡോ. എം. ഐ.സഹദുള്ള
ചെയർമാൻ, കിംസ് ഹെൽത്ത് കെയർ മാനേജ്മെന്റ് ലിമിറ്റഡ്



> കേരളത്തിന്റെ ശക്തി അതിന്റെ നൈപുണ്യമുള്ള മനുഷ്യ മൂലധനമാണ്

വ്യാവസായമേഖലയിൽ സംസ്ഥാന സർക്കാർ സമാനതകളില്ലാത്ത പരിഷ്കാരങ്ങളാണ് കഴിഞ്ഞ കുറച്ച് വർഷങ്ങളായി കൊണ്ടുവന്നത്. കെ-സ്വിഫ്റ്റ് പോർട്ടലിന്റെ നവീകരണം, കോമ്പോസിറ്റ് ലൈസൻസ്, ഇൻവെസ്റ്റ് കേരള പോർട്ടലിന്റെ നവീകരണം, പരാതി പരിഹാര സംവിധാനം, കേന്ദ്രീകൃത പരിശോധനാ സംവിധാനം, ലൈസൻസുകളുടെ ഓട്ടോ പുതുക്കൽ, ഗ്രീൻ ആൻഡ് വൈറ്റ് വ്യവസായങ്ങൾക്കുള്ള ഇളവ്, കിൻഫ്ര, കെഎസ്ഐഡിസി പാർക്കുകൾക്കുള്ള പാട്ടത്തിന് നൽകുന്നതിന്റെ നയത്തിലെ പരിഷ്കാരങ്ങൾ, സ്വകാര്യ ഇൻഡസ്ട്രിയൽ പാർക്കുകൾ, കാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ എന്നിവ ആരംഭിക്കുന്നതിനുള്ള അംഗീകാരം തുടങ്ങിയവ സംസ്ഥാനത്തെ വ്യാവസായിക അന്തരീക്ഷത്തിൽ വലിയ മാറ്റം സൃഷ്ടിച്ചിട്ടുണ്ട്.

ലോജിസ്റ്റിക്സ്, കയറ്റുമതി, കേരള പ്ലാന്റേഷൻ നയങ്ങൾ, വ്യാവസായിക ഭൂമികളുടെ മാപ്പിങ്ങ്, കരട് കേരള റീട്ടെയിൽ നയം തുടങ്ങിയവ സംസ്ഥാനത്തേക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിന് സഹായകമാണ്. സംരംഭകത്വ വർഷവും തുടർന്ന് മിഷൻ 1000 സ്കെയിലിങ്ങും സർക്കാരിന്റെ സംരംഭങ്ങളാണ്. വ്യവസായമന്ത്രിയും മുതിർന്ന ഉദ്യോഗസ്ഥരും പ്രധാന വ്യവസായസ്ഥാപനങ്ങളുമായി നടത്തുന്ന പതിവ് കൂടിക്കാഴ്ചയും നിർദേശങ്ങൾ ശ്രദ്ധിക്കുന്നതും സൗഹൃദസമീപനവും നയപരിഷ്കാരങ്ങളിൽ പ്രസക്തമായ വശങ്ങൾ ഉൾപ്പെടുത്തിയതും എല്ലാം അഭിനന്ദനാർഹമാണ്.

കേരള ബ്രാൻഡിന് കീഴിൽ വിപണനത്തിനായി തെരഞ്ഞെടുത്ത ഉൽപന്നങ്ങളുടെ സർട്ടിഫിക്കേഷൻ ആരംഭിക്കുന്നതോടെ ദേശീയതലത്തിലും ആഗോളതലത്തിലും എം.എസ്.എം.ഇ ഉൽപന്നങ്ങൾക്ക് പ്രോത്സാഹനം ലഭിക്കും. കഴിഞ്ഞ മൂന്ന് വർഷത്തിനിടെ കേരളത്തിന് 12,000 കോടി രൂപയുടെ നിക്ഷേപം ഉണ്ടായി എന്നാണ് വിവരം. ഈ വർഷം കേരളത്തിന് ഏകദേശം 1,35,000 എംഎസ്എംഇ കളെ സമാഹരിക്കാൻ കഴിയും.

ആരോഗ്യം, വിദ്യാഭ്യാസം, ലിംഗസമത്വം എന്നിവയുമായി ബന്ധപ്പെട്ട സുസ്ഥിര വികസനങ്ങളിൽ കേരളം മുന്നിട്ടുനിൽക്കുന്നു. കേരളത്തിൽ നിക്ഷേപം തേടുന്ന ഏതൊരു നിക്ഷേപകനും നമ്മുടെ വിദ്യാസമ്പന്നരായ ജനതയെ

# ഇത് മാറ്റത്തിന്റെ കേരളം




സ്വീകരിക്കും. പരിസ്ഥിതി, സാമൂഹിക, ഭരണ നിർവഹണ കാര്യങ്ങളിൽ ശക്തമായ ഊന്നൽ നൽകുന്ന സംവിധാനവും സംസ്ഥാനത്തുണ്ട്. ഇത് ഇപ്പോൾ പല ബഹുരാഷ്ട്ര കമ്പനികളുടെയും മാനദണ്ഡമാണ്. 97% ഉയർന്ന ടെലി സാന്ദ്രത ഉള്ളത് കേരളത്തിലാണ്. ഇത് ഇന്ത്യയുടെ ഐടി മേഖലയിൽ ഏറ്റവും ഉയർന്ന സമ്പത്താണ്. സാമ്പത്തിക മേഖലയും സേവന മേഖലയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. നിക്ഷേപകരുടെ ആവശ്യങ്ങളോട് സർക്കാർ നല്ല രീതിയിലാണ് പ്രതികരിക്കുന്നത്. സംസ്ഥാനത്തിന്റെ ദീർഘകാല നേട്ടത്തിന് ഉതകുന്ന നിർദേശങ്ങൾ നിക്ഷേപകർ മുന്നോട്ടുവെക്കുമ്പോൾ നിലവിലുള്ള നയങ്ങൾ പരിഷ്കരിക്കാൻ സർക്കാർ മടിക്കാറില്ല.

മറ്റു ചില സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഒരു ഉൽപാദന സംസ്ഥാനമല്ലെങ്കിലും കേരളത്തിന്റെ ശക്തി അതിന്റെ നൈപുണ്യമുള്ള മനുഷ്യ മൂലധനമാണ്. എംഎസ്എംഇ കളെ പ്രോത്സാഹിപ്പിക്കുന്നതിൽ കേരളം എല്ലായ്പ്പോഴും മികച്ച പ്രകടനം കാഴ്ചവെച്ചിട്ടുണ്ട്. ഊർജസ്വലമായ സ്റ്റാർട്ടപ്പ് സംവിധാനവുമുണ്ട്. ഈ നേട്ടം എംഎസ്എംഇ മേഖലകൾ വളരാൻ സഹായിക്കും. ഭക്ഷ്യസംസ്കരണം, ആരോഗ്യം, മെഡിക്കൽ ഉപകരണങ്ങൾ, ലോജിസ്റ്റിക്സ്, ഐടി, ഐടിഇഎസ്, റിന്യൂവബിൾ എനർജി, ടൂറിസം, ആയുർവേദ ഗവേഷണം ഉൾപ്പെടെയുള്ള മെഡിക്കൽ ടൂറിസം തുടങ്ങിയ പ്രധാന മേഖലകളിൽ വലിയ മുന്നേറ്റം പ്രതീക്ഷിക്കുന്നു. കേരളത്തിലെ സമ്പന്നമായ നൈപുണ്യമുള്ള മനുഷ്യശേഷി കണക്കിലെടുത്താൽ ആരോഗ്യം, മെഡിക്കൽ ഉപകരണങ്ങൾ, ബയോടെക്നോളജി ആൻഡ് ലൈഫ് സയൻസ്, റിന്യൂവൽ എനർജി, പെട്രോ കെമിക്കൽസ്, മൂല്യവർധിത റബ്ബർ ഉൽപന്നങ്ങൾ, എയ്റോസ്പേസ് ആൻഡ് ഡിഫൻസ്, എഐ റോബോട്ടിക്സ്, ഇലക്ട്രോണിക് സിസ്റ്റം ഡിസൈൻ ആൻഡ് മാനുഫാക്ചറിങ്, ടെക് ഫാമിങ്, മൾട്ടിമോഡൽ ലോജിസ്റ്റിക്സ് പാർക്കുകൾ, റീട്ടെയിൽ മേഖല എന്നീ മേഖലകളിൽ നിക്ഷേപം ആകർഷിക്കാനാവും.

തുറമുഖങ്ങളുടെ വികസനം, ഉഡാൻ വിമാനത്താവളങ്ങൾ, എയ്റോ സിറ്റി തുടങ്ങിയവ പുതിയ പ്രോജക്ടുകൾക്കും ധനകാര്യ കമ്പനികൾക്കും കേരളത്തെ ആകർഷകമാക്കും. കൊച്ചി - ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോർ തീർച്ചയായും നിക്ഷേപം ആകർഷിക്കും. സംസ്ഥാനത്തിന്റെ പുതിയ വ്യാവസായിക സാഹചര്യത്തിൽ ഊന്നിനിന്ന്, സർക്കാരിന്റെ സംരക്ഷണം ഉറപ്പുനൽകി വൻകിട പദ്ധതികൾ പ്രോത്സാഹിപ്പിക്കുകയും അവരുടെ വിശ്വാസം നേടിയെടുക്കുകയും വേണം. നിക്ഷേപകർക്ക് പ്രാരംഭകാലയളവിൽ ആവശ്യമായ പിന്തുണ നൽകണം. ഇത് നിക്ഷേപകർക്ക് സംസ്ഥാനത്ത് നിക്ഷേപം നടത്താൻ കൂടുതൽ ആത്മവിശ്വാസം നൽകും.■



വ്യവസായം >> എ. നിസാറുദ്ദീൻ
കെ എസ് എസ് ഐ എ
സംസ്ഥാന പ്രസിഡന്റ്







> വ്യവസായവളർച്ചയ്ക്കും വ്യവസായ സൗഹൃദ അന്തരീക്ഷം രൂപപ്പെടുത്തുന്നതിനും സംസ്ഥാന സർക്കാർ സ്വീകരിച്ച ആത്മാർഥമായ പ്രവർത്തനങ്ങളുടെയും നിശ്ചയദാർഢ്യത്തിന്റെയും ഫലമാണ് ദേശീയതലത്തിൽ കേരളത്തെ വ്യവസായ സൗഹൃദ റാങ്കിങ്ങിൽ ഒന്നാം റാങ്കിലെത്തിച്ചത്. ഈ നേട്ടം ഇന്ത്യയ്ക്ക് തന്നെ ഒരു മാതൃകയാണ്



# സർക്കാരിന്റെ നിശ്ചയദാർഢ്യത്തിന്റെ ഫലം

വ്യവസായരംഗത്ത് ലൈസൻസ് സംബന്ധമായ ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിന് ഏഴ് ആക്ടുകളും 10 ചട്ടങ്ങളും ഭേദഗതി ചെയ്യുകയുണ്ടായി. എല്ലാ ലൈസൻസുകളും ഒരേ സ്ഥലത്ത് നിന്ന് ലഭിക്കുന്നതിനു വേണ്ടി കെ-സ്വിഫ്റ്റ് മുഖാന്തരം ഏകജാലക സംവിധാനം നടപ്പിലാക്കി. ലൈസൻസിനപേക്ഷിച്ചാൽ നിശ്ചിതസമയത്തിനുള്ളിൽ അനുമതി, 60 വർഷത്തിലധികം പഴക്കമുള്ള വ്യവസായ വകുപ്പിന്റെ കീഴിലുള്ള എസ്റ്റേറ്റുകളിലെ പരിഷ്കരിച്ച ലാൻഡ് അലോട്ട്മെന്റ് പോളിസിയിൽ ശാശ്വത പരിഹാരം, കിൻഫ്രാ, കെ.എസ്.ഐ.ഡി.സി എന്നീ സ്ഥാപനങ്ങളുടെ കീഴിലുള്ള എസ്റ്റേറ്റുകളിലെ പരിഷ്കരിച്ച ലാന്റ് അലോട്ട്മെന്റ് പോളിസി ഉത്തരവ്, സ്വകാര്യ വ്യവസായ പാർക്കും കാമ്പസ് വ്യവസായ പാർക്കും സ്ഥാപിക്കുന്നതിനുള്ള അനുമതി, ലൈസൻസുകളുടെ കാലാവധി അഞ്ച് വർഷമാക്കൽ, വ്യവസായ എസ്റ്റേറ്റിൽ വ്യവസായ കെട്ടിടങ്ങൾ സ്ഥാപിക്കുന്നതിന് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അനുമതി ഒഴിവാക്കൽ, ഏതെങ്കിലും പരാതിയുടെ അടിസ്ഥാനത്തിൽ സ്ഥാപനം അടച്ച് പൂട്ടുന്നതിനു സ്റ്റോപ്പ് മെമ്മോ നൽകാനുള്ള തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കുള്ള അധികാരം റദ്ദാക്കൽ, സംരംഭകരുടെ പരാതികളിൽ പ്രശ്നപരിഹാര സമിതികൾ, വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം നൽകി കൊണ്ടുള്ള സമിതികൾ, വ്യവസായ എസ്റ്റേറ്റുകളെ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിന്റെ അധികാര പരിധിയിൽപ്പെടുത്തി നോട്ടിഫൈഡ് ഏരിയകളായി പ്രഖ്യാപിക്കൽ, എസ്റ്റേറ്റുകളിലെ സംരംഭകരുടെ കെട്ടിടങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പിരിക്കുന്ന വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കൽ, സംരംഭകർക്കുള്ള പരിരക്ഷ നൽകുന്നതിനുള്ള ഇൻഷ്വറൻസ് പദ്ധതി, മൈക്രോ, സ്മോൾ എന്റർപ്രൈസ് ഫെസിലിറ്റേഷൻ കൗൺസിലിൽ വരുന്ന പരാതികളുടെ ആധിക്യം പരിഹരിക്കാൻ മൂന്ന് സോണൽ ബെഞ്ച് സ്ഥാപിക്കൽ, കെഎസ്ഐഡിസി മിഷൻ 1000 മുഖാന്തിരം വനിതാ സംരംഭകർക്കുള്ള വായ്പ 25 ലക്ഷത്തിൽ നിന്നും 50 ലക്ഷമായി വർധിപ്പിക്കൽ, ചെറുകിട വ്യവസായികൾ നേരിടുന്ന പ്രവർത്തന മൂലധന സബ്സിഡി കാലതാമസം ഒഴിവാക്കാൻ ട്രെഡ് റിസീവബിൾ ഇലക്ട്രോണിക്സ് ഡിസ്കൗണ്ട് സിസ്റ്റം (TReDS) പദ്ധതി, വൈദ്യുതി കടിശ്ശികകൾക്ക് മിതമായ പലിശ നിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, 2022 ഒക്ടോബറിന് മുമ്പ് ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന തടിമില്ലുകൾക്ക് ലൈസൻസ് നൽകാനുള്ള അനുമതി, നാല് വർഷംകൊണ്ട് നിലവിലുള്ള 1000 എം.എസ്.എം.ഇകളെ ശരാശരി 1001 കോടി വിറ്റുവരവുള്ള സ്ഥാപനങ്ങളായി ഉയർത്താൻ മിഷൻ 1000 പദ്ധതി തുടങ്ങി ഈ കാലഘട്ടത്തിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ റാങ്കിങ് ഉയർത്താൻ സഹായകരമായി.

കാർഷിക മേഖല, ഭക്ഷ്യ അധിഷ്ഠിത വ്യവസായങ്ങൾ, റബ്ബർ അധിഷ്ഠിത വ്യവസായം, പാദരക്ഷാ നിർമ്മാണ വ്യവസായം, ഐടി, ആയുർവേദ മേഖലകൾ എന്നിവ കേരളത്തിൽ വളരാൻ സാധ്യതയുള്ള മേഖലകളാണ്.

വ്യവസായം

**അജു ജേക്കബ്**
ഡയറക്ടർ, സിന്തൈറ്റ് ഇൻഡസ്ട്രീസ് പ്രൈ.ലിമിറ്റഡ്
ചെയർമാൻ, സി.ഐ.ഐ കേരള



# പരിസ്ഥിതിബോധമുള്ള നിക്ഷേപകർക്ക് കേരളം ആകർഷകം

ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസിലെ ഉയർന്ന റാങ്ക് കേരളത്തിലെ വ്യവസായ അന്തരീക്ഷം മെച്ചപ്പെട്ടതിന് തെളിവ് ആണ്. വിവിധ വകുപ്പുകളുടെ ഏകോപിത ശ്രമങ്ങളും കാര്യക്ഷമതയും ആണ് ഈ നേട്ടത്തിന് കാരണം. സുതാര്യത വർധിപ്പിക്കുന്നതിനും സംരംഭകർക്ക് വിവരങ്ങൾ എളുപ്പത്തിൽ ലഭിക്കുന്നതിനും ലക്ഷ്യമിട്ട് വിവിധ നയപരിഷ്കാരങ്ങൾ സംസ്ഥാനം നടപ്പാക്കിയിട്ടുണ്ട്.
ഈ ഉയർന്ന റാങ്കിങ്ങിലൂടെ ആഭ്യന്തര, അന്തർദേശീയ നിക്ഷേപകർ കേരളത്തെ നിക്ഷേപത്തിന് അനുയോജ്യമായ സ്ഥലമായി പരിഗണിക്കും. പൊതുസേവന സൗകര്യങ്ങളും മെച്ചപ്പെടുന്നത് ബിസിനസുകൾക്കും താമസക്കാർക്കും പ്രയോജനപ്പെടും. കേരളം നൂതനമായ നയങ്ങൾ സ്വീകരിച്ച് മത്സരബുദ്ധിയോടെ നിലനിൽക്കണം.

ചുരുങ്ങിയ സമയം ഉപയോഗിച്ച് സംരംഭകർക്ക് വ്യാവസായം ആരംഭിക്കാനുള്ള രജിസ്ട്രേഷൻ ചെയ്യൽ ഓൺലൈൻ ഏകജാലക ക്ലിയറൻസ് സിസ്റ്റം നടപ്പാക്കിയതിലൂടെ എളുപ്പമായി. ഗവൺമെന്റ് സേവനങ്ങളിൽ സാങ്കേതിക പുരോഗതി വന്നതിലൂടെ പ്രവർത്തനക്ഷമത കൂടുതൽ വർധിച്ചു. രജിസ്ട്രേഷനുകൾക്കും അംഗീകാരങ്ങൾക്കും എടുക്കുന്ന സമയം ഗണ്യമായി കുറഞ്ഞു, ഇത് വേഗത്തിൽ ബിസിനസ് പ്രവർത്തനങ്ങൾ ആരംഭിക്കാൻ സഹായിക്കും.

ഈസ് ഒഫ് ഡൂയിങ്ങ് ബിസിനസിലെ മികച്ച പ്രകടനം നിക്ഷേപകർക്ക് വിശ്വാസ്യതയും ഉറപ്പും നൽകുന്നു. ഇപ്പോൾ സംസ്ഥാനം സമയബന്ധിതവും തടസ്സരഹിതവുമായ സേവനങ്ങൾ നൽകുന്നുണ്ട്. വ്യാവസായിക അന്തരീക്ഷം പരിപോഷിപ്പിക്കുന്നതിനും ആഭ്യന്തര, അന്തർദേശീയ വിപണികളിൽനിന്ന് കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും ഇത് സഹായകമാണ്.

സിന്തറ്റിക് ബയോളജി, എയ്റോസ്പേസ് തുടങ്ങിയ വൈവിധ്യ സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള ബിസിനസ്സുകൾക്ക് കേരളം അനുയോജ്യമാണ്. ടൂറിസം, ആരോഗ്യം, വിവരസാങ്കേതിക വിദ്യ, പരിസ്ഥിതി സൗഹൃദ ഉൽപന്നങ്ങൾ തുടങ്ങിയ മേഖലകളിൽ സംസ്ഥാനം മികവ് പുലർത്തുന്നു. സുസ്ഥിരമായ വ്യവസായരീതികൾ പ്രോത്സാഹിപ്പിക്കുന്നത് കേരളത്തെ പരിസ്ഥിതിബോധമുള്ള നിക്ഷേപകർക്ക് ആകർഷകമായ സ്ഥലമാക്കി മാറ്റുന്നു.■



വ്യവസായം >> സി. ജെ. ജോർജ്

എംഡി, ജിയോജിത് ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്



ലൈസൻസിനായും പെർമിഷനുകൾക്കായും പല വകുപ്പുകൾ കയറിയിറങ്ങി ധാരാളം സമയം കളഞ്ഞ ഒരു ഭൂതകാലം നമുക്കുണ്ട്. ആ കാലത്തിൽ നിന്ന് ഒരു വലിയ മാറ്റമാണ് ഏകജാലക സംവിധാനം വഴി നേടിയത്



# മാറ്റം കൊണ്ടുവന്ന ഏകജാലകം

ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസിൽ കേരളം ഒന്നാമത് എന്നത് ഇന്ത്യയിൽ ആരും പ്രതീക്ഷിച്ചിട്ടില്ല എന്നുള്ളതാണ് യാഥാർഥ്യം. രാജ്യം ഒരിക്കലും പ്രതീക്ഷിക്കാത്ത രീതിയിലേക്ക് കേരളത്തിന്റെ വ്യാവസായികരംഗം മാറിയിരിക്കുന്നു എന്നതിന്റെ തെളിവാണ് കേന്ദ്ര സർക്കാർ ഈസ് ഓഫ് ഡൂയിംഗ് റാങ്കിങ്ങിൽ ഒന്നാം സ്ഥാനം നൽകി കേരളത്തെ ആദരിച്ചതുകൊണ്ട് നാം മനസ്സിലാക്കേണ്ടത്. അങ്ങനെ ഒരു വലിയ മാറ്റം ഈ രംഗത്തുണ്ടായി എന്നത് മലയാളികൾക്ക് എല്ലാം അഭിമാനിക്കാവുന്ന കാര്യമാണ്.

ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസിൽ ഒന്നാമത് എന്നത് ഏതെങ്കിലും ഒരു ദിവസം കൊണ്ട് ഉണ്ടായ നേട്ടമല്ല. കുറേക്കാലമായി കേരളത്തിൽ ഇതിനുവേണ്ടിയുള്ള ആത്മാർഥമായ


പരിശ്രമങ്ങൾ വ്യവസായ വകുപ്പും കെഎസ്ഐഡിസിയുമെല്ലാം ചേർന്ന് സ്വീകരിക്കുന്നു. വ്യക്തമായ നടപടികളെടുത്ത് മുന്നോട്ടുപോയതിന്റെ പ്രതിഫലനമാണ് നാം ഇന്ന് കാണുന്നത്. ഈ മുന്നേറ്റത്തിന് സഹായിച്ച പ്രധാനപ്പെട്ട നടപടിയാണ് സിംഗിൾ വിൻഡോ ക്ലിയറൻസ്. ലൈസൻസിനായും പെർമിഷനുകൾക്കായും പല വകുപ്പുകൾ കയറിയിറങ്ങി ധാരാളം സമയം കളഞ്ഞ ഒരു ഭൂതകാലം നമുക്കുണ്ട്. ആ കാലത്തിൽ നിന്ന് ഒരു വലിയ മാറ്റമാണ് ഏകജാലകസംവിധാനം വഴി നേടിയത്. പടിപടിയായി ഇത്തരം നടപടികൾ സ്വീകരിച്ചാണ് റാങ്കിങ്ങിൽ കേരളം ഒന്നാമതെത്തിയത്.

## വ്യവസായ നയത്തിന്റെ പ്രാധാന്യം

ഏറ്റവും പ്രധാനപ്പെട്ട കാര്യം പുതുതായി സംസ്ഥാന സർക്കാർ കൊണ്ടുവന്ന വ്യവസായനയം തന്നെയാണ്. എല്ലാ വ്യവസായങ്ങൾക്കും അനുയോജ്യമായ ഒരു സംസ്ഥാനമല്ല കേരളം. കേരളത്തിനനുയോജ്യമായ വ്യവസായങ്ങൾ ഏതാണെന്നും ആ വ്യവസായങ്ങൾക്ക് ഉണ്ടാകേണ്ട സപ്പോർട്ട് സിസ്റ്റത്തെക്കുറിച്ചും വ്യക്തമായ കാഴ്ചപ്പാട് സർക്കാരിനുണ്ട്. കേരളത്തിനനുയോജ്യമായ വ്യവസായങ്ങൾ കൊണ്ടുവരികയും പ്രോത്സാഹിപ്പിക്കുകയും ഇൻസെന്റീവ് കൊടുക്കുകയും ഒക്കെ ചെയ്യുന്നത് വ്യക്തമായി പ്രതിപാദിക്കുന്ന വ്യവസായനയമാണ് നമുക്കുള്ളത്. അതുകൊണ്ടുതന്നെ വ്യവസായനയം നമ്മുടെ ഭാവിയിലെ പുരോഗതിക്ക് വലിയ അടിത്തറയായി മാറുമെന്നാണ് പ്രതീക്ഷ.

സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവർ ഈ വ്യവസായ നയം പരിശോധിച്ചാൽ കേരളത്തിൽ തുടങ്ങാൻ പറ്റിയ വ്യവസായമാണോ, ഏതൊക്കെയാണ് സംസ്ഥാന സർക്കാർ ഫോക്കസ് ഏരിയയായി പരിഗണിക്കുന്നത് തുടങ്ങിയ വിവരങ്ങൾ മനസ്സിലാക്കാനാകും. ഫോക്കസ് ഏരിയയിൽ പെടുന്ന വ്യവസായങ്ങൾക്ക് കൂടുതൽ പ്രോത്സാഹനവും ഇൻസെന്റീവുകളും ലഭിക്കും. ഇത്തരം കാര്യങ്ങൾ വ്യവസായ നയത്തിൽ വ്യക്തമാക്കുന്നു എന്നതുതന്നെ സുതാര്യതയുടെ അടയാളമാണ്. എല്ലാ വിവരങ്ങളും വളരെ വ്യക്തമായും സുതാര്യമായും പ്രതിപാദിക്കുന്ന രേഖ എന്ന നിലയിൽ സംരംഭകരെ സംബന്ധിച്ചിടത്തോളം ഈ വ്യവസായനയം വ്യക്തമായ കാഴ്ചപ്പാട് നൽകും.

കേരളത്തെക്കുറിച്ച് അറിയാവുന്ന എല്ലാവരും അംഗീകരിക്കുന്ന ഒന്നാണ് സേവനരംഗം അഥവാ സർവീസ് ഇൻഡസ്ട്രീസ് ആണ് സംസ്ഥാനത്തിന് ഏറ്റവും അനുയോജ്യമായത് എന്നത്. വലിയ ഉൽപാദനങ്ങൾക്കാവശ്യമായ ഭൂമി ലഭിക്കുക എന്നത് ഇവിടെ പ്രയാസകരമാണ്. മലിനീകരണം സംബന്ധിച്ച് കൃത്യമായ നിയമങ്ങൾ പാലിക്കപ്പെടേണ്ട സംസ്ഥാനം കൂടിയാണിത്. ആ നിലയ്ക്ക് ചില പരിമിതികൾ നമുക്കുണ്ട്. സേവനരംഗം കഴിഞ്ഞാൽ ഹൈ-എൻഡ് ഇലക്ട്രോണിക്സ് മാനുഫാക്ചറിങ്,



മെഡിക്കൽ ഉപകരണങ്ങളുടെ ഉൽപാദനം, അധികം സ്ഥലസൗകര്യം ആവശ്യമില്ലാത്ത വ്യവസായങ്ങൾ തുടങ്ങിയവയ്ക്കാകും കൂടുതൽ സാധ്യത. മികച്ച നൈപുണ്യമുള്ള മാനവവിഭവ ശേഷി ലഭിക്കുന്ന സംസ്ഥാനം എന്ന നിലയിൽ ഹൈ-എൻഡ് ടെക്നോളജി ഉപയോഗിക്കുന്ന ഏത് വ്യവസായത്തിനും പറ്റിയ സംസ്ഥാനമാണ് കേരളം.

കേരളത്തിന് പുറത്തും വിദേശത്തും നിന്നുള്ള നിക്ഷേപകരെ സംബന്ധിച്ചിടത്തോളം കേരളം അവർ പ്രതീക്ഷിക്കുന്ന ഏറ്റവും നല്ല സാഹചര്യം ഒരുക്കുന്ന സംസ്ഥാനമാണ്. ഏറ്റവും നല്ല ക്രമസമാധാന നിലയും സാമുദായിക ഐക്യവുമുള്ള സംസ്ഥാനം. ഏത് സാമൂഹിക മാനദണ്ഡങ്ങൾ വെച്ചുനോക്കിയാലും രാജ്യത്തെ ഏറ്റവും മികച്ച സംസ്ഥാനമാണെന്നത് നമുക്ക് അഭിമാനിക്കാവുന്ന കാര്യമാണ്. നിതി ആയോഗിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ റാങ്കിങ്ങിലും ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസിലും ഒന്നാം സ്ഥാനം എന്ന മഹത്തായ നേട്ടം ഒരു നിക്ഷേപകനെ സംബന്ധിച്ചിടത്തോളം രാജ്യത്തെ ഏറ്റവും ആകർഷകമായ ഭൂപ്രദേശമായി കേരളത്തെ മാറ്റി. വിദ്യാഭ്യാസമേഖലയിൽ കൈവരിച്ച പുരോഗതി, മികവുറ്റ ധാരാളം എൻജിനീയറിങ് കോളജുകളുടെയും ആർട്സ്, സയൻസ് കോളേജുകളുടെയും സാന്നിധ്യം എന്നിവയെല്ലാം കേരളത്തെ ആകർഷകമാക്കുന്നുണ്ട്. ■

സന്തോഷ് കോശി തോമസ്
മാനേജിങ് ഡയറക്ടർ, കിൻഫ്ര



> കൊച്ചി - ബംഗളൂരു വ്യാവസായിക ഇടനാഴി കേരളത്തിന്റെ വ്യാവസായിക വികസനരംഗത്ത് വലിയ കുതിച്ചുചാട്ടമായിരിക്കും ഉണ്ടാക്കുക

വ്യാവസായിക വികസനത്തിൽ മുമ്പെങ്ങുമില്ലാത്ത തരത്തിലുള്ള മുന്നേറ്റമാണ് കേരളത്തിൽ ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. വ്യവസായം നടത്താൻ കേരളം അനുയോജ്യമല്ലെന്ന കാഴ്ചപ്പാട് മാറിക്കഴിഞ്ഞു. ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ മാനദണ്ഡങ്ങളിൽ കാലാനുസൃതമായ പരിഷ്കാരങ്ങൾ വരുത്തിയതിലൂടെ ഈ മേഖലയിൽ രാജ്യത്തുതന്നെ ഒന്നാമതെത്താൻ കേരളത്തിനു സാധിച്ചു. സാഹചര്യങ്ങൾ അനുകൂലമായതോടെ വ്യവസായികൾ ഇവിടേക്ക് എത്തുന്നതിന് വലിയതോതിലുള്ള താൽപര്യമാണ് കാണിക്കുന്നത്. കേരളത്തിന്റെ വിശാലമായ വിഭവങ്ങളും നൈപുണ്യമുള്ള മനുഷ്യവിഭവശേഷിയും ഇക്കാര്യത്തിൽ നിക്ഷേപകരെ ആകർഷിക്കുന്ന ഘടകങ്ങളാണ്. അവർക്ക് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിൽ നിർലോഭമായ താൽപര്യമാണ് സംസ്ഥാനസർക്കാരും വ്യവസായ വകുപ്പും പുലർത്തുന്നത്.

കേരളത്തിലേക്ക് തന്റെ സ്ഥാപനത്തിന്റെ ഒരു യൂണിറ്റ് കൊണ്ടുവരാൻ ആലോചിച്ചപ്പോൾ പലയിടത്തുനിന്നുമുണ്ടായ എതിർപ്പുകളെപ്പറ്റിയും പിന്നീട് വ്യവസായ മന്ത്രി പി.രാജീവുമായി നടത്തിയ കൂടിക്കാഴ്ചയ്ക്കൊടുവിൽ ഒന്നു പരീക്ഷിച്ചുനോക്കാൻ തീരുമാനിച്ചതിനെപ്പറ്റിയും ഭാരത് ബയോടെക് മേധാവി പത്മഭൂഷൻ കൃഷ്ണ




# വ്യാവസായിക ഉണർവിന്റെ ഇടനാഴി

എല്ല കഴിഞ്ഞ ദിവസം പറയുകയുണ്ടായി. അപേക്ഷ സമർപ്പിച്ച് അഞ്ചാം ദിവസം ഭൂമി അലോട്ട് ചെയ്തു ലഭിച്ചുവെന്നും പത്തുദിവസത്തിനകം മറ്റ് അനുമതികൾ ലഭ്യമായെന്നുമാണ് അദ്ദേഹം പറഞ്ഞത്. വ്യവസായ വകുപ്പിന്റെ നിലവിലെ സംവിധാനങ്ങൾ വഴി ഏതൊരാൾക്കും ചെയ്യാവുന്ന മാർഗത്തിലൂടെ മാത്രമാണ് താൻ സഞ്ചരിച്ചതെന്നും അദ്ദേഹം വ്യക്തമാക്കുകയുണ്ടായി. ഇത് ഒരു കൃഷ്ണ എല്ലയുടെ മാത്രം അഭിപ്രായമായിരിക്കില്ലെന്നുറപ്പ്.

വ്യാവസായിക വികസനത്തിന് ഭൂമി വിതരണം ചെയ്യുന്നതിനുള്ള ചട്ടങ്ങൾ (ലാൻഡ് ഡിസ്പോസൽ റെഗുലേഷൻസ്) പരിഷ്ക്കരിച്ച് സംസ്ഥാന സർക്കാർ ഉത്തരവിറക്കിയത് വ്യവസായസൗഹൃദ അന്തരീക്ഷം ശക്തമാക്കുന്നതിനായാണ്. 30 വർഷമായിരുന്നു ഇതുവരെ പാട്ടക്കാലാവധി. പാട്ടത്തുകയുടെ പത്തുശതമാനം മുൻകൂറായും 50 ശതമാനം ഒരു മാസത്തിനകവും നൽകണമായിരുന്നു. ബാക്കി തുക പലിശ സഹിതം രണ്ടു വർഷം കൊണ്ട് രണ്ട് ഗഡുക്കളായും അടയ്ക്കണമെന്നായിരുന്നു ചട്ടം. ഈ ചട്ടങ്ങളിൽ സമഗ്രമായ അഴിച്ചുപണിയാണ് നടത്തിയത്. ഇനിമുതൽ എല്ലാ നിക്ഷേപകർക്കും 60 വർഷത്തേക്ക് ഭൂമി അനുവദിക്കും. 100 കോടി രൂപക്കു മുകളിലാണ് നിക്ഷേപമെങ്കിൽ 90 വർഷം വരെ കാലാവധി നൽകും. ഇതുമൂലം വ്യവസായങ്ങളുടെ ഭാവി വികസനത്തിന്റെ കാര്യത്തിൽ നിക്ഷേപകർക്ക് ആശങ്കയുണ്ടാകില്ല. 50-100 കോടി വിഭാഗത്തിൽ വരുന്നവയ്ക്ക് ആകെ പാട്ടപ്രീമിയത്തിന്റെ 20 ശതമാനം തുകയും 100 കോടിക്കുമേൽ നിക്ഷേപം വരുന്നവയ്ക്ക് 10 ശതമാനം തുകയും മുൻകൂട്ടി അടച്ചാൽ മതിയെന്നും ചട്ടം ഇളവുചെയ്തു. മുൻകൂർ തുക അടച്ച തീയതി മുതൽ 24 മാസക്കാലാവധിയിൽ പലിശയോടുകൂടിയ മൊറട്ടോറിയം തെരഞ്ഞെടുക്കാനും അവസരമുണ്ട്. ഭൂമി അനുവദിക്കപ്പെട്ടയാളുടെ മരണമോ പദ്ധതി തുടരാനാകാത്ത വിധത്തിലുള്ള തടസ്സമോ ഉണ്ടായാൽ, അധിക ചെലവില്ലാതെ തന്നെ നിയമപരമായ അവകാശികളിലേക്ക് പുനഃക്രമീകരണം നടത്താനുള്ള സൗകര്യവും ഏർപ്പെടുത്തി. ചട്ടത്തിലെ ഇളവുകൾക്കായി വ്യവസായവകുപ്പ് മന്ത്രി പി. രാജീവും വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷും എടുത്ത മുൻകൈ പ്രത്യേകം പറയേണ്ടതുണ്ട്.





ഇടുക്കിയിലെ കിൻഫ്ര സ്പൈസ് പാർക്ക് ശിലാസ്ഥാപനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു

## 3815 കോടി രൂപയുടെ പദ്ധതി

കേന്ദ്രസർക്കാർ അടുത്തിടെ അനുമതി നൽകിയ കൊച്ചി- ബംഗളൂരു വ്യാവസായിക ഇടനാഴി കേരളത്തിന്റെ വ്യാവസായിക വികസനരംഗത്ത് വലിയ കുതിച്ചുചാട്ടമായിരിക്കും ഉണ്ടാക്കുക. പാലക്കാട് ജില്ലയിലെ മൂന്നിടങ്ങളിലായി 1710 ഏക്കറിലാണ് വ്യവസായ സ്മാർട്ട് സിറ്റി വരുന്നത്. 3815 കോടി രൂപയുടെ പദ്ധതിയാണ് സംസ്ഥാന സർക്കാരിനു വേണ്ടി കിൻഫ്ര നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് ആൻഡ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റിനു (എൻഐസിഡിഐടി) മുന്നിൽ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നത്. പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനായി ആകെ 1844 കോടി രൂപയാണ് ചെലവ്. ഇത് സംസ്ഥാനസർക്കാർ പൂർണ്ണമായും ചെലവിട്ടു കഴിഞ്ഞു. 1789.92 കോടി രൂപയുടെ കേന്ദ്രസർക്കാർ വിഹിതം ട്രങ്ക് ഇൻഫ്രാസ്ട്രക്ചർ വികസനത്തിനായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. റോഡുകളും ഗതാഗത ജോലികളും, ജലവിതരണം, സീവേജ്, മലിനജല പുനരുപയോഗ ശൃംഖല, ജലശുദ്ധീകരണ പ്ലാന്റ്, സീവേജ് സംസ്കരണപ്ലാന്റ്, മലിനജല സംസ്കരണ പ്ലാന്റ്, പവർ സപ്ലൈ സിസ്റ്റം, ഖരമാലിന്യസംസ്കരണം, ലാൻഡ്സ്കേപ്പ് വർക്കുകൾ, ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി തുടങ്ങിയവയാണ് ഇതിൽ ഉൾപ്പെടുക.

പദ്ധതി നടപ്പാക്കുന്നതിനായി 50:50 ഇക്വിറ്റി പങ്കാളിത്തത്തോടെ എൻഐസിഡിഐടിയും കേരളസർക്കാരും ചേർന്ന് കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെഐസിഡിസി) എന്ന പേരിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന് രൂപംകൊടുത്തിട്ടുണ്ട്. കേരളസർക്കാരിനുവേണ്ടി കിൻഫ്രയായിരിക്കും ഇതിൽ പ്രവർത്തിക്കുക. തുടർന്നുള്ള പ്രവർത്തനങ്ങൾ ഈ സ്ഥാപനമായിരിക്കും ഏകോപിപ്പിക്കുക. ഏകജാലക ക്ലിയറൻസ് ഏജൻസിയാക്കി ഇതിനെ മാറ്റി ആവശ്യമായ അധികാരങ്ങൾ നൽകാനാണ് സർക്കാരിന്റെ തീരുമാനം.നിർമ്മാണമേഖലയിലെ പ്രവർത്തനങ്ങൾക്ക് ഉത്തേജനം നൽകുന്നതിനുള്ള പദ്ധതികളാണ് ഇവിടെ ആസൂത്രണം ചെയ്യുന്നത്. ഫാർമസ്യൂട്ടിക്കൽ ഉൽപന്നങ്ങൾക്കായി വലിയൊരു മേഖല തന്നെ മാറ്റിവയ്ക്കും. പരിസ്ഥിതിക്ക് പ്രാധാന്യം നൽകിയുള്ള വികസനപ്രവർത്തനങ്ങളാണ് ഇവിടെ നടപ്പാക്കുക. മൂന്നിടങ്ങളിലും ഗ്രീൻബെൽറ്റിനും ജലസംരക്ഷണത്തിനും ഭൂമി മാറ്റിവയ്ക്കുന്നുണ്ട്.

## കിൻഫ്രയുടെ നേട്ടങ്ങൾ

മൂന്നു പതിറ്റാണ്ട് പിന്നിടുന്ന കിൻഫ്ര കേരളത്തിന്റെ വ്യാവസായിക വികസന രംഗത്തെ കുതിച്ചുചാട്ടത്തിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്നുവർഷ കാലയളവിൽ മുപ്പതിനായിരത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും 2250 കോടിയോളം രൂപയുടെ സ്വകാര്യ നിക്ഷേപം കേരളത്തിലേക്ക് കൊണ്ടുവരാനും കിൻഫ്രയ്ക്ക് സാധിച്ചു. കിൻഫ്ര ഇതുവരെ കേരളത്തിൽ കൊണ്ടുവ






ന്ന നിക്ഷേപങ്ങളുടെ 35 ശതമാനവും തൊഴിലവസരങ്ങളുടെ 40 ശതമാനവും ഈ മൂന്നുവർഷംകൊണ്ട് നേടാനായതാണ്. മൂന്നുപതിറ്റാണ്ടുകൊണ്ട് വിവിധ മേഖലകളിലായി 31 വ്യവസായപാർക്കുകൾ സ്ഥാപിച്ച കിൻഫ്ര ആകെ 70,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും 6500 കോടിയോളം സ്വകാര്യനിക്ഷേപങ്ങൾ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. ടി.സിഎസ്, ടാറ്റ എലക്സി, വി-ഗാർഡ്, അഗാപ്പെ ഡയഗ്നോസ്റ്റിക്സ്, ഹൈക്കൺ, വിന്വിഷ് ടെക്നോളജീസ്, ട്രാൻസ് ഏഷ്യൻ ഷിപ്പിങ്ങ് കമ്പനി, ജോളികോട്സ്, ഡി-സ്പേസ്, ജെൻ റോബോട്ടിക്സ് തുടങ്ങിയ പ്രമുഖ കമ്പനികൾക്ക് ഭൂമിയും ബിൽറ്റ്-അപ്പ് സ്ഥലങ്ങളും അനുവദിക്കാൻ കിൻഫ്രയ്ക്ക് കഴിഞ്ഞു. രാമനാട്ടുകരയിലെ അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, തൊടുപുഴയിലെ സ്പൈസസ് പാർക്ക്, കൊച്ചി കാക്കനാട് ഇന്റർനാഷണൽ എക്സിബിഷൻ കം കൺവെൻഷൻ സെന്റർ (ഐഇസിസി), തിരുവനന്തപുരത്തെ കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്കിൽ ഒമ്പത് നിലകളിലായി നിർമ്മിച്ച് ടാറ്റ എലക്സിയുടെ പ്രവർത്തനങ്ങൾക്കായി അനുവദിച്ച അത്യാധുനിക ഐടി കെട്ടിടത്തിന്റെ ആദ്യ ഘട്ടം, ഐടി/ഐടി അനുബന്ധ വ്യവസായങ്ങൾക്ക വേണ്ടി മലപ്പുറം കാക്കഞ്ചേരിയിലെ കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്കിൽ നിർമ്മിച്ച സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (നിയോസ്പേസ് രണ്ട്), മട്ടന്നൂർ കിൻഫ്ര പാർക്കിൽ ഈ മാസം ഉദ്ഘാടനം ചെയ്ത സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി തുടങ്ങിയവയും കിൻഫ്രയുടെ സമീപകാല നേട്ടങ്ങളാണ്.

**മൂന്നു പതിറ്റാണ്ട് പിന്നിടുന്ന കിൻഫ്ര കേരളത്തിന്റെ വ്യാവസായിക വികസന രംഗത്തെ കുതിച്ചുചാട്ടത്തിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്**





പതിനായിരത്തോളം ജീവനക്കാരെ ഉൾക്കൊള്ളാൻ കഴിയുന്ന ഇലക്ട്രോണിക് ഹാർഡ്‌വെയർ, ഐടി/ഐടി അനുബന്ധസേവനങ്ങൾക്കായി 700 കോടി രൂപ മുതൽമുടക്കിൽ കാക്കനാട് ഇലക്ട്രോണിക് മാനുഫാക്ചറിങ് ക്ലസ്റ്ററിലെ 36.84 ഏക്കർ സ്ഥലത്ത് സ്ഥാപിക്കുന്ന ടിസിഎസ് ഇന്നൊവേഷൻ പാർക്കിനും സംസ്ഥാനസർക്കാരിനുവേണ്ടി ഡിജിറ്റൽ സർവകലാശാല ഒറ്റപ്പാലം ഡിഫൻസ് പാർക്കിൽ 10 ഏക്കർ സ്ഥലത്ത് സ്ഥാപിക്കുന്ന ഗ്രഫീൻ പാർക്കിനും സ്ഥലം അനുവദിച്ചുകഴിഞ്ഞു. കൊച്ചിയിലെ പെട്രോകെമിക്കൽ പാർക്കും ഇലക്ട്രോണിക് മാനുഫാക്ചറിങ്ങ് ക്ലസ്റ്ററും തിരുവനന്തപുരത്തെ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി രണ്ടാംഘട്ടവും യൂണിറ്റി മാളും പാലക്കാട്ടെയും കൊച്ചിയിലേയും ഇൻഡസ്ട്രിയൽ വാട്ടർ സപ്ലൈ പദ്ധതിയും നടപ്പാക്കൽ ഘട്ടത്തിലാണ്.

രാജ്യത്തെ വ്യവസായപാർക്കുകളുടെ അടിസ്ഥാനസൗകര്യങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ നടപ്പാക്കിയ ഇൻഡസ്ട്രിയൽ പാർക്ക് റേറ്റിങ്ങ് സിസ്റ്റത്തിൽ കിൻഫ്രയുടെ കൊച്ചി ഹൈടെക് പാർക്ക്, പാലക്കാട് മെഗാ ഫുഡ് പാർക്ക്, കഴക്കൂട്ടം ഫിലിം ആൻഡ് വീഡിയോ പാർക്ക്, മഴവന്നൂരിലെ ചെറുകിട വ്യവസായ പാർക്ക്, കഞ്ചിക്കോട്ടെ ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്ക് എന്നീ അഞ്ച് പാർക്കുകൾ ദക്ഷിണമേഖലയിൽ മികവിൽ ഒന്നാമതെത്തിയത് കിൻഫ്രയുടെ പ്രവർത്തനമികവിന്റെ തെളിവാണ്.

വ്യവസായവകുപ്പിനു കീഴിലുള്ള കേരള വ്യവസായവികസന കോർപ്പറേഷൻ (കെഎസ്ഐഡിസി) ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളും ഇക്കാര്യത്തിൽ വലിയ പങ്കാണ് വഹിക്കുന്നത്. കെഎസ്ഐഡിസിക്ക കീഴിൽ സബ്സിഡിയറി കമ്പനിയായി ആരംഭിച്ച കേരള ലൈഫ് സയൻസസ് ഇൻഡസ്ട്രീസ് പാർക്ക് (ക്ലിപ്) ലൈഫ് സയൻസ് മേഖലയിൽ വൻതോതിൽ നിക്ഷേപം കൊണ്ടുവരാൻ പര്യാപ്തമാണ്. ജനുവരിയിൽ കൊച്ചിയിൽ നടക്കുന്ന വ്യവസായിക കോൺക്ലേവോടെ കേരളത്തിലെ വ്യവസായിക നിക്ഷേപരംഗത്തിന്റെ മുഖച്ഛായ തന്നെ മാറുമെന്നു പ്രതീക്ഷിക്കാം.■

**അനൂപ് അംബിക**
സി ഇ ഒ, സ്റ്റാർട്ടപ്പ് മിഷൻ



രാജ്യത്തെ ഏറ്റവും വലിയ ബീച്ച് സൈഡ് സ്റ്റാർട്ടപ്പ് ഫെസ്റ്റിവലായ ഹഡിൽ ഗ്ലോബലിന് നവംബറിൽ കോവളം ലീല കൺവെൻഷൻ സെന്റർ വേദിയാകും. നവംബർ 28, 29, 30 തീയതികളിൽ നടക്കുന്ന ഹഡിൽ ഗ്ലോബലിന്റെ ആറാമത് ലക്കം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ലോകമെമ്പാടുമുള്ള നൂറ്റമ്പതോളം നിക്ഷേപകരെത്തും. അയ്യായിരത്തിലധികം സ്റ്റാർട്ടപ്പുകളും ഇരുന്നൂറിലധികം മാർഗനിർദേശകരും പങ്കെടുക്കും. പതിനായിരത്തിലധികം പേർ ഹഡിൽ ഗ്ലോബലിന്റെ ഭാഗമാകും

# യുവസംരംഭകർക്ക് ഒരു വേദി



മുഖ്യമന്ത്രി പിണറായി വിജയൻ, ഓസ്ട്രേഡ് സൗത്ത് ഏഷ്യ മേധാവിയും വ്യവസായ മന്ത്രിയുമായ കാതറിൻ ഗല്ലഗെർ, ഇന്ത്യയിലെ ബെൽജിയം അംബാസഡർ ദിദിയർ വാൻഡർഹസെൽറ്റ്, റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാൾ എന്നിവർ 2023 ലെ ഹഡിൽ ഗ്ലോബൽ വേദിയിൽ

രാജ്യത്തെ ഏറ്റവും ചടുലമായ സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥയെന്ന നിലയിൽ വിവിധ മേഖലയിലുള്ള നിക്ഷേപകരെ സംസ്ഥാനത്തേക്കാകർഷിക്കാനാണ് സ്റ്റാർട്ടപ്പ് മിഷൻ ഹഡിൽ ഗ്ലോബൽ സംഘടിപ്പിക്കുന്നത്. വ്യവസായ സൗഹൃദത്തിൽ രാജ്യത്ത് ഒന്നാം സ്ഥാനം കരസ്ഥമാക്കിയ കേരളത്തിന്റെ സൽപ്പേര് സ്റ്റാർട്ടപ്പ് മേഖലയ്ക്കും മുതൽക്കൂട്ടാകുമെന്നാണ് കരുതുന്നത്. കേരളത്തിന്റെ സ്റ്റാർട്ടപ്പ് മേഖലയെ ഉന്നതിയിലെത്തിക്കുക, പുതിയ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഉൽപന്നങ്ങളും സേവനങ്ങളും വൻ തോതിൽ ലഭ്യമാക്കുന്ന ആഗോളകേന്ദ്രമാക്കി കേരളത്തെ മാറ്റുക തുടങ്ങിയവയും ഹഡിൽ ഗ്ലോബലിന്റെ ലക്ഷ്യങ്ങളാണ്.

പുതിയ ആശയങ്ങളും ഉൽപന്നങ്ങളുമുള്ള കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് വലിയ അവസരമൊരുക്കുന്ന ഹഡിൽ ഗ്ലോബലിൽ എഡ്യൂടെക്, ഓഗ്മെന്റഡ് റിയാലിറ്റി/വെർച്വൽ റിയാലിറ്റി, ഫിൻടെക്, ലൈഫ് സയൻസ്, സ്പേസ്ടെക്, ഹെൽത്ത് ടെക്, ബ്ലോക്ക് ചെയ്ൻ, ഐഒടി, ഇ-ഗവേണൻസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് / മെഷീൻ ലേണിങ് മേഖലകളിലെ






## ആഗോളപ്രശസ്തരായ സ്റ്റാർട്ടപ്പ് സംരംഭകരുടെ അനുഭവങ്ങൾ ഹഡിൽ ഗ്ലോബലിൽ പങ്കുവയ്ക്കും

സംരംഭങ്ങൾക്ക് പങ്കെടുക്കാം. 2018 മുതൽ നടക്കുന്ന ഹഡിൽ ഗ്ലോബൽ സമ്മേളനങ്ങളിൽ തുടർച്ചയായി അയ്യായിരത്തിലധികം സ്റ്റാർട്ടപ്പുകൾ ഇതിനകം പങ്കെടുത്തിട്ടുണ്ട്.

ആഗോളപ്രശസ്തരായ സ്റ്റാർട്ടപ്പ് സംരംഭകരുടെ അനുഭവങ്ങൾ ഹഡിൽ ഗ്ലോബലിൽ പങ്കുവയ്ക്കും. സംരംഭങ്ങൾക്കുള്ള ആശയ രൂപകൽപന, ബിസിനസ് തന്ത്രങ്ങൾ, ഫണ്ട് സമാഹരണം, കമ്പോളവൽക്കരണം തുടങ്ങിയവയിൽ യുവസംരംഭകർക്ക് വിവിധ രംഗങ്ങളിലെ വിദഗ്ധർ മാർഗനിർദേശം നൽകും. വ്യവസായ പ്രമുഖർ, ഗവേഷണ സ്ഥാപന മേധാവികൾ, സർവകലാശാലാ പ്രതിനിധികൾ തുടങ്ങിയവർ ചർച്ചകളിൽ പങ്കെടുക്കും.

സ്റ്റാർട്ടപ്പുകൾക്ക് ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും സാങ്കേതിക-വ്യാവസായിക മേഖലകളിലെ പ്രമുഖരുമായി നേരിട്ട് സംവദിക്കുന്നതിനുമുള്ള അവസരം ഹഡിൽ ഗ്ലോബലിലുണ്ടാകും. നിക്ഷേപകർക്ക് മികച്ച സ്റ്റാർട്ടപ്പുകളെ കണ്ടെത്താനും നിക്ഷേപം നടത്താനുമുള്ള അവസരവും ലഭിക്കും. സംരംഭകർക്കിടയിലെ ആശയവിനിമയം മെച്ചപ്പെടുത്തണമെന്ന ലക്ഷ്യവും ഹഡിൽ ഗ്ലോബലിനുണ്ട്. സ്റ്റാർട്ടപ്പ് എക്സ്പോ, റൗണ്ട് ടേബിൾ ചർച്ചകൾ, നിക്ഷേപക സംഗമങ്ങൾ, ശിൽപശാലകൾ, മെന്റർ മീറ്റിങ്ങുകൾ തുടങ്ങിയവയ്ക്കൊപ്പം സ്റ്റേജ് പരിപാടികളും ഇത്തവണത്തെ സംഗമത്തിന്റെ സവിശേഷതയാണ്.

സ്റ്റാർട്ടപ്പുകൾക്ക് വളരാനുള്ള അവസരമൊരുക്കി സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥയെ സുഗമമാക്കാൻ ഹഡിൽ ഗ്ലോബൽ 2023 ലൂടെ ലക്ഷ്യമിടുന്നു. മന്ത്രിമാർ, ഉന്നത ഉദ്യോഗസ്ഥർ, വ്യവസായ പ്രമുഖർ, നയകർത്താക്കൾ തുടങ്ങിയവർ ഹഡിൽ ഗ്ലോബലിൽ സംസാരിക്കും. 150 നിക്ഷേപകരുള്ള ഇൻവെസ്റ്റർ ഓപ്പൺ പിച്ചുകൾ, ഐഇഡിസി ഹാക്കത്തോൺ, ദേശീയ അന്തർദേശീയ സ്റ്റാർട്ടപ്പ് ഉൽപന്ന പ്രദർശനങ്ങൾ, ഫണ്ടിംഗ് പ്രഖ്യാപനങ്ങൾ, ആഗോള തലത്തിൽ സ്റ്റാർട്ടപ്പുകൾക്കുള്ള ബിസിനസ് അവസരങ്ങൾ മനസ്സിലാക്കാൻ അന്താരാഷ്ട്ര എംബസികളുമായും വ്യാപാര സ്ഥാപനങ്ങളുമായും വ്യവസായ വിദഗ്ധരുമായുമുള്ള പാനൽ ചർച്ചകൾ, നിക്ഷേപ അവസരങ്ങൾ മനസ്സിലാക്കാൻ നിക്ഷേപകരുമായുള്ള പാനൽ ചർച്ചകൾ, നെറ്റ് വർക്കിങ്, മെന്റർ സ്പീഡ് ഡേറ്റിങ്, നിക്ഷേപക കഫേ, കോർപ്പറേറ്റ് നിക്ഷേപ പ്രഖ്യാപനങ്ങൾ, സ്റ്റാർട്ടപ്പുകളെ പിന്തുണയ്ക്കുന്നതിനായി വിവിധ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പിടൽ, മറ്റ് ബിസിനസ്-നിക്ഷേപ അധിഷ്ഠിത പ്രവർത്തനങ്ങൾ തുടങ്ങിയവ ഹഡിൽ ഗ്ലോബലിന്റെ സവിശേഷതയാണ്.■

ഡോ.കെ.കെ. അബ്ദുൾ റഷീദ്
കോർഡിനേറ്റർ, നെറ്റ് പ്രോ. ഫാൻ കേരള



> എഫ്.എസ്.എസ്.എ.ഐ യുടെ ഭക്ഷ്യസുരക്ഷാസൂചിക 2024 -ൽ തുടർച്ചയായി രണ്ടാം വർഷവും ഒന്നാംസ്ഥാനം കരസ്ഥമാക്കി കേരളം ചരിത്രം സൃഷ്ടിച്ചിരിക്കുന്നു

# മികച്ച ഭക്ഷണം സുരക്ഷയോടെ

രാജ്യത്തെ മികവിന്റെ സൂചികകൾ ഏതെടുത്താലും അഭിമാനിക്കാനുള്ള വകയുള്ള നാടാണ് കേരളം. ദാരിദ്ര്യം ഏറ്റവും കുറഞ്ഞ നാടും ആരോഗ്യകരമായ ജീവിതം നയിക്കുന്നവരുടെ നാടും ഭക്ഷ്യഭദ്രതാ നിയമം ഫലപ്രദമായി നടപ്പാക്കിയ നാടും നമ്മുടേതാണ്. രാജ്യത്തിന്റെ തെക്കേയറ്റത്തുള്ള ഒരു ചെറിയ ഭൂപ്രദേശം ഈ നേട്ടങ്ങളെല്ലാം കൈവരിച്ചത് പിഴവില്ലാത്ത ആസൂത്രണവും സമാനതകളില്ലാത്ത പ്രവർത്തനമികവും കൊണ്ടാണ്. ഏവർക്കും സുരക്ഷിതവും പോഷകസമ്പുഷ്ടവുമായ ആഹാരം ലഭ്യമാക്കുകയും അത് നേടാനാവശ്യമായ സാഹചര്യം സൃഷ്ടിക്കുകയും ചെയ്താണ് കേരളം ഈ നേട്ടം കൈവരിച്ചത്.

സമഗ്രമായ ഭക്ഷ്യസുരക്ഷാനയമാണ് സർക്കാർ നടപ്പിലാക്കിയത്. നല്ല ഭക്ഷണം നാടിന്റെ അവകാശം എന്ന ക്യാമ്പയിനിലൂടെ ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങൾ ഒറ്റക്കുടക്കീഴിലാക്കി. മീനിലെ മായം കണ്ടെത്തുന്നതിനായുള്ള ഓപ്പറേഷൻ മത്സ്യ, ശർക്കരയിലെ മായം തടയുന്നതിനുള്ള ഓപ്പറേഷൻ ജാഗറി, ഹോട്ടലുകളും റെസ്റ്റോറന്റുകളും പരിശോധിക്കുന്നതിനുള്ള ഓപ്പറേഷൻ ഹോളിഡേ തുടങ്ങി വിവിധ പേരുകളിലറിയപ്പെടുന്ന ഓപ്പറേഷനുകൾ ഏകോപിപ്പിച്ചു. ഹോട്ടലുകൾക്ക് സ്റ്റാർ കാറ്റഗറി, വൃത്തിയുള്ള സുരക്ഷിത ഭക്ഷണം തെരഞ്ഞെടുക്കാൻ ഈറ്റ് റൈറ്റ് കേരള ആപ്പ്, ഭക്ഷ്യസുരക്ഷ പരിശോധനയ്ക്ക് പ്രത്യേക ടാസ്ക് ഫോഴ്സ്, ഉപയോഗിച്ച എണ്ണ തിരിച്ചെടുക്കുന്ന റൂക്കോ തുടങ്ങി വിവിധ പദ്ധതികൾ നടപ്പിലാക്കി.



## റാങ്കിങ്ങിന് അഞ്ച് മാനദണ്ഡങ്ങൾ

ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ (എഫ്.എസ്.എസ്.എ.ഐ) പുറത്തിറക്കിയ വാർഷിക റാങ്കിങ്ങിലാണ് കേരളം തുടർച്ചയായി നേട്ടം കൊയ്തത്. സംസ്ഥാനങ്ങളുടെയും കേന്ദ്ര ഭരണപ്രദേശങ്ങളുടെയും ഭക്ഷ്യസുരക്ഷാ പ്രകടനം വിലയിരുത്തുന്നതിനായാണ് എഫ്എസ്എസ്എഐ ഇത്തരം റാങ്കിങ് നടത്തുന്നത്.

മാനദണ്ഡങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്താറുണ്ടെങ്കിലും പ്രധാനമായും അഞ്ച് ഘടകങ്ങളാണ് പരിഗണിക്കുക. മാനവശേഷി സ്ഥാപനഡേറ്റ (Human Resource and Institutional Data), പാലനം (Compliance), ഭക്ഷ്യപരിശോധന സൗകര്യങ്ങളും മേൽനോട്ടവും, പരിശീലനവും കാര്യക്ഷമതാ നിർമ്മാണവും (Training & Capactiy Building), ഉപഭോക്തൃ ശാക്തീകരണ പദ്ധതികൾ (Consumer Empowerment) എന്നിവയ്ക്ക് പുറമെ മുൻവർഷത്തിൽ നിന്നുള്ള മെച്ചപ്പെടുത്തലും പരിഗണനാവിഷയമാണ്. ആധാരമാക്കിയ മാനദണ്ഡങ്ങളിലെല്ലാം ഏറ്റവും മുൻപിലാണ് കേരളം. മികച്ച ഭക്ഷണം ലഭിക്കാൻ ഭൗതികവും സാമൂഹികവും സാമ്പത്തികവുമായ സാഹചര്യം സൃഷ്ടിക്കുന്നതിലും നാം മുന്നിലാണ്.






**സമഗ്രമായ ഭക്ഷ്യസുരക്ഷാനയമാണ് സർക്കാർ നടപ്പിലാക്കിയത്. നല്ല ഭക്ഷണം നാടിന്റെ അവകാശം എന്ന ക്യാമ്പയിനിലൂടെ ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങൾ ഒറ്റക്കുടക്കീഴിലാക്കി**

സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി കർശനവും ആവർത്തിച്ചുമുള്ള പരിശോധനകൾ ഏർപ്പെടുത്തി. ഹോട്ടലുകൾ, വഴിയോര കച്ചവടകേന്ദ്രങ്ങൾ, തിരക്കുള്ള വ്യാപാര കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ പ്രത്യേക പരിശോധനയ്ക്കായി സ്ക്വാഡുകളെ നിയോഗിച്ചു. മുൻവർഷങ്ങളേക്കാൾ റെക്കോർഡ് പരിശോധനകളാണ് ഭക്ഷ്യസുരക്ഷാ വകുപ്പ് പോയ വർഷം പൂർത്തിയാക്കിയത്. പിഴത്തുക ഇരട്ടിയാക്കിയതോടെ ഈ രംഗത്ത് വകുപ്പിന്റെ വരുമാനവും വർധിച്ചു.

### ഓപ്പറേഷൻ ഷവർമ്മ

കഴിഞ്ഞ രണ്ടുവർഷത്തിനിടെ തെക്കൻ ജില്ലകളിൽ മാത്രം ഏകദേശം 35,000

കേരളം ഭക്ഷ്യ സുരക്ഷാ രംഗത്ത് നടത്തുന്ന മികച്ച പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ് ഈ നേട്ടം. ചരിത്രത്തിൽ ആദ്യമായി കഴിഞ്ഞ വർഷമാണ് കേരളം ഒന്നാം സ്ഥാനം നേടിയത്. ശക്തമായ പ്രവർത്തനങ്ങളിലൂടെ തുടർച്ചയായ രണ്ടാം വർഷവും കേരളം ഒന്നാം സ്ഥാനം നിലനിർത്തുകയായിരുന്നു. ഭക്ഷ്യസുരക്ഷ പരിശോധന, സാമ്പിൾ ശേഖരണം, സാമ്പിൾ പരിശോധന, പ്രോസിക്യൂഷൻ കേസുകൾ, എൻ.എ.ബി.എൽ അംഗീകാരമുള്ള ലാബുകളുടെ എണ്ണം, ലാബുകളിലെ പരിശോധനാ മികവ്, മൊബൈൽ ലാബിന്റെ പ്രവർത്തനം, പരിശീലനം, ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടങ്ങി 40ഓളം മേഖലകളിലെ പ്രവർത്തന മികവാണ് ദേശീയ ഭക്ഷ്യസുരക്ഷ സൂചികയിൽ കേരളം ഒന്നാം സ്ഥാനത്തെത്തിയത്.

**വീണാ ജോർജ്**
ആരോഗ്യ, കുടുംബക്ഷേമ വകുപ്പ് മന്ത്രി



കിലോഗ്രാം മായം കലർന്ന മത്സ്യം ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ പിടിച്ചെടുത്തിട്ടുണ്ട്. അറബിക് വിഭവങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ സംസ്ഥാനമാകെ ആയിരക്കണക്കിന് കടകളിൽ പരിശോധന നടത്തി. ഷവർമ്മ നിർമ്മാണത്തിന് പ്രത്യേക മാർഗനിർദേശം പുറത്തിറക്കിയ സർക്കാർ പച്ചമുട്ട ചേർത്ത മയോണൈസ് നിരോധനവും കർശനമാക്കി. അതോടെ ഈ രംഗത്തെ പരാതികളുടെ എണ്ണവും കുറഞ്ഞു. വൻ ഭക്ഷ്യദുരന്തങ്ങൾ ഒന്നും തന്നെ അടുത്തിടെ സംസ്ഥാനത്തുണ്ടായിട്ടില്ല എന്നുള്ളതും എടുത്തുപറയേണ്ടതാണ്.

വഴിയോര ഭക്ഷ്യകേന്ദ്രങ്ങളിൽ ശുചിത്വവും ഗുണനിലവാരവും ഉറപ്പാക്കുന്നതിന് നടപടികളെടുത്തു. ഓൺലൈൻ റിപ്പോർട്ടിങ്ങിലൂടെ ശക്തമായ നടപടി സ്വീകരിക്കുന്ന സർക്കാർ ഭക്ഷണം വിളമ്പുന്നവരുടെ ശുചിത്വം പ്രധാനമാക്കി. അതിനായി ഹോട്ടൽ ജീവക്കാർക്ക് ഹെൽത്ത് കാർഡ് നിർബന്ധമാക്കി. കേരള മെഡിക്കൽ സർവീസ് കോർപറേഷൻ വഴി കുറഞ്ഞ വിലയ്ക്ക് ടൈഫോയിഡ് വാക്സിൻ നൽകി.


ലൈസൻസ് ലഭിക്കുന്നതിനും പരിശോധന ഫലങ്ങൾ ലഭിക്കുന്നതിനും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി. ഇത് സുതാര്യതയും സുഗമമായ പ്രവർത്തനവും ഉറപ്പാക്കി. പുതിയ ലൈസൻസ് നൽകുന്നതിനായി പ്രത്യേക ക്യാമ്പുകളും ഡ്രൈവുകളും നടത്തി.

## ലാബുകൾ ആധുനികം

ഭക്ഷ്യസുരക്ഷാ പരിശോധനാ ലാബുകൾ കുറ്റമറ്റതാക്കുകയും ആധുനികവൽക്കരിക്കുകയും ചെയ്തു. ഇവയ്ക്ക് അക്രഡിറ്റേഷൻ നേടിയെടുത്തു. പൊതുജനങ്ങൾക്ക

**സമഗ്രമായ ഭക്ഷ്യസുരക്ഷാനയം, കർശനമായ ഭക്ഷ്യസുരക്ഷാനടപടികൾ, വിപുലമായ അടിസ്ഥാന സൗകര്യങ്ങൾ, ശക്തമായ നിരീക്ഷണം, ജനകീയ ഇടപെടലുകൾ എന്നിവയിലൂടെയാണ് തമിഴ്നാട്, ജമ്മു കശ്മീർ, ഗുജറാത്ത് എന്നിവയെ പിന്തള്ളി കേരളം ഒന്നാമതെത്തിയത്**






## ഈറ്റ് റൈറ്റ് ആപ്പ്

ശുചിത്വവും ഭക്ഷ്യസുരക്ഷാ റേറ്റിങ്ങും ഉള്ള റെസ്റ്റോറന്റുകൾ തെരഞ്ഞെടുക്കാൻ ഉപഭോക്താക്കളെ സഹായിക്കുന്നതിനായി സർക്കാർ ആരംഭിച്ച മൊബൈൽ ആപ്ലിക്കേഷനാണ് 'ഈറ്റ് റൈറ്റ് കേരള'. റെസ്റ്റോറന്റുകളുടെ ശുചിത്വ റേറ്റിങ്ങുകളും അവയുടെ ലൊക്കേഷൻ വിശദാംശങ്ങളും പരാതി-പരിഹാര ഓപ്ഷനുകളും ആപ്പിലുണ്ട്. എഫ്.എസ്.എസ്.എ.ഐയുടെ ഓഡിറ്റിന്റെ അടിസ്ഥാനത്തിലാണ് റേറ്റിങ്ങ് നൽകുന്നത്. ഇത് ഭക്ഷണശാലയുടെ വിശ്വാസ്യത വർധിപ്പിക്കുകയും ഗുണനിലവാരം നിലനിർത്തുന്നതിൽ ഭക്ഷണശാലകൾക്കിടയിൽ മത്സരം വർധിപ്പിക്കുകയും ചെയ്യും. ഗൂഗിൾ പ്ലേ സ്റ്റോറിൽ ആപ്പിന് ആദ്യ ആഴ്ച തന്നെ 10,000-ലധികം ഡൗൺലോഡുകൾ ലഭിച്ചു. ആപ്പ് ജനപ്രിയമാക്കാനുള്ള ശ്രമങ്ങൾ തുടരുകയാണ്.

കൂടി ആശ്രയിക്കാവുന്ന തരത്തിൽ ഇവ ജനകീയമായതും ലക്ഷ്യപൂർത്തീകരണത്തിന് സഹായിച്ചു. എല്ലാ ജില്ലകളിലും ചലിക്കുന്ന ഭക്ഷ്യസുരക്ഷാ ലാബുകളുള്ള ഏക സംസ്ഥാനം കൂടിയാണ് കേരളം. ഇതിനെല്ലാം പുറമെ ജനകീയമായ ഇടപെടലുകളും ഈ മേഖലയിൽ സർക്കാർ പ്രോത്സാഹിപ്പിച്ചു. ഉപഭോക്തൃ സംരക്ഷണ സംഘടനകളുമായി സഹകരിച്ച് ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കൽ, ശരിയായ ലേബലിങ്, ശുചിത്വമാനദണ്ഡങ്ങൾ എന്നിവയെക്കുറിച്ചുള്ള ക്ലാസുകൾ സംഘടിപ്പിച്ചു. ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട അവകാശങ്ങളും കടമകളും ബോധ്യപ്പെടുത്തുന്നതിനായും ബോധവൽക്കരണ പരിപാടികൾ നടക്കുന്നുണ്ട്. മൂവായിരത്തോളം ക്ലാസ്സുകളാണ് സംസ്ഥാനത്താകെ സംഘടിപ്പിച്ചത്. 140 പഞ്ചായത്തുകളിൽ ഭക്ഷ്യസുരക്ഷ ഗ്രാമപഞ്ചായത്ത് പദ്ധതി നടപ്പിലാക്കി. 500 ഓളം സ്കൂളുകളിൽ സേഫ് ആൻഡ് ന്യൂട്രീഷ്യസ് ഫുഡ് അറ്റ് സ്കൂൾ പദ്ധതി നടപ്പാക്കി. ഭക്ഷ്യമേഖലയിൽ സംരംഭം തുടങ്ങുന്നവർക്കായി പരിശീലനങ്ങൾ നൽകി. സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുകയും ഇവയെ വിവിധ ക്യാമ്പസുകളാക്കി മാറ്റുകയും ചെയ്തു. ചെറുധാന്യങ്ങൾ, മൂല്യവർധിത ഉൽപന്നങ്ങൾ തുടങ്ങിയവ പ്രോത്സാഹിപ്പിക്കാനായി സെമിനാറുകൾ നടത്തി.



2006-ലാണ് രാജ്യത്ത് ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അഥവാ ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് ആക്റ്റ് നടപ്പിലാക്കിയത്. രാജ്യത്തെ ഭക്ഷ്യനിയമങ്ങളുടെ ഏകീകരണത്തിലും നിയന്ത്രണ സംവിധാനങ്ങളിലും കാലോചിതമായ മാറ്റം ഉറപ്പാക്കി. ഈ നിയമപ്രകാരമുള്ള നിർദേശങ്ങൾ ഉൾപ്പെടുത്തി രാജ്യത്ത് ആദ്യമായി കേരളത്തിലാണ് ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റ് രൂപീകരിച്ചത്. 2016 ലാണ് സംസ്ഥാനത്ത് ദേശീയ ഭക്ഷ്യഭദ്രത നിയമം നടപ്പിലാക്കിയത്.

സമഗ്രമായ ഭക്ഷ്യസുരക്ഷാ നയം, കർശനമായ ഭക്ഷ്യസുരക്ഷാനടപടികൾ, വിപുലമായ അടിസ്ഥാനസൗകര്യങ്ങൾ, ശക്തമായ നിരീക്ഷണം, ജനകീയ ഇടപെടലുകൾ എന്നിവയിലൂടെയാണ് തമിഴ്നാട്, ജമ്മു കശ്മീർ, ഗുജറാത്ത് എന്നിവയെ പിന്തള്ളി കേരളം ഒന്നാമതെത്തിയത്. പൊതുജനാരോഗ്യത്തോടുള്ള സംസ്ഥാനത്തിന്റെ പ്രതിജ്ഞാബദ്ധതയുടെ തെളിവാണ് കേരളത്തിന്റെ സ്ഥിരതയുള്ള റാങ്കിങ്. നല്ല ഭക്ഷണം ഒരു നാടിന്റെ പുരോഗതിയുടെ അടയാളമാണ്. അതിന്റെ അഭിമാനം നമുക്കും സർക്കാരിനും ഭാവിതലമുറയ്ക്കും സ്വന്തം.■

നിർമാല്യ ടി. സുന്ദർ
മാധ്യമ പ്രവർത്തക

ഭിന്നശേഷിക്കാരുടെയും അവരുടെ രക്ഷിതാക്കളുടെയും ജീവിതം മെച്ചപ്പെടുത്തുന്നതിനായി അശ്രാന്തം പ്രവർത്തിക്കുന്ന രാജ്യാന്തര സ്ഥാപനമായി വികസിച്ച നിപ്മറിന് ഐക്യരാഷ്ട്രസംഘടനയുടെ കർമ്മസേന (NCD Task Force) പുരസ്കാരം ലഭിച്ചു



# ചേർത്തുപിടിക്കലിന്റെ പാഠശാല



ഇരിഞ്ഞാലക്കുട നെല്ലായയിൽ നിന്നാണ് ഉദയ മകനെയും കൊണ്ട് നിപ്മറിലേക്കെത്തുന്നത്. പത്ത് വയസ്സുവരെ ചെന്നൈയിൽ സ്പെഷ്യൽ സ്കൂളിലായിരുന്നു മകന്റെ പഠനം. സാധാരണ സ്കൂൾ സമയം തന്നെയായിരുന്നതിനാൽ തെറപ്പി നൽകൽ പ്രയാസകരമായി. അങ്ങനെയിരിക്കെയാണ് ഇരിങ്ങാലക്കുടയ്ക്ക് സമീപം കല്ലേറ്റുംകരയിൽ സ്ഥിതിചെയ്യുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റിഹാബിലിറ്റേഷനെ (നിപ്മർ) കുറിച്ച് കേൾക്കുന്നതും ഇങ്ങോട്ടേക്കെത്തുന്നതും. ഇപ്പോൾ രണ്ടുവർഷമായി നിപ്മറിലാണ് പഠനവും പരിശീലനവും. സ്കൂൾ വിദ്യാഭ്യാസത്തോടൊപ്പം ഒക്യുപേഷണൽ തെറപ്പിയും സ്പീച്ച് തെറപ്പിയും ബിഹേവിയർ തെറപ്പിയും അക്വാട്ടിക് തെറപ്പിയും എക്സ്ട്രാ കരിക്കുലർ ആക്ടിവിറ്റികളും ചെയ്യുന്നു. സ്കേറ്റിംഗ് പഠനം തുടങ്ങി. 'കറുപ്പും വെള്ളയും മാത്രമായിരുന്ന ഞങ്ങളുടെ ജീവിതത്തിലേക്ക് നിറങ്ങൾ ചൊരിഞ്ഞ സ്ഥാപനമാണ് നിപ്മർ. നല്ല വ്യത്യാസമാണ് മകനിൽ ഉള്ളത്. ഒരു പോസിറ്റീവ് ചേഞ്ച്. മകന്റെ വളർച്ചയ്ക്കൊപ്പം അമ്മയായ എനിക്കും പുതിയ കാര്യങ്ങൾ പഠിക്കാനായി. ലൈഫ് ശരിക്കും കളർഫുൾ ആയി' നിറചിരിയോടെ ഉദയ പറയുന്നു.


ഉദയയെപ്പോലെ ഒട്ടേറെപ്പേരുടെ ആശ്രയമാണ് സംസ്ഥാന സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണസ്ഥാപനമായ നിപ്മർ. വിദ്യാർഥികൾക്ക് അവരുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനും മറ്റു കുട്ടികളുമായി ഇടപഴകാൻ കഴിയുന്ന തരത്തിലുമാണ് നിപ്മറിലെ പരിശീലനം. പ്രീപ്രൈമറി, പ്രൈമറി, സെക്കൻഡറി, പ്രീവൊക്കേഷൻഎന്നീവിഭാഗങ്ങളിലായിനാലു കുട്ടികൾക്ക് ഒരു ടീച്ചർ എന്ന രീതിയിലാണ് ക്ലാസുകൾ.സെറിബ്രൽപാൾസി,ഓട്ടിസം, ഇന്റലക്ച്വൽ ആൻഡ് ഡെവലപ്മെന്റ് ഡിസബിലിറ്റീസ് എന്നിവ ബാധിച്ചവർക്കായി ചിത്രങ്ങൾ വരച്ച് ആകർഷകമാക്കിയ ആധുനിക സംവിധാനങ്ങളോടുകൂടിയ ക്ലാസ് റൂമുകൾ ഒരുക്കിയിട്ടുണ്ട്. കുട്ടികൾ ആഴ്ചയിൽ മൂന്ന് ദിവസം നിപ്മറിലേക്ക് വരികയും രണ്ടുദിവസം റെഗുലർ സ്കൂളുകളിലേക്ക് പോവുകയും ചെയ്യും. കുട്ടികളുടെ കഴിവുകൾ തിരിച്ചറിയുക, പ്രോത്സാഹിപ്പിക്കുക, വികസിപ്പിക്കുക, അവരെ മുഖ്യധാരാസമൂഹവുമായി സംയോജിപ്പിക്കുക എന്നിവയാണ് സ്കൂളിന്റെ പ്രധാന ലക്ഷ്യങ്ങൾ. പ്രത്യേക വിദ്യാഭ്യാസം, ശാരീരികവിദ്യാഭ്യാസം, മ്യൂസിക് തെറാപ്പി, കുട്ടികളുടെ വ്യക്തിഗത ആവശ്യങ്ങൾക്ക് അനുസരിച്ചുള്ള ചികിത്സാ സെഷനുകൾ എന്നിവ പരിശീലനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## തെറപ്പി സേവനങ്ങൾ വീട്ടിലെത്തും

റീഹാബ് എക്സ്പ്രസ്സും റീഹാബ് ഓൺ വീൽസും വീൽസ് ട്രാൻസും നിപ്മറിന്റെ ജനകീയമായ പദ്ധതികളാണ്. റീഹാബ് എക്സ്പ്രസ്സിലൂടെ ഭിന്നശേഷിക്കാർക്കുള്ള തെറപ്പി സേവനങ്ങൾ വീട്ടിലെത്തും. നിപ്മറും സാമൂഹികസുരക്ഷാ മിഷനും ചേർന്നാണ് ഇത് നടപ്പാക്കുന്നത്. കെഎസ്ആർടിസിയുടെ ലോഫ്ളോർ ബസ് ഇതിനായിമാറ്റിയെടുത്തു. ഫിസിയോ തെറപ്പി, ഒക്കുപേഷനൽ തെറപ്പി, സ്പീച്ച് തെറപ്പി ഉൾപ്പെടെയുള്ള സേവനങ്ങൾ, ഡോക്ടർമാരുടെയും വിവിധ തെറപ്പിസ്റ്റുകളുടെയും സേവനം തുടങ്ങിയവ ഇതിലുണ്ട്.



അക്വാട്ടിക് റീഹാബിലിറ്റേഷൻ സെന്റർ








വെർച്വൽ റീഹാബിലിറ്റേഷൻ സെന്റർ

തെറപ്പി സൗകര്യം ഇല്ലാത്ത മേഖലകളിൽക്കൂടി സേവനമെത്തിക്കുകയാണ് ലക്ഷ്യം. തദ്ദേശസ്ഥാപനങ്ങളും സന്നദ്ധസംഘടനകളും ആവശ്യപ്പെടുന്നതനുസരിച്ചാണ് റീഹാബ് എക്സ്പ്രസ് പ്രദേശത്ത് ക്യാമ്പ് ചെയ്യുക. റീഹാബ് ഓൺ വീൽസിലൂടെ തെറാപ്പിസ്റ്റുകൾ ബഡ്സ് സ്കൂൾ സന്ദർശിച്ച് ഓഡിയോടെസ്റ്റ്, സ്പീച്ച് തെറപ്പി, സൈക്കോതെറപ്പി, ഒക്യുപേഷണൽ തെറപ്പി തുടങ്ങിയവ നൽകും. ഭിന്നശേഷിസൗഹൃദമായി പരിഷ്കരിച്ച ആംബുലൻസ് ആണ് വീൽസ് ട്രാൻസ്. തടസ്സമില്ലാതെ ഭിന്നശേഷിക്കാർക്ക് ഹൈഡ്രോളിക് ലിഫ്റ്റിന്റെ സഹായത്തോടെ ആംബുലൻസിൽ പ്രവേശിക്കാനും സഞ്ചരിക്കാനുമാകും.

എടുത്തുപറയേണ്ട മറ്റൊരു സവിശേഷതയാണ് സെൻസറി പാർക്ക്. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രത്യേക ഇന്ദ്രിയാനുഭവങ്ങൾക്ക് അവസരമൊരുക്കുകയാണ് ഇവിടെ. അമേരിക്കൻ ഡിസബിലിറ്റി അസോസിയേഷൻ മാനദണ്ഡങ്ങൾക്കനുസരിച്ച് നിർമ്മിച്ച സെൻസറി പാർക്ക് അപകടരഹിതവും ശിശുസൗഹാർദവും ആക്കാൻ റബറൈസ്ഡ് ഫ്ളോറിങ്ങാണ് ഉപയോഗിച്ചിരിക്കുന്നത്. വിവിധ തരം ഔഷധസസ്യങ്ങൾ പൂന്തോട്ടത്തിലുണ്ട്. ഒരു മ്യൂസിക്കൽ ഗാർഡനും ഒരുക്കിയിട്ടുണ്ട്.

**പഠിതാക്കളുടെ രക്ഷിതാക്കളുടെയും നൂറ്റിയമ്പതോളം വരുന്ന ജീവനക്കാരുടെയും വിയർപ്പിന്റെയും അക്ഷീണ പ്രയത്നത്തിന്റെയും ഫലമാണ് നിപ്മറിന്റെ പ്രശസ്തി**

18 വയസ്സിന് മുകളിലുള്ള ഭിന്നശേഷിക്കാർക്ക് തൊഴിൽപരിശീലനം നൽകുന്ന പദ്ധതിയാണ് എം-വോക്ക് (em-voc) നൈപുണ്യപരിശീലനം, ജോലിയുമായി ബന്ധപ്പെട്ട അക്കാദമിക് ഫങ്ഷനുകൾ, കമ്പ്യൂട്ടർ ട്രെയിനിങ്, ഹോർട്ടികൾച്ചർ, ബേക്കിങ്, ഹൗസ് കീപ്പിങ്, ടൈലറിങ് തുടങ്ങി നൈപുണ്യത്തിന്റെയും താൽപര്യത്തിന്റെയും അടിസ്ഥാനത്തിൽ പരിശീലനം നൽകും. ഭിന്നശേഷി സൗഹൃദമായ സൂപ്പർ മാർക്കറ്റും ഇവിടെയുണ്ട്. എം-വോക്കിലൂടെ പരിശീലനം നേടിയവരാണ് ഇവിടെ തൊഴിലെടുക്കുന്നത്. ഭിന്നശേഷിക്കാർക്ക് മാത്രമല്ല അവരുടെ മാതാപിതാക്കൾക്ക് കൂടി പ്രത്യേക ക്യാമ്പുകളും സ്വയം തൊഴിൽ പരിശീലനവും നൽകുന്നുണ്ട്. മക്കളുടെ വളർച്ചയും അമ്മമാരുടെ വളർച്ചയും നിപ്മർ ശ്രദ്ധിക്കുന്നു. അക്വാട്ടിക് റീഹാബിലിറ്റേഷൻ സെന്ററിന് കീഴിൽ കുട്ടികൾക്ക് ജല അനുഭവം നൽകുന്നതിനായി അക്വാട്ടിക് റിക്രിയേഷൻ ഫെസിലിറ്റിയും ഒരുക്കിയിട്ടുണ്ട്. സുരക്ഷിതമായി ജലത്തിൽ കളിക്കാൻ വെള്ളത്തിനടിയിൽ പ്ലാറ്റ്ഫോമും കുളത്തിന് ചുറ്റും സഞ്ചരിക്കാൻ പെഡൽ



ബേക്കിങ് യൂണിറ്റിലെ പഠിതാക്കൾ



ബോട്ടും ചുറ്റും വീൽചെയർ ആംബുലേഷൻ ട്രാക്കും നിർമ്മിച്ചിട്ടുണ്ട്.

വെർച്വൽ റിയാലിറ്റി ഉപയോഗിച്ച് പുനരധിവാസത്തിന് സഹായകമാകും വിധം വിവിധ സംവിധാനങ്ങൾ നിപ്മർ ഒരുക്കിയിട്ടുണ്ട്. വെർച്വൽ റിയാലിറ്റി ബേസ്ഡ് മോട്ടോർ റീഹാബിലിറ്റേഷൻ യൂണിറ്റ്, വെർച്വൽ റീഹാബിലിറ്റേഷൻ യൂണിറ്റ്, ഇൻസ്ട്രുമെന്റ് ഗൈഡ് ആൻഡ് മോഷൻ അനാലിസിസ് ലാബ് തുടങ്ങിയവ ഉദാഹരണമാണ്. ഇൻസ്ട്രുമെന്റ് ഗൈഡ് ആൻഡ് മോഷൻ അനാലിസിസ് ലാബിലൂടെ രോഗിയുടെ അവസ്ഥ പരിശോധിക്കുകയും ക്യാമറ വഴി രേഖപ്പെടുത്തുകയും ഇതെല്ലാം ക്ലിനിക്കൽ വിവരങ്ങളിലേക്ക് ചേർക്കുകയും ചെയ്യുന്നു. തെറപ്പിയുടെ ഫലം വസ്തുനിഷ്ഠമായി വിലയിരുത്താൻ ഇത് സഹായകമാണ്. വെർച്വൽ റീഹാബിലിറ്റേഷൻ യൂണിറ്റിലൂടെ സ്ട്രോക്ക്, പക്ഷാഘാതം, കോഗ്നിറ്റീവ് ഡെഫിസിറ്റ് തുടങ്ങിയ അവസ്ഥകളുള്ള രോഗികൾക്ക് സാങ്കേതികവിദ്യ മെച്ചപ്പെടുത്തി മികച്ച രീതിയിൽ ചികിത്സ നൽകുന്ന രീതിയാണ് ഇത്. പോസ്റ്റ് സ്ട്രോക്ക് രോഗികൾക്കുള്ള സിമുലേഷൻ വ്യായാമങ്ങൾ വീഡിയോ ഗെയിമിന്റെ സഹായത്തോടെ പരിശീലിപ്പിക്കും.



പഠിതാക്കളുടെ രക്ഷിതാക്കളുടെയും നൂറ്റിയമ്പതോളം വരുന്ന ജീവനക്കാരുടെയും വിയർപ്പിന്റെയും അക്ഷീണപ്രയത്നത്തിന്റെയും ഫലമാണ് നിപ്മറിന്റെ പ്രശസ്തി. എല്ലാത്തരം ഭിന്നശേഷിക്കാരുടെയും പുനരധിവാസപ്രക്രിയയിൽ മികവിന്റെ കേന്ദ്രമായി തീർന്നിരിക്കുകയാണ് നിപ്മർ. കഴിഞ്ഞ മൂന്നുവർഷം തുടർച്ചയായി ഭിന്നശേഷിമേഖലയിലെ പ്രവർത്തനത്തിന് സംസ്ഥാന പുരസ്കാരം നിപ്മർ നേടി. ഭിന്നശേഷി പുനരധിവാസത്തിന് വെർച്വൽ റിയാലിറ്റി സംവിധാനം രാജ്യത്ത് ആദ്യമായി ഒരുക്കിയ നിപ്മറിനെ ലോകാരോഗ്യ സംഘടനയുമായി സഹകരിച്ചുള്ള സഹായക സാങ്കേതികവിദ്യാ പരിശീലന പരിപാടിക്കായും തെരഞ്ഞെടുത്തിട്ടുണ്ട്.

## അഭിമാനമായി യുഎൻ പുരസ്കാരം

പകർച്ചേതരവ്യാധികളുടെ മേഖലയിലും സഹായക സാങ്കേതികവിദ്യാ മേഖലയിലും നടത്തിയ മികച്ച പ്രവർത്തനങ്ങളാണ് നിപ്മറിനെ യുഎൻ പുരസ്കാരത്തിന് അർഹമാക്കിയത്. 2023 വർഷത്തിൽ പകർച്ചേതരവ്യാധികളുടെ നിയന്ത്രണം, മാനസികാരോഗ്യം, സഹായക സാങ്കേതികവിദ്യ (Assistive Technology) എന്നീ മേഖലകളിൽ തിളക്കമുറ്റ പ്രവർത്തനം കാഴ്ചവച്ച സ്ഥാപനങ്ങളിൽ നിന്നാണ് നിപ്മർ അന്താരാഷ്ട്ര പുരസ്കാരത്തിന് തെരഞ്ഞെടുക്കപ്പെട്ടത്. അന്താരാഷ്ട്ര സുസ്ഥിരവികസനലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിൽ നിപ്മർ നൽകുന്ന സംഭാവനകളെ പ്രത്യേകം പരിഗണിച്ചാണ് പുരസ്കാരം. ന്യൂയോർക്കിൽ നടന്ന യു.എൻ പൊതുസഭയുടെ ഏഴാമത് സമ്മേളനത്തോട് അനുബന്ധിച്ച് നടന്ന ചടങ്ങിൽ അവാർഡ് ഏറ്റുവാങ്ങി.■



മലയാളി മറന്ന ചെറുധാന്യ രുചികളുടെ കലവറയാണ് മില്ലറ്റ് കഫെ. കൃഷി വകുപ്പ് മില്ലറ്റ് ജനകീയമാക്കൽ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തുടനീളം മില്ലറ്റ് കഫെകൾ ആരംഭിക്കുകയാണ്




# മില്ലറ്റ് കഫെ ഒരു ആരോഗ്യ പത്തായം

മലയാളിയുടെ തീന്മേശയിൽ ഒരു നേരമെങ്കിലും ചെറുധാന്യങ്ങൾ വിളമ്പണം, ആളുകൾ ആരോഗ്യത്തോടെയിരിക്കണം, ആശുപത്രി സന്ദർശനം കുറയണം - തിരുവനന്തപുരം ഉള്ളൂരിലെ മില്ലറ്റ് കഫെയിലിരുന്ന് ഗാർഡൻ റോസ് കൃഷിക്കൂട്ടം അംഗങ്ങൾ ചിന്തകൾ പങ്കുവെച്ചു. ഒരു സംരംഭം തുടങ്ങുക എന്നതിലുപരി അത് ജനോപകാരപ്രദമാകുക എന്നതായിരുന്നു ഇവരുടെ ആഗ്രഹം. ആ ചിന്തയാണ് മില്ലറ്റുകളുടെ നന്മയിലേക്ക് കണ്ണുതുറപ്പിച്ചത്. അറിവും പഠനവും തയ്യാറെടുപ്പുകളും ചേർന്ന് അതൊരു പദ്ധതിയായി. ഒടുവിൽ ഏറെ നാളത്തെ ആ സ്വപ്നത്തിന് ചിറകുവിരിഞ്ഞു. സംസ്ഥാന സർക്കാരിന്റെ കൈത്താങ്ങുകൂടി ലഭിച്ചതോടെ ഉള്ളൂരിൽ സംസ്ഥാനത്തെ ആദ്യ മില്ലറ്റ് കഫെയ്ക്ക് ഗാർഡൻ റോസ് കൃഷിക്കൂട്ടത്തിന്റെ നേതൃത്വത്തിൽ തുടക്കമായി.




സംസ്ഥാനത്ത് ആരംഭിക്കുന്ന മില്ലറ്റ് കഫെകളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് കൃഷിവകുപ്പ് മന്ത്രി പി.പ്രസാദ് നിർവഹിച്ചു




മില്ലറ്റ് കഫെയുടെ വാതിൽ തുറക്കുന്നത് ആരോഗ്യശീലങ്ങളിലേക്ക് കൂടിയാണ്. മലയാളി മറന്ന ചെറുധാന്യ രുചികളുടെ കലവറയാണ് മില്ലറ്റ് കഫെ. കൃഷി വകുപ്പ് മില്ലറ്റ് ജനകീയമാക്കൽ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തുടനീളം മില്ലറ്റ് കഫെകൾ ആരംഭിക്കുകയാണ്. ഇതിൽ ആദ്യത്തേതാണ് ഒക്ടോബർ ഒന്നിന് ഉള്ളൂരിൽ കൃഷി മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്തത്. ചെറുധാന്യങ്ങൾ (മില്ലറ്റ്) ജനകീയമാക്കാനും മില്ലറ്റ് വിഭവങ്ങൾ പരിചിതമാക്കാനുമായാണ് സംസ്ഥാന സർക്കാർ മില്ലറ്റ് കഫെകൾ ആരംഭിക്കുന്നത്. കാർഷിക ഉൽപാദക കമ്പനികൾ, കർഷക കൂട്ടായ്മകൾ, കുടുംബശ്രീ ഗ്രൂപ്പുകൾ, ചെറുധാന്യ കൃഷിവ്യാപന പദ്ധതിയിൽ ഉൾപ്പെട്ട ഗ്രൂപ്പുകൾ, അഗ്രോ സർവീസ് സെന്ററുകൾ തുടങ്ങിയവയ്ക്കാകും കഫെകളുടെ നടത്തിപ്പ് ചുമതല. മില്ലറ്റ് കഫെ ആരംഭിക്കാൻ അഞ്ച് ലക്ഷം രൂപയും കേരളഗ്രോ ഷോപ്പ് ആരംഭിക്കാൻ 10 ലക്ഷം രൂപയും സർക്കാർ സഹായം നൽകും.



**ആരോഗ്യത്തിന് ഹാനികരമാകുന്ന ഭക്ഷണ പദാർഥങ്ങളും ചേരുവകളും ഒഴിവാക്കിക്കൊണ്ടുള്ള രുചികളാണ് മില്ലറ്റ് കഫേകളുടെ പ്രത്യേകത**

വൈവിധ്യമാണ് മില്ലറ്റ് കഫെകളുടെ പ്രധാന ആകർഷണം. തിന കൊണ്ടുള്ള ചെമ്മീൻ ബിരിയാണി, മില്ലറ്റ് പൊറോട്ട, മില്ലറ്റ് പഴംപൊരി, വരകുകൊണ്ടുള്ള കേക്ക്, പാൽക്കഞ്ഞി, ബിസ്കറ്റുകൾ.... വിഭവങ്ങളേറെയുണ്ട്. പുതുതലമുറയെക്കൂടി ആരോഗ്യശീലങ്ങളിലേക്ക് നയിക്കാനുതകുന്ന രീതിയിലാണ് മെനു തയ്യാറാക്കിയിരിക്കുന്നത്. ആരോഗ്യകരമായ ഭക്ഷണം ഉപഭോക്താവിന്റെ ഇഷ്ടമനുസരിച്ച് തയ്യാറാക്കി നൽകും. മില്ലറ്റ് മുസ്ലിയാണ് മെനുവിലെ മറ്റൊരാകർഷണം. ദാഹവും ക്ഷീണവുമകറ്റാൻ റാഗി - വീറ്റ് ഗ്രാസ് സ്മൂത്തിയുണ്ട്. പാലിന് പകരം തേങ്ങാപ്പാലാണ് ഉപയോഗിക്കുന്നത്. പച്ചക്കറിയേക്കാൾ നാലിരട്ടി പോഷകാംശമുള്ള മൈക്രോഗ്രീൻ സാലഡ് കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ഇഷ്ടപ്പെടും. പഞ്ചസാര, മൈദ, ഹൈഡ്രജനേറ്റഡ്






കൊഴുപ്പുകൾ അഥവാ ഡാൽഡ എന്നിവ ഉപയോഗിക്കാറില്ല. മില്ലറ്റ് മീൽസ്, മില്ലറ്റ് - പംപ്കിൻ റൊട്ടി, ചോക്ലേറ്റ് റാഗി മാൾട്ട് തുടങ്ങി പ്രഭാതഭക്ഷണവും ഉച്ചഭക്ഷണവും മില്ലറ്റ് കൊണ്ട് ഉണ്ടാക്കിയ ലഘുഭക്ഷണവും ഇവിടെ ലഭിക്കും. റെഡി ടു കുക്ക് വിഭവങ്ങളും ലഭ്യമാണ്. ആരോഗ്യത്തിന് ഹാനികരമാകുന്ന ഭക്ഷണപദാർഥങ്ങളും ചേരുവകളും ഒഴിവാക്കിക്കൊണ്ടുള്ള രുചികളാണ് മില്ലറ്റ് കഫേകളുടെ പ്രത്യേകത. കൗതുകം കൊണ്ടും ഗുണമേന്മ കൊണ്ടും രുചിവൈവിധ്യം കൊണ്ടും ഹൃദയംകവരും ഈ വിഭവങ്ങൾ.

പ്രായഭേദമെന്യേ സർവസാധാരണമാകുന്ന ജീവിതശൈലീരോഗങ്ങളെ അതിജീവിക്കാൻ സഹായകരമാണ് മില്ലറ്റുകൾ. അരി, ഗോതമ്പ് എന്നിവയെ അപേക്ഷിച്ച് വളരെ ഉയർന്ന തോതിലുള്ള പ്രോട്ടീൻ, ഫൈബർ, മിനറൽസ്, വിറ്റാമിനുകൾ എന്നിവയാൽ സമ്പന്നമാണ് മില്ലറ്റുകൾ. ഇതിൽ വലിയ അളവിൽ ആന്റി ഓക്സിഡന്റുകൾ അടങ്ങിയിരിക്കുന്നു. കുറഞ്ഞ നിരക്കിൽ ആരോഗ്യപരമായ വിഭവങ്ങളാണ് മില്ലറ്റ് കഫെ അവതരിപ്പിക്കുന്നത്. കുറഞ്ഞ കലോറി മൂല്യം ഇവയെ മറ്റു ആഹാരപദാർഥങ്ങളിൽ നിന്ന് വിശിഷ്ടമാക്കുന്നു. നിത്യ ഭക്ഷണത്തിൽ മില്ലറ്റുകൾ ഉൾപ്പെടുത്തുന്നത് പ്രമേഹത്തെ ചെറുക്കും.

## മില്ലറ്റുകൾ പലതരം

തിന (Foxtail millet), കമ്പം (Bajra pearl millet), ചോളം (Great millet), മുത്താറി (Finger millet), ചാമ (Little millet), വരക് (Proso millet), കവടപ്പുല്ല് (Barnyard millet), കൊറേലി (Brain top millet) തുടങ്ങി മില്ലറ്റുകൾ പലതരമുണ്ട്. ഇവയ്യെല്ലാം ഒട്ടേറെ ഗുണങ്ങളുമുണ്ട്. ഏറ്റവും ചെറിയ ധാന്യമാണ് റാഗി. ജീവകം ഡി ഉള്ളതിനാൽ എല്ലുകളുടെയും പല്ലുകളുടെയും വളർച്ചയ്ക്ക് ഫലപ്രദമാണ്. വിളർച്ച തടയാനും ഉപകരിക്കും. ലോകത്തിലെ പുരാതന ധാന്യമായാണ് തിന അറിയപ്പെടുന്നത്. ധാതുക്കളുടെയും വിറ്റാമിനുകളുടെയും കലവറയാണ് തിന. ഹൃദയാരോഗ്യത്തിന് നല്ലതാണ് കമ്പം അഥവാ പേൾ മില്ലറ്റ്. ഇതിലെ ഒമേഗ-3 ഫാറ്റി ആസിഡ് രക്തസമ്മർദവും കൊളസ്ട്രോളും കുറയ്ക്കും. പ്രമേഹത്തെ നിയന്ത്രിക്കാനും വൃക്ക സംബന്ധമായ തകരാറുകൾ, വിളർച്ചയെ എന്നിവയെ പ്രതിരോധിക്കാനും ചോളത്തിന് കഴിവുണ്ട്. നാരുകളുടെ മികച്ച ഉറവിടമാണ് വരക്. കഫം, ചുമ എന്നിവ തടയുന്നതിന് ചാമ ഉപയോഗിക്കാം. ചാമയരി കൊണ്ടുള്ള വിഭവങ്ങൾ പഴമക്കാരുടെ നിത്യഭക്ഷണമായിരുന്നു. നാരുകൾ വളരെ കൂടുതലുള്ള ചെറുധാന്യമാണ് കവടപ്പുല്ല്. രോഗപ്രതിരോധത്തിനും മലബന്ധം തടയുന്നതിനും ഉത്തമം. അപൂർവമായി കാണപ്പെടുന്ന ഇനമാണ് കൊറേലി അഥവാ ബ്രൗൺ ടോപ്പ് മില്ലറ്റ്. രക്തസമ്മർദം കുറയ്ക്കും. എല്ലാ മില്ലറ്റുകളും ചുരുങ്ങിയത് ആറുമണിക്കൂർ എങ്കിലും കുതിർത്ത ശേഷം മാത്രമേ കഴിക്കാവൂ. മില്ലറ്റുകൾ കഴിച്ചാൽ നാല് മണിക്കൂറെടുത്താണ് ദഹനം നടക്കുക എന്നതിനാൽ അതനുസരിച്ച് ഭക്ഷണശീലങ്ങൾ ക്രമീകരിക്കേണ്ടതുണ്ട്.

## കേരളഗ്രോ ഷോപ്പ്

മില്ലറ്റ് കഫെകളോട് ചേർന്ന് കർഷക ഉൽപന്നങ്ങളുടെ വിപണന കേന്ദ്രമായ കേരളഗ്രോയും വ്യാപിപ്പിക്കുന്നുണ്ട്. കൃഷിവകുപ്പിന് കീഴിലുള്ള കർഷകർ, ഫാമുകൾ, കൃഷിക്കൂട്ടങ്ങൾ, എഫ്.പി.ഒകൾ, അഗ്രോ സർവീസ് സെന്ററുകൾ, എൻ.ജി.ഒകൾ എന്നിവയുടെ മൂല്യവർധിത ഉൽപന്നങ്ങളും ചെറുധാന്യങ്ങളും ഗുണമേന്മ ഉറപ്പുവരുത്തി കേരളഗ്രോ ബ്രാൻഡിൽ വിൽപന നടത്തും. കൃഷി വകുപ്പ് കേരളഗ്രോ ബ്രാൻഡിൽ വിവിധ ഉൽപന്നങ്ങളുടെ ഓൺലൈൻ വിൽപന നിലവിൽ ആരംഭിച്ചിട്ടുണ്ട്.■

> ലോക കേരള സഭയുടെ രണ്ടാമത്തെ എഡിഷനിൽ റവന്യു വകുപ്പ് പ്രഖ്യാപിച്ച പ്രവാസി മിത്രം പോർട്ടലിലൂടെ പ്രവാസികൾക്ക് റവന്യു അപേക്ഷയുടെ നിജസ്ഥിതി പരിശോധിക്കാൻ സൗകര്യമൊരുക്കിയിട്ടുണ്ട്.

# കൂടുതൽ സ്മാർട്ടായി റവന്യൂ

## 12 ഇ-സേവനങ്ങൾക്ക് കൂടി തുടക്കം




റവന്യൂ വകുപ്പ് നടപ്പിലാക്കുന്ന പുതിയ 12 ഇ-സേവനങ്ങളുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി നിർവഹിച്ചു

പ്രവർത്തനങ്ങളിൽ വേഗതയും സുതാര്യതയും ഉറപ്പാക്കുന്നതിന്റെ ഭാഗമായി സേവനങ്ങൾ പൂർമായും ഡിജിറ്റൽ ആക്കുന്നതിനുള്ള പരിശ്രമത്തിലാണ് റവന്യു വകുപ്പ്. എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന നയത്തിലൂന്നി 27 സേവനങ്ങൾ ആദ്യഘട്ടത്തിൽ ഡിജിറ്റലാക്കിയ റവന്യു വകുപ്പ് ഇപ്പോൾ 12 ഇനങ്ങൾ കൂടി പട്ടികയിലേക്ക് ചേർത്തു. സംസ്ഥാനത്തിനകത്തുള്ളവർക്ക് മാത്രമല്ല, വിദേശ രാജ്യങ്ങളിലെ മലയാളികൾക്കും അവരുടെ നാട്ടിലുള്ള ഭൂമിസംബന്ധമായ രേഖകൾ ലഭ്യമാക്കാനുള്ള സൗകര്യമൊരുക്കി ചരിത്രം സൃഷ്ടിക്കുകയാണ് വകുപ്പ്.

പത്തു വിദേശ രാജ്യങ്ങളിലെ മലയാളികൾക്ക് കേരളത്തിൽ അവരുടെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ നികുതി ഓൺലൈനായി അടയ്ക്കാൻ സൗകര്യമാണ് പുതുതായി ഒരുക്കിയത്. യുകെ, യുഎസ്എ, കാനഡ, സിംഗപ്പൂർ, സൗദി അറേബ്യ, യുഎഇ, ഒമാൻ, ഖത്തർ, കുവൈറ്റ്, ബഹറിൻ എന്നീ രാജ്യങ്ങളിൽ ഉള്ളവർക്ക് ഈ സേവനം ലഭിക്കും. www.revenue.kerala.gov.in എന്ന വെബ് പോർട്ടൽ മുഖേന ഓൺലൈനായി ഭൂനികുതി, കെട്ടിട നികുതി, അധിക നികുതി, തരം മാറ്റ ഫീസ് എന്നിവ ഒടുക്കാം.

ലോക കേരള സഭയുടെ രണ്ടാമത്തെ എഡിഷനിൽ റവന്യു വകുപ്പ് പ്രഖ്യാപിച്ച പ്രവാസി മിത്രം പോർട്ടലിലൂടെ പ്രവാസികൾക്ക് റവന്യു അപേക്ഷയുടെ നിജസ്ഥിതി പരിശോധിക്കാൻ സൗകര്യമൊരുക്കിയിട്ടുണ്ട്.

10 രാജ്യങ്ങളിൽ ലഭ്യമാകുന്ന ഭൂസംബന്ധമായ ഇ-സേവനങ്ങൾക്ക് പുറമെ, ഇലക്ട്രോണിക് മോർട്ട്ഗേജ് റിക്കോർഡറായ www.emr.kerala.gov.in, ഏത് ഭൂമിയും തിരയുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്ന www.revenue.kerala.gov.in, കെ ബിടി അപ്പീൽ-ഓൺലൈൻ സംവിധാനം, റവന്യു റിക്കവറി ഡിജിറ്റൽ പെയ്മെന്റ്, ബിസിനസ് യൂസർ - പാൻ ഉപയോഗിച്ചുള്ള ലോഗിൻ സൗകര്യം, റവന്യു ഇ - സർവ്വീസ് മൊബൈൽ ആപ്പ്, ലാൻഡ് അക്വിസിഷൻ മാനേജ്മെന്റ് സിസ്റ്റമായ www.lams.revenue.kerala.gov.in, വില്ലേജ് ഡാഷ്ബോർഡ് VOMIS, ഗ്രീവെൻസ് ആൻഡ് ഇന്നോവേഷൻസ്, സാമൂഹ്യ സുരക്ഷാ പെൻഷൻ, റവന്യു ഇ-കോടതി എന്നിവയാണ് പുതിയതായി നടപ്പിലാക്കുന്ന ഇ-സേവനങ്ങൾ.

ഭൂമിയിൻമേൽ ബാങ്കുകളിൽ നിന്നുള്ള വായ്പയുടെ വിശദാംശങ്ങൾ അറിയുന്നതിനുള്ള സംവിധാനമാണ് ഇലക്ട്രോണിക് മോർട്ട്ഗേജ് റിക്കോർഡർ. ഭൂമിയേറ്റെടുക്കൽ നടപടി ക്രമങ്ങൾ സുതാര്യമാക്കുക എന്നതാണ് ലാൻഡ് അക്വിസിഷൻ മാനേജ്മെന്റ് സിസ്റ്റത്തിന്റെ ലക്ഷ്യം.■

ജാസിം അഹമ്മദ് ടി.കെ
അസി. പ്രൊഫസർ, പി.എം.എസ്.ടി കോളേജ്, കുണ്ടൂർ, മലപ്പുറം

കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്) പരിശോധനയിൽ 99 ശതമാനം സ്കോറോടെ രാജ്യത്തിന് തന്നെ മാതൃകയായിരിക്കുകയാണ് കോട്ടയ്ക്കൽ കുടുംബാരോഗ്യകേന്ദ്രം




# കോട്ടയ്ക്കൽ പെരുമ വീണ്ടും

ആരോഗ്യമേഖലയിലെ കോട്ടയ്ക്കൽ പെരുമ ഏറെ പ്രശസ്തമാണ്. വർഷങ്ങളുടെ പഴക്കമുണ്ട് അതിന്. വിദേശികളുൾപ്പടെയുള്ളവർ മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ ലക്ഷ്യമാക്കി വരുന്നതിന് പിന്നിലെ രഹസ്യവും മറ്റൊന്നല്ല. സ്വകാര്യമേഖലയിലുൾപ്പടെ നിരവധി ആതുരസേവനദാതാക്കളുണ്ടെങ്കിലും സാധാരണക്കാരന് കീശ കാലിയാകാതെ ആശ്രയിക്കാവുന്നത് പ്രാഥമികാരോഗ്യകേന്ദ്രങ്ങളുൾപ്പടെയുള്ള സർക്കാർ സംവിധാനങ്ങൾ തന്നെയാണ്. അസൗകര്യങ്ങളാൽ വീർപ്പുമുട്ടുന്ന സർക്കാർ ആരോഗ്യകേന്ദ്രങ്ങളായിരുന്നു വാർത്തകളിൽ നിറഞ്ഞ് നിന്നിരുന്നത്. എന്നാൽ ഇതെല്ലാം പഴങ്കഥകളായി മാറിയെന്നതിന് ഉത്തമോദാഹരണമാണ് കോട്ടയ്ക്കൽ കുടുംബാരോഗ്യ കേന്ദ്രം. രാജ്യത്തെ ഏറ്റവും മികച്ച പ്രാഥമികാരോഗ്യ കേന്ദ്രമെന്ന ബഹുമതിയാണ് കോട്ടയ്ക്കൽ കുടുംബാരോഗ്യകേന്ദ്രം കരസ്ഥമാക്കിയത്.

ആരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഇടപെടുകയും ഗുണനിലവാരം അനുസരിച്ച് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്ന കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ-.എസ്) പരിശോധനയിൽ ഇത് രണ്ടാം തവണയാണ് കോട്ടയ്ക്കൽ കുടുംബാരോഗ്യ കേന്ദ്രം മികച്ച സ്കോർ കരസ്ഥമാക്കുന്നത്. 2019 ൽ 89 ശതമാനം സ്കോർ ചെയ്ത കുടുംബാരോഗ്യകേന്ദ്രം 2023 ൽ നടന്ന






കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൻ കീഴിലെ സംഘം കോട്ടയ്ക്കലിൽ പരിശോധനയ്ക്കെത്തിയപ്പോൾ



പുനഃപരിശോധനയിലാണ് 10 ശതമാനം വളർച്ച കൈവരിച്ച് 99 എന്ന മികച്ച സ്കോർ കരസ്ഥമാക്കിയത്.


വിവിധ മൂല്യനിർണയങ്ങളിലൂടെയാണ് ആരോഗ്യകേന്ദ്രങ്ങളെ എൻ.ക്യു.എ.എസ് അംഗീകാരത്തിന് തെരഞ്ഞെടുക്കുന്നത്. മൂന്നുവർഷത്തെ കാലാവധിയാണ് ഈ അംഗീകാരത്തിനുള്ളത്. കാലാവധി കഴിഞ്ഞാൽ പുനഃപരിശോധനയ്ക്ക് വിധേയമാക്കി അംഗീകാരം പുതുക്കിനൽകും. കൂടാതെ എല്ലാ വർഷവും സംസ്ഥാനതലത്തിലും പരിശോധന നടത്തും. എൻ.ക്യു.എ.എസ് അംഗീകാരം ലഭിക്കുന്ന പ്രാഥമികാരോഗ്യകേന്ദ്രങ്ങൾക്ക് (പി.എച്ച്.സി) രണ്ട് ലക്ഷം രൂപ വീതവും മറ്റ് ആശുപത്രികൾക്ക് ഒരു ബെഡിന് 10,000 രൂപ എന്ന നിലയിലും വാർഷിക ഇൻസന്റീവ് ലഭിക്കും.


ഒ.പി, ലബോറട്ടറി, ദേശീയ ആരോഗ്യ ദൗത്യം, ഓഫീസ് നിർവഹണം എന്നിങ്ങനെ വിഭാഗങ്ങളായി തിരിച്ച് പരിശോധിച്ചതിൽ ലബോറട്ടറി സംവിധാനങ്ങൾക്ക് മുഴുവൻ മാർക്കും കോട്ടക്കൽ കുടുംബാരോഗ്യ കേന്ദ്രത്തിന് നേടാനായി. സേവനവ്യവസ്ഥ, രോഗികളുടെ അവകാശസംരക്ഷണം, സഹായസേവനങ്ങൾ, ക്ലിനിക്കൽ സേവനങ്ങൾ, പകർച്ചവ്യാധി പ്രതിരോധപ്രവർത്തനം, ഗുണനിലവാരം മെച്ചപ്പെടുത്തൽ തുടങ്ങി എട്ടോളം വിഭാഗങ്ങളിലായി ആറായിരത്തിലധികം ഗുണനിലവാര മാനദണ്ഡങ്ങളാണ് സംഘം പരിശോധിച്ച് വിലയിരുത്തിയത്.

**മാറുന്ന കേരളത്തിന്റെ പ്രതീകമാണ് കോട്ടയ്ക്കൽ കുടുംബാരോഗ്യകേന്ദ്രം. ആരോഗ്യമേഖലയിൽ കേരളം കൈവരിച്ച നേട്ടങ്ങളുടെയും നടപ്പാക്കി വരുന്ന ജനപക്ഷ പ്രവർത്തനങ്ങളുടെയും സാക്ഷ്യം**

മാറുന്ന കേരളത്തിന്റെ പ്രതീകമാണ് കോട്ടക്കൽ കുടുംബാരോഗ്യകേന്ദ്രം. ആരോഗ്യമേഖലയിൽ കേരളം കൈവരിച്ച നേട്ടങ്ങളുടെയും നടപ്പാക്കി വരുന്ന ജനപക്ഷ പ്രവർത്തനങ്ങളുടെയും സാക്ഷ്യം. മാനദണ്ഡങ്ങളിൽ 99 ശതമാനവും നേടുക എന്ന അപൂർവതയ്ക്കാണ് കോട്ടയ്ക്കൽ സാക്ഷ്യം വഹിച്ചതെങ്കിൽ തൊട്ടടുത്ത സ്കോറുകളുമായി വേറെയും ആരോഗ്യകേന്ദ്രങ്ങൾ എൻ.ക്യു.എ.എസ് സർട്ടിഫിക്കേഷൻ നേടി കേരളത്തിന്റെ അഭിമാനമായിട്ടുണ്ട്. തൃശ്ശൂർ പാറളം കുടുംബാരോഗ്യകേന്ദ്രം 92ഉം പാലക്കാട് കുളപ്പുള്ളി സിറ്റി കുടുംബാരോഗ്യകേന്ദ്രം 86 ശതമാനവും കൊല്ലം കരുനാഗപ്പള്ളി സിറ്റി കുടുംബാരോഗ്യകേന്ദ്രം 89 ശതമാനവും സ്കോർ ചെയ്തിട്ടുണ്ട്. കൊല്ലം മടത്തറ, എറണാകുളം കോടനാട്, കോട്ടയം വെല്ലൂർ, പാലക്കാട് പൂക്കോട്ടുകാവ്, കൊല്ലം ശക്തികുളങ്ങര, കണ്ണൂർ പാട്യം, എറണാകുളം വാഴക്കുളം, തൃശ്ശൂർ തളിക്കുളം, മലപ്പുറം ഇരവിമംഗലം അർബൻ തുടങ്ങിയ കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് എൻ.ക്യു.എ.എസ് സർട്ടിഫിക്കേഷൻ ലഭിച്ചു.■

സി. റഹിം
മാധ്യമപ്രവർത്തകൻ





# പ്രകൃതിയും സുഹൃത്താണ്

> പ്രകൃതിയെ ദ്രോഹിക്കാതെ, ഉന്നതമായ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച്, അഭിമാനത്തോടെയും സ്വാതന്ത്ര്യത്തോടെയും ജീവിക്കാനുള്ള ഒരാഹ്വാനമായിരുന്നു ഗാന്ധിജിയുടെ ജീവിതം

'എന്റെ ജീവിതമാണ് എന്റെ സന്ദേശം' എന്ന് ഗാന്ധിജി പറയുമ്പോൾ മനുഷ്യരുടെ എല്ലാ ആർത്തിക്കും ഹിംസയ്ക്കും എതിരെയുള്ള ഒരു വഴി അദ്ദേഹം നമുക്കുമുന്നിൽ തുറന്നുതരികയാണ് ചെയ്യുന്നത്. ആധുനിക വികസനരീതികളിൽ ഗാന്ധിജി വളരെ സംശയാലുവായിരുന്നു. ഭാവിയിൽ വികസനം പുറം തള്ളുന്ന കുപ്പക്കുനയും വിഷപ്പുകയും ഭൂമിയെ ഒന്നാകെ നശിപ്പിക്കും എന്ന് അദ്ദേഹം ഭയപ്പെട്ടിരുന്നു. ആധുനിക ജീവിതരീതികളിൽ നിന്ന് മനുഷ്യൻ പിന്മാറിയില്ലെങ്കിൽ മനുഷ്യകുലത്തെ തന്നെ അത് നശിപ്പിക്കും എന്നും ഗാന്ധിജിക്ക് ഉത്തമബോധ്യം ഉണ്ടായിരുന്നു. അതുകൊണ്ടാണ് അദ്ദേഹം ഒരു ബദൽ ജീവിതക്രമം (പ്രകൃതിയോട് ഇണങ്ങിയുള്ള ജീവിതം) നമുക്കു മുമ്പാകെ അവതരിപ്പിച്ചത്.

കഴിഞ്ഞ രണ്ടുനൂറ്റാണ്ടുകൾ കൊണ്ട് പ്രകൃതിക്കുമേൽ സമാനതകളില്ലാത്ത ബലാൽക്കാരം നടത്തിയ മനുഷ്യർ ഇപ്പോൾ കാലാവസ്ഥാവ്യതിയാനമെന്ന ദുരന്തമുഖത്ത് അന്തിച്ച് നിൽക്കുകയാണ്. അന്തരീക്ഷത്തിൽ കാർബൺ ഡൈ ഓക്സൈഡിന്റെ ($CO_2$) അളവ് 0.027% ആയിരുന്നതിപ്പോൾ 0.38 ശതമാനമായി മാറി. ഈ വർധനവിന് നമ്മൾ നൽകേണ്ടിവരുന്ന വില പ്രവചനാതീതമാണ്. നമ്മുടെ കൊച്ചുകേരളം പോലും കാലാവസ്ഥാവ്യതിയാനത്തിന്റെ ദുരന്തഫലങ്ങൾ അനുഭവിക്കുന്നു. 'എല്ലാവരുടെയും ആവശ്യങ്ങൾ നിറവേറ്റാനുള്ളതെല്ലാം ഈ ഭൂമിയിലുണ്ട്. എന്നാൽ അത്യാഗ്രഹത്തിനുള്ളതില്ലെന്ന' ഗാന്ധിജിയുടെ വാക്കുകൾ ഒരിക്കൽ കൂടി ഓർക്കാം. പ്രകൃതിവിഭവങ്ങൾ കൂടുതൽ ചൂഷണം ചെയ്യുന്നതിൽ ഓരോ രാജ്യവും മത്സരിച്ചുകൊണ്ടിരിക്കുന്നു. ഈ ദുരന്തമുഖത്തും മതത്തിന്റെയും വംശത്തിന്റെയും പേരിൽ വിദ്വേഷവും വെറുപ്പും അക്രമവും ഊതിപ്പെരുപ്പിക്കാൻ പരസ്പരം മത്സരിക്കുന്ന കാലം. ലോകത്തെ മഹായുദ്ധങ്ങളിലേക്കും കലാപങ്ങളിലേക്കും തള്ളിവിടുന്നതിനെതിരെ ദുർബലമായ പ്രതിരോധം പോലും എവിടുന്നും ഉണ്ടാകുന്നില്ലെന്നത് നമ്മെ അതിശയിപ്പിക്കുന്നു. അപ്പോഴാണ് ഗാന്ധിജിയെപ്പോലെ ഒരു മഹാമനുഷ്യന്റെ ശൂന്യത ലോകം തിരിച്ചറിയുന്നത്. ആൽബർട്ട് ഐൻസ്റ്റീനെ പോലെയുള്ള വിഖ്യാത ശാസ്ത്രജ്ഞൻ ഗാന്ധിജിയെ കുറിച്ച് പറഞ്ഞത് യാഥാർഥ്യമായിരിക്കുന്നു. 'മാംസവും രക്തവും ഉള്ള ഇതുപോലൊരു മനുഷ്യൻ ഭൂമിയിൽ ഉണ്ടായിരുന്നു എന്ന് വരുംതലമുറ ഒരുപക്ഷേ വിശ്വസിക്കില്ല 'എന്നാണ് അദ്ദേഹം പറഞ്ഞത്.

സത്യം, അക്രമരാഹിത്യം, സമാധാനം തുടങ്ങിയ ഗാന്ധിയൻ മൂല്യങ്ങൾക്ക് വിലയില്ലാതായിരിക്കുന്നു. ഭാരതത്തിൽ പോലും ഗാന്ധിജിയും അദ്ദേഹത്തിന്റെ ആദർശവും നാൾക്കുനാൾ തമസ്കരിക്കപ്പെട്ടു കൊണ്ടിരിക്കുന്നു. ഗാന്ധിജിയുടെ നെഞ്ചിലേക്ക് നിറയൊഴിച്ച ഗോഡ്സേ വാഴ്ത്തപ്പെടുന്നു. ഗാന്ധിജി സമാധാനപൂർണ്ണവും ചൂഷണരഹിതവുമായ ഒരു സാമൂഹികക്രമം കെട്ടിപ്പടുക്കുന്നതിനായി മുന്നോട്ടുവച്ച സ്വരാജ്, സ്വദേശി, സത്യഗ്രഹം എന്ന തത്വം ലോകം മറന്ന മട്ടാണ്. ആസുരമായ സാമ്പത്തിക, അധികാര കേന്ദ്രീകരണങ്ങൾ ലോകം കീഴടക്കി കൊണ്ടിരിക്കുന്നു. മനുഷ്യത്വവും പ്രകൃതി സംരക്ഷണവും വെല്ലുവിളി നേരിടുന്ന ഇക്കാലത്ത് ഗാന്ധിജിയിലേക്ക് മടങ്ങുകയല്ലാതെ വേറെ പോംവഴിയില്ല.



എല്ലാറ്റിനെയും ചേർത്തുപിടിക്കുന്ന സാർവലൗകിക മതം എന്ന നിലയിലാണ് 'താനൊരു സനാതന ഹിന്ദു' എന്ന് അദ്ദേഹം സ്വയം വിശേഷിപ്പിച്ചിരുന്നത്. ഇന്ത്യ സ്വതന്ത്ര്യയാവുന്നതിന് ഏതാനും ദിവസങ്ങൾക്കു മുമ്പ് ഗാന്ധിജി ഇതേക്കുറിച്ച് ഇങ്ങനെ എഴുതുകയുണ്ടായി. 'സനാതന ഹിന്ദു ധർമ്മം' എന്നത് പഴഞ്ചൊല്ലിലെ പോലെ കിണറ്റിലെ തവളയല്ല. സമുദ്രം പോലെ വിശാലമാണത്. നിങ്ങൾക്ക് പതിനാലാം വരിയുടെ ശരിയായ അർഥം എന്താണ്? ഗാന്ധിജി ചോദിച്ചു. 'മനുഷ്യൻ അധ്വാനിക്കുകയാണെങ്കിൽ മരങ്ങൾ വളരും. മരങ്ങൾ വളർന്നാൽ അതു മഴയെ ആകർഷിക്കും അതായത് യജ്ഞം എന്നാൽ അധ്വാനം എന്നർഥം'. ഗാന്ധിജി തന്റെ അനാസക്തിയോഗത്തിൽ പ്രകൃതിയോടുള്ള കാഴ്ചപ്പാടിനെ വെളിവാക്കുന്നു. 'ചില പ്രത്യേക വ്യക്തികളോട് സുഹൃത്തുക്കളെന്ന നിലയുള്ള നമ്മുടെ അഭിനിവേശം ഉപേക്ഷിച്ചാൽ, എല്ലാ മനുഷ്യരും കുറെക്കൂടി സത്യസന്ധമായി കാണുകയാണെങ്കിൽ, മൃഗങ്ങളും പക്ഷികളും മരങ്ങളും ചെടികളും എന്തിനേറെ കല്ലുകളും കൂടെ നമ്മുടെ സുഹൃത്തുക്കളാണ്.'

യന്ത്രങ്ങൾ മനുഷ്യരുടെമേൽ ആധിപത്യം നേരിടുന്ന വിനാശകരമായൊരു അവസ്ഥയിലേക്കാണ് ലോകം നീങ്ങുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെയും മറ്റും വളർച്ചയിൽ ലോകത്തിന് ആശങ്കയുമുണ്ട്. തീർച്ചയായും യന്ത്രങ്ങൾ വലിയതോതിൽ മനുഷ്യർക്ക് ഗുണമായി തീർന്നിട്ടുണ്ട്. എന്നാൽ അതിരുവിട്ട യന്ത്രവൽക്കരണം വിനാശകരവുമാണ്. മനുഷ്യരുടെ കൈയാളായി നിൽക്കുന്ന യന്ത്രങ്ങളെയാണ് ഗാന്ധിജി ഇഷ്ടപ്പെട്ടിരുന്നത്. അദ്ദേഹം ഇതേക്കുറിച്ച് ഇങ്ങനെ എഴുതി.

> **'രഘുപതി രാഘവ് രാജാറാം.. ഈശ്വര് അള്ളാ തേരേ നാം' എന്ന സമന്വയത്തിന്റെ പാതയിൽ മരണം വരെ അദ്ദേഹം ഉറച്ചുനിന്നു. സത്യത്തിനു വേണ്ടി വെടിയേറ്റു മരിക്കാൻ അദ്ദേഹം തയ്യാറായി**

അതിനെ എന്തു പേരിട്ടു വിളിച്ചാലും മുഴുവൻ മനുഷ്യവംശത്തിന്റെയും പൊതുസ്വത്താണത്.

'രഘുപതി രാഘവ് രാജാറാം..
ഈശ്വര് അള്ളാ തേരേ നാം'

എന്ന സമന്വയത്തിന്റെ പാതയിൽ മരണം വരെ അദ്ദേഹം ഉറച്ചുനിന്നു സത്യത്തിനു വേണ്ടി വെടിയേറ്റു മരിക്കാൻ അദ്ദേഹം തയ്യാറായി. ഹിന്ദുവാണെന്നതുപോലെ താനൊരു മുസ്ലിമും കൂടിയാണ്. ക്രിസ്തുവും പാഴ്സിയും യഹൂദനുമാണെന്ന് ഗാന്ധിജി ഒരിക്കൽ പ്രഖ്യാപിക്കുകയുണ്ടായി.

## പ്രകൃതിദർശനം

ഭഗവദ്ഗീത ഒന്നാം അധ്യായത്തിലെ

'യന്ത്രങ്ങൾ ലക്ഷങ്ങളെ പട്ടിണിയിലേക്ക് എറിയുമ്പോൾ ധനവും രാഷ്ട്രീയ സാമ്പത്തിക അധികാരങ്ങളും ഒരുകൂട്ടം മനുഷ്യരുടെ കൈകളിൽ കേന്ദ്രീകരിക്കും. 'കുറച്ചുപേർക്ക് മറ്റുള്ളവരെ ഭരിക്കാൻ ഉള്ള അനുമതിയാണിത്. ജീവിതത്തിന്റെ എല്ലാ മേഖലകളിലും രാജ്യത്തിന്റെ എല്ലാ തലങ്ങളിലും ആ രീതി പരത്താനുള്ള ഉപാധിയാണിത്. ' ഈ വാക്കുകളുടെ പ്രസക്തി മുമ്പത്തേക്കാൾ ഏറെ ലോകത്തിന് ബോധ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. പ്രകൃതിയെ ദ്രോഹിക്കാതെ, ഉന്നതമായ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് അഭിമാനത്തോടെയും സ്വാതന്ത്ര്യത്തോടെയും ജീവിക്കാനുള്ള ഒരാഹ്വാനമായിരുന്നു ഗാന്ധിജിയുടെ ജീവിതം.■

ഓർമ്മ >>

ഡോ. ഉഷ ആർ.ബി
അസി.പ്രൊഫസർ, മലയാളവിഭാഗം, എസ്.എൻ.വിമൻസ് കോളേജ്, കൊല്ലം



കാവ്യലോകത്തെ വിപ്ലവ ശബ്ദത്തിനുടമയായ തിരുനല്ലൂർ കരുണാകരന്റെ ജന്മശതാബ്ദി വർഷമാണിത്



വര: വി.എസ്.പ്രകാശ്

# അരുണയുഗത്തിന്റെ കവി

പാശ്ചാത്യവും പൗരസ്ത്യവുമായ ചിന്തകളെ മനുഷ്യത്വത്തിന്റെ കണ്ണികൾ കൊണ്ട് യോജിപ്പിച്ച കവിയാണ് തിരുനല്ലൂർ കരുണാകരൻ. തിരുനല്ലൂർ കരുണാകരന്റെ കവിതകൾ എന്ന കവിതാസമാഹാരത്തിന് കവി എഴുതിയ കാവ്യാത്മകമായ ആമുഖം ശ്രദ്ധാർഹമാണ്. കവി പറയുന്നു. ഈ സമാഹൃതകൃതികളിൽ എനിക്ക് എന്നെത്തന്നെ കാണാം. ജീവിതം എന്നിലൂടെ എങ്ങനെ പ്രതിസ്പന്ദിച്ചു എന്ന് എനിക്ക് മനസ്സിലാക്കുകയും ചെയ്യാം'. എക്കാലത്തും പതിത മർദിതവർഗത്തിനൊപ്പം നിന്ന കവിയായാണ് തിരുനല്ലൂരിനെ ഡോ.എം. ലീലാവതി (മലയാള കവിതാ സാഹിത്യചരിത്രം) അടയാളപ്പെടുത്തുന്നത്. ഗാനാത്മകമാണ് തിരുനല്ലൂരിന്റെ കവിതകൾ. വിവർത്തനങ്ങളിൽ പോലും ഈ പ്രത്യേകത ദർശിക്കാനാവും. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം കവി സംസ്കൃതമാണ് പഠിച്ചത്. ഇത് അദ്ദേഹത്തിന് വലിയൊരനുഗ്രഹമായി തീർന്നിട്ടുണ്ട്. മേഘസന്ദേശം പോലെ ഒരു കൃതിയെ അതിന്റെ സത്ത ചോർന്നു പോകാതെ വിവർത്തനം ചെയ്യാൻ കഴിഞ്ഞത് അതുകൊണ്ടാണ്. സംസ്കൃതസാഹിത്യത്തിലുള്ള താൽപര്യം പുരാണകവിതകളുടെ പുനരാഖ്യാനങ്ങൾ അവതരിപ്പിക്കാൻ അദ്ദേഹത്തിന് പ്രേരണ നൽകി. അമ്മയും മകനും, ഗാന്ധാരി എന്നീ കവിതകൾ അത്തരത്തിലുള്ളതാണ്.

## പ്രണയവേദനയുടെ റാണി

തിരുനെല്ലൂരിന്റെ കവിതകളിൽ അത്യുജ്ജ്വലമായ സ്ഥാനം അലങ്കരിക്കുന്ന കൃതിയാണ് റാണി. 'എല്ലുപൊടിയും മണ്ണടിയുകയും ചെയ്യാനല്ലാതെ പ്രണയിച്ചു ജീവിക്കാൻ കഴിയാത്തവരുടെ പ്രണയം മധുരമാണെന്നറിയാതെ ആ മാധുര്യം നുകരാൻ കഴിയാത്തവരുടെ ദുരന്തമാണ് റാണി' എന്നാണ് എം.ലീലാവതി അഭിപ്രായപ്പെട്ടിട്ടുള്ളത് (മലയാള കവിതാസാഹിത്യചരിത്രം). തൊഴിലാളികളുടെ ജീവിതത്തിന്റെ സ്നേഹമധുരവും വേദനാശിഥിലവുമായ ചില രേഖകളിലേക്ക് ഒന്ന് എത്തി നോക്കുകയാണ് താൻ എന്ന് റാണിയുടെ മുഖവുരയിൽ കവി പറയുന്നു. കവിക്ക് പരിചിതമായ അഷ്ടമുടി കായലിന്റെ തീരത്ത് വസിക്കുന്ന കയർ തൊഴിലാളിയായ റാണിയുടെയും വള്ളക്കാരനായ നാണുവിന്റെയും പ്രണയത്തെയാണ് കവി ആവിഷ്കരിക്കുന്നത്.

അങ്ങോട്ടു നോക്കിയാൽ ദൂരെയല്ലാതൊരു തെങ്ങിൻ തുരുത്തതാകാണാം
ഉച്ചലത്കല്ലോല മാലയിൽ ചാർത്തിയ പച്ചപ്പതക്കമായ്ത്തോന്നാം
റാട്ടുകളെപ്പോഴുമധ്വാനശക്തിതൻ പാട്ടുപാടുന്നതു കേൾക്കാം. (റാണി)

തിരുനല്ലൂർക്കവിതകളുടെ ഭാഷാപരവും ആശയപരവുമായ പ്രത്യേകതകൾ ഈ ഭാഗത്ത് വ്യക്തമാണ്. ഇന്ത്യൻ തത്വചിന്തയിലും മാർക്സിസം ഉൾപ്പെടെയുള്ള പാശ്ചാത്യ ചിന്താപദ്ധതിയിലും ഒരുപോലെ വ്യാപരിച്ച കവിയാണ് തിരുനല്ലൂർ.

## അധ്വാനവർഗത്തിന്റെ സമരകാഹളം

വയലാർ സന്ദർശിച്ച കവി പുന്നപ്ര-വയലാർ സമരത്തെ ഓർത്തുകൊണ്ട് എഴുതിയ കൃതിയാണ് വയലാർ. കവിതയിൽ ' ജയിക്കുമോ നമ്മൾ ' എന്ന് ആവർത്തിക്കുന്നുണ്ട്. ഇതേ ചോദ്യം ചോദിച്ചുകൊണ്ടാണ് കവിത അവസാനിക്കുന്നത്. ചുവന്ന പൂക്കളിൽ ചുവന്ന മേഘത്തിൽ ചുവന്ന സന്ധ്യയിൽ തുടിച്ചുനിൽക്കുന്നതായിട്ടാണ് പുന്നപ്ര വയലാറിനെ കവി കാണുന്നത്. അതുപോലെ സോഷ്യലിസ്റ്റ് ആശയങ്ങളാൽ ജയിച്ചുനിൽക്കുന്ന ജനതയുടെ നേട്ടങ്ങളെ താഷ്കെന്റ് എന്ന കവിതയിൽ ആവിഷ്കരിക്കുന്നു. തരിശുനിലങ്ങളിലേക്ക് വരുന്ന കരിമുകിൽ പോലെ വേലക്കാർ (തരിശു നിലങ്ങളിലേക്ക്). അധ്വാനിക്കുന്ന വർഗത്തിന്റെ നന്മയിൽ വിശ്വസിക്കുന്ന കവി അവരുടെ ഉയർത്തെഴുന്നേൽപ്പിനെക്കുറിച്ച് സ്വപ്നം കാണുന്നു. പടരും പശിയുടെ തീയാണിതിൽ വീണടിയരുതേ വന്നെതിരാളർ (തരിശുനിലങ്ങളിലേക്ക്) എന്ന് കവി പറയുമ്പോൾ അധ്വാനവർഗത്തിന്റെ സമരകാഹളമാണ് മുഴങ്ങുന്നത്.■

**തിരുനെല്ലൂർ കരുണാകരൻ (1924-2006)**

തിരുനെല്ലൂർ കരുണാകരൻ കൊല്ലം ജില്ലയിൽ പെരിനാട് പകുതിയിൽ ഞാറയ്ക്കൽ ചേരിയിൽ പറപ്പള്ളി കിഴക്കതിൽ 1924 ഒക്ടോബർ 8 ന് ജനിച്ചു. 1973 ൽ സോവിയറ്റ് യൂണിയനിൽ നടന്ന ആഫ്രോ ഏഷ്യൻ റൈറ്റേഴ്സ് കോൺഫറൻസിൽ പങ്കെടുത്ത ഇന്ത്യൻസംഘത്തിന്റെ ഭാഗമായി. കേരള സാഹിത്യ അക്കാദമിയുടെയും കലാമണ്ഡലത്തിന്റെയും ജനറൽ കൗൺസിലുകളിൽ അംഗമായിരുന്നു. 1985ൽ ആശാൻ പുരസ്കാരവും 1988ൽ വയലാർ അവാർഡും കേരള സാഹിത്യ അക്കാദമിയുടെ സമഗ്ര സംഭാവനാപുരസ്കാരവും നേടി. 1989 മുതൽ ജനയുഗത്തിന്റെ മുഖ്യ പത്രാധിപരായും പ്രവർത്തിച്ചു.

**തിരുനല്ലൂർ കരുണാകരന്റെ കവിതകൾ**

സൗന്ദര്യത്തിന്റെ പടയാളികൾ, പ്രേമം മധുരമാണ് ധീരവുമാണ്, റാണി, അന്തിമയങ്ങുമ്പോൾ, വയലാർ, താഷ്കെന്റ്, മലയാളഭാഷാപരിണാമം - സിദ്ധാന്തങ്ങളും വസ്തുതകളും, ഒരു മഹായുദ്ധത്തിന്റെ പര്യവസാനം തുടങ്ങിയവയാണ് പ്രധാന കൃതികൾ. കാറ്റേ നീ വീശരുതിപ്പോൾ എന്ന് തുടങ്ങുന്ന തിരുനെല്ലൂർ ഗാനം സാധാരണക്കാർക്ക് പോലും പരിചിതം. ദ്രാവിഡവൃത്തത്തിലുള്ള മേഘസന്ദേശവിവർത്തനവും കവിയുടെ മഹത്തായ സംഭാവനയാണ്.

> ഇന്ത്യൻ തത്വചിന്തയിലും മാർക്സിസം ഉൾപ്പെടെയുള്ള പാശ്ചാത്യ ചിന്താപദ്ധതിയിലും ഒരുപോലെ വ്യാപരിച്ച കവിയാണ് തിരുനല്ലൂർ

# ആനപ്രേമികൾക്ക്



കുട്ടികൾക്കും മുതിർന്നവർക്കുമെല്ലാം ഒരുപോലെ ആകർഷകമാവും വിധം മാറ്റങ്ങളോടെ തിരുവനന്തപുരം കാപ്പുകാടിനു സമീപമുള്ള കോട്ടൂർ ആന പുനരധിവാസകേന്ദ്രം സഞ്ചാരികൾക്കായി തുറന്നു.

176 ഹെക്ടറിലുള്ള കേന്ദ്രത്തിൽ 50 ആനകളെ അവയുടെ സ്വാഭാവിക ആവാസവ്യവസ്ഥയിൽ പാർപ്പിക്കാനുള്ള സൗകര്യങ്ങൾ, കുട്ടിയാനകൾക്കുള്ള പ്രത്യേക പരിചരണ കേന്ദ്രം, വെറ്റിനറി ആശുപത്രി, സന്ദർശകർക്കായി പാർക്കിംഗ്, കഫെറ്റീരിയ, ആനയൂട്ട് ഗ്യാലറി, ലോകത്തിലെ ആദ്യത്തെ ആന മ്യൂസിയം, പഠന ഗവേഷണ പരിശീലന കേന്ദ്രം എന്നിവ ഉൾക്കൊള്ളുന്നു.  ഈ പ്രദേശത്തേക്ക് 25 വർഷത്തെ ഗ്യാരണ്ടിയിൽ  1.7 കിലോമീറ്റർ കോൺക്രീറ്റ് റോഡും നിർിച്ചിട്ടുണ്ട്. നിലവിൽ 15 ആനയാണുള്ളത്. അതിൽ ഏഷ്യയിലെ ഏറ്റവും പ്രായമുള്ള സോമനുമുണ്ട്. കുറഞ്ഞ പ്രായം ആമിനയ്ക്കാണ്. മൂന്നരവയസ്സ് 300 ഏക്കർ വനഭൂമി ആനകളുടെ സ്വതന്ത്ര ആവാസവ്യവസ്ഥയ്ക്കായി ഒരുക്കിയിട്ടുണ്ട്.  വെറ്ററിനറി, ഫോറസ്റ്റ് കോളേജുകളിലെ വിദ്യാർഥികൾക്ക് ആനകളെ സംബന്ധിച്ച വിശദ പഠനത്തിനുള്ള ഇന്റേൺഷിപ്പിന് സൗകര്യമുണ്ടാകും. കേന്ദ്രത്തിലെ ആനകൾക്കു പുറമെ നാട്ടാനകൾക്കും ചികിത്സ നൽകാൻ പ്രത്യേക ആന ചികിത്സാകേന്ദ്രം, കഫ്റ്റീരിയ, വിപുലമായ പാർക്കിങ് സംവിധാനം, ടോയ്‌ലെറ്റ് സമുച്ചയം, ഒരു ലക്ഷം ലിറ്റർ ശുദ്ധീകരിച്ച ജലവും ശുദ്ധീകരിക്കാത്ത ജലവും സംഭരിക്കാൻ സംഭരണി, വൈദ്യുതി ഉറപ്പാക്കാൻ രണ്ടു സബ് സ്റ്റേഷൻ, കാട്ടാനകൾ കയറാതിരിക്കാൻ കേന്ദ്രത്തിനു ചുറ്റും മൂന്നേമുക്കാൽ മീറ്റർ ഉയരത്തിൽ ഉരുക്കുവേലി എന്നിവ ഒരുക്കിയിട്ടുണ്ട്. കേരള വനം വകുപ്പിന്റെ കീഴിൽ കിഫ്ബി ധനസഹായത്തോടെ പൂർത്തിയാക്കിയതാണ് ആന പുനരധിവാസ കേന്ദ്രം.

105 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ചതാണ് പദ്ധതി. വനം വകുപ്പ് മന്ത്രി എ.കെ. ശശീന്ദ്രനാണ് ആന പുനരധിവാസകേന്ദ്രം സന്ദർശകർക്കായി തുറന്നുകൊടുക്കുന്ന പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചത്. വനാശ്രിത സമൂഹത്തെയും വനാതിർത്തിയിൽ താമസിക്കുന്ന ജനവിഭാഗങ്ങളെയും ചേർത്തു നിർത്തുന്ന പദ്ധതികൾ നടപ്പാക്കുക എന്നത് രണ്ടാം പിണറായി സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണെന്ന് മന്ത്രി പറഞ്ഞു.■

# ആനന്ദമായി കോട്ടൂർ



License to Post without Prepayment
WPP License Number: KL/TV(N)WPP/216/2022/24

Date of Publication: **01.10.2024**
KERMAL2014/58028 Price: **12.00**
Reg. No. KL/TV(N)/660/2022-2024




VISIT **www.donation.cmdrf.kerala.gov.in** | TOGETHER WE REBUILD
Every Donation Counts

## Chief Minister's Distress Relief Fund Account

| No. | Bank | Account Number | IFSC Code |
|---|---|---|---|
| 1. | State Bank of India | **39251566695** | SBIN0070028 |
| 2. | South Indian Bank | **0721053000003020** | SIBL0000721 |
| 3. | Federal Bank | **10210100422271** | FDRL0001021 |
| 4. | HDFC Bank Ltd | **50100350210557** | HDFC0002485 |
| 5. | ICICI Bank | **626201089884** | ICIC0006262 |
| 6. | CSB Bank Ltd | **00 9603981212190001** | CSBK0000096 |
| 7. | Axis Bank | **920010023834712** | UTIB0000784 |
| 8. | Dhanalakshmi Bank | **003700100156782** | DLXB0000037 |
| 9. | IDBI Bank Ltd | **0889104000111454** | IBKL0000889 |
| 10. | Indian Overseas Bank | **009901000002020** | IOBA0000099 |
| 11. | Union Bank of India | **502902010900782** | UBIN0550299 |
| 12. | Canara Bank | **5842132000007** | CNRB0005842 |
| 13. | Kotak Mahindra Bank | **1815162037** | KKBK0009206 |
| 14. | Bank Of Baroda | **29860100006714** | BARB0PEROOR |
| 15. | Standard Chartered Bank | **43710072419** | SCBL0036099 |
| 16. | Kerala Gramin Bank | **40341101051311** | KLGB0040341 |
| 17. | IndusInd Bank | **159900002020** | INDB0001599 |
| 18. | Bank Of India | **853810110007599** | BKID0008538 |
| 19. | Punjab National Bank | **3301000104118534** | PUNB0330100 |
| 20. | Kerala Bank | **110110801000339** | KSBK0000101 |
| 21. | Central Bank of India | **5652206185** | CBIN0280937 |
| 22. | UCO Bank | **02880110077641** | UCBA0000288 |
| 23. | Indian Bank | **7839343398** | IDIB000P030 |
| 24. | Covid-TSB A/c (1475) | **799010100191475** | |
| 25. | Special Treasury Savings Bank | **799010100193172** | |

**This contribution is eligible for deduction under Section 80G of the Income Tax Act.**

**ജീവിതം വീണ്ടെടുക്കാൻ തകർന്നതെല്ലാം പടുത്തുയർത്താൻ നമുക്കും പങ്കുചേരാം**

നിങ്ങളുടെ സഹായം അർഹരായവരിലേയ്ക്ക് എത്താൻ തീർത്തും സുതാര്യവും ഓഡിറ്റിംഗിന് വിധേയവുമായ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകൂ.

https://www.facebook.com/CMOKerala #StandWithWayanad https://x.com/cmokerala

Printed and Published by T V Subhash IAS, Director, Information Public Relations Department of behalf of Government of Kerala and Printed at Akshra Offset, Thiruvananthapuram, Kerala. Published from Information Public Relations Department, Govt. of Kerala Government Secretariat, Thiruvananthapuram 695001. Editor: TV Subhash IAS